T61
E39
T61
E39

തുഞ്ചത്തെഴുത്തച്ഛന്റെ

# കർണ്ണപർവ്വം

## കിളിപ്പാട്ട്.

പ്രസാധകൻ,

കരമന, കെ. ശിവരാമകൃഷ്ണശാസ്ത്രി.

പ്രകാശകൻ,

പി. ഗോവിന്ദപിള്ള,

വി. വി. ബുക്കഡിപ്പോ,

ചാല,—തിരുവനന്തപുരം.

DEPOSITORY T. C. LIBRARY No. 3655 CANCELLED
2
p. 23.
T. 61
E39
DHARMARAM COLLEGE LIBRARY, BANGALORE. 4217
P. GOVINDA PILLAI, BOOK DEPOT, TRIVANDRUM CANCELLED

വി. വി. ബുക്കഡിപ്പൊ ഉടമസ്ഥനുവേണ്ടി
തിരുവനന്തപുരം
'ശ്രീധര' പ്രസ്സിൽ അച്ചടിച്ചതു്.
൧-ാംപതിപ്പു് കാപ്പി ൫൦൦.
൧൧൨൪.

# അവതാരിക.

"വെട്ടത്തുനാട്ടിൻനിത്യസൌഭാഗ്യസത്സിന്ദൂര-
പ്പൊട്ടപോലെഴുംതുഞ്ചൻപറമ്പെ! നമസ്കാരം.
കളഗാനത്തോടൊരുതത്തപ്പെൺമണി തത്തി-
ക്കളിച്ചതളിർച്ചെടിപടർപ്പേ! നമസ്കാരം
ചേണൊക്കുംപുതുമലയാണ്മതൻ മഹേശ്വരൻ
വാണരുളിയ പുണ്യക്ഷേത്രമേ! നമസ്കാരം"

ഉത്തമപുരുഷന്മാരുടെ അവതാരം അപൂർവമായിട്ടു മാത്രമാണു് ഉണ്ടാവുക. ജാതിമതങ്ങളോ മാതൃപിതൃമഹിമയൊ രാജ്യഗുരുത്വമൊ മഹാപുരുഷന്മാരുടെ ജനനത്തിന്ന ഹേതുവായി ഭവിക്കുന്നില്ല. വേദങ്ങൾ വിഭജിച്ച വേദവ്യാസർ മുക്കുവസ്ത്രീയുടെ മകനായിരുന്നു. ആദ്യം വലിയൊരു കൊള്ളക്കാരനായിരുന്നവനാണു് വാല്മീകിമഹർഷി. തമിഴ് സാഹിത്യത്തിലെ വേദമെന്നു വ്യവഹരിക്കപ്പെടുന്ന തിരുക്കുറൾ ചമച്ചതു വള്ളുവകുലത്തിൽ ജനിച്ച തിരുവള്ളുവരാണ്. തിരുവള്ളുവരുടെ സോദരിയായിരുന്നു ഔവ്വ. ഔവ്വ സരസ്വതിയുടെ അവതാരമാണെന്നല്ലൊ വിശ്വസിക്കപ്പെടുന്നത്. പറച്ചിപെററ 'പന്തിരുകുലത്തിൻെറ' മഹിമ വർണ്ണിക്കാവുന്നതാണോ? ചെങ്ങന്നൂരിൽ വെള്ളാളകുലത്തിൽ ജനിച്ച 'വിറൻമിണ്ടർ' ശിവഭക്തന്മാരിൽ ഉത്തംസമായിട്ടു ഗണിക്കപ്പെടുന്നു. ശൈവാഗ്രണിയായി ബ്രാഹ്മണരാലും പൂജിക്കപ്പെടുന്ന 'ഏനാതിനാതനായനാർ' ചാന്നാർവംശത്തിൽ അവതരിച്ച പുണ്യപുമാനായിരുന്നു. കല്ലയിൽകിടന്നാലും മണി മിന്നുക

തന്നെ ചെയ്യും. അതിന്നു ആരും അശുദ്ധി കല്പിക്കാറുമില്ല. രാജരാജന്മാരും അതു മുടിയിൽ അണിയാറുണ്ട്. ദാസീലമ്പടനായ ഒരു ബ്രാഹ്മണനായിരുന്നുവെന്നോ വിഡ്ഢിയായ ഇടയനായിരുന്നുവെന്നോ പറഞ്ഞാലും മഹാകവി കാളിദാസർ നികൃഷ്ടനായിത്തീരുന്നില്ല. അദ്ദേഹത്തിന്റെ കവിതക്കു ആരും കുറവു പറയാറുമില്ല. 'നന്ദനാരുടെ' കഥ ശിവസന്നിധിയിൽ മഹാബ്രാഹ്മണർ ശിവരാത്രിദിവസവും ഗാനം ചെയ്യുന്നുണ്ട്.

"ഗുണാഃ പൂജാസ്ഥാനംഗുണിഷുനചലിംഗംനചവയഃ" എന്നു മഹാകവി ഭവഭൂതി പറയുന്നതു തുലോം പരമാൎത്ഥമാണു്.

മഹാകവി തുഞ്ചത്തുഎഴുത്തച്ഛൻ നമ്പൂരിയുടെയോ നായരുടെയോ പട്ടരുടെയോ ചക്കാലയുടെയോ മകനായി ജനിക്കയൊ ജനിച്ചതായി വിശ്വസിക്കുകയൊ ചെയ്താലും ആൎക്കും ഒരു കുറവുണ്ടാവാൻ തരമില്ല. വാസ്തവം ആലോചിക്കുമ്പോൾ ലോകത്തിൽ ഒരു ജാതിക്കും മതത്തിനും ഉൽക്കൎഷവും, മറെറാരുജാതിക്കും മതത്തിനും അപകൎഷവും ഇല്ലതന്നെ. ലോകയാത്രയ്ക്കു എല്ലാ ജാതിയും മതവും ഏതൊരു വ്യക്തിയും ആവശ്യമായിട്ടുള്ളതാണു്. നിസ്സാരമായി ഗണിക്കപ്പെടുന്ന ഉറുമ്പും മഹാസാരനായിക്കരുതപ്പെടുന്ന മനുഷ്യനും സൃഷ്ടിയിൽ അതതു ഭാഗം വഹിക്കേണ്ടിയിരിക്കയും ഇരുപദാൎത്ഥങ്ങളിലും ഈശ്വരചൈതന്യം ഒന്നുപോലെ പ്രതിബിംബിക്കയും ചെയ്യുമ്പോൾ ലോകത്തിൽ അപകൃഷ്ടനാരു്, ഉൽകൃഷ്ടനാരു്?

ഇത്രയെല്ലാം പറയേണ്ടിവന്നതു് എഴുത്തച്ഛൻ ചക്കാലനായരായിരുന്നുവെന്നു ഐതിഹ്യാവലംബികളു

ചിലരും, അദ്ദേഹം അങ്ങനെ ആയിരിക്കാൻ തരമില്ലെന്നും ഉത്തമജാതിജാതനായിരുന്നുവെന്നു മററുചിലരും ശുഷ്കവാദംചെയ്തു വൃഥാ സമയം കളയുന്നതിനാലാകുന്നു.

## എഴുത്തച്ഛന്റെ ജനനത്തെപ്പററിയുള്ള ഐതിഹ്യം.

വടക്കെ മലയാളത്തുകാരനായ ഒരു മലയാളബ്രാഹ്മണൻ തിരുവനന്തപുരത്തുനിന്നും മടങ്ങുന്നവഴി രാത്രി അസമയത്ത് വെട്ടത്തുനാട്ടിൽ വന്നുചേരുകയും അന്നു അടുത്തുണ്ടായിരുന്ന ഒരു ചക്കാലയുടെ വീട്ടിൽ രാത്രി കഴിച്ചുകൂട്ടാൻ നിശ്ചയിച്ച് താമസിക്കയും ചെയ്തുവത്രെ. ആ ഗൃഹത്തിലെ താമസക്കാർ ഒരു വൃദ്ധയും യൌവനപ്രായത്തിലെത്തിയ അവരുടെ മകളുമായിരുന്നു. രാത്രിയിൽ ആ ബ്രാഹ്മണൻ കൂടക്കൂടെ ഗൃഹത്തിനു പുറമെ ഇറങ്ങി നക്ഷത്രങ്ങൾ നോക്കി എന്തോ ചിന്തിക്കുകയും വീണ്ടും ശയ്യയിൽചെന്നു കിടക്കുകയും വീണ്ടും പുറമെ ഇറങ്ങി വരികയും ചെയ്തിരുന്നതു യുവതിയായ ചക്കാലസ്ത്രീ കണ്ടു് ആ നമ്പൂരിയുടെ അസ്വാസ്ഥതയ്ക്കു കാരണമെന്തെന്നു അന്വേഷിച്ചപ്പോൾ, വിശിഷ്ടനായ ഒരു പുത്രൻ ജനിക്കാനുള്ള അവസരം വ്യർത്ഥമാകുന്നതു് വിചാരിച്ച് ഖേദിക്കയാണെന്നുള്ള അഭിപ്രായത്തെ ആ ബ്രാഹ്മണൻ വെളിപ്പെടുത്തി. ചക്കാലയുവതിയുടെ ആഗ്രഹത്തിനു വഴിപ്പെട്ടു് ആ ബ്രാഹ്മണൻ അവൾക്കു് ആ വിശിഷ്ടസന്താനം നൽകുകയും ചെയ്തുപോൽ.

ശാപംനിമിത്തം മനുഷ്യനായി ജനിച്ച ഒരു ഗന്ധർവനാണു് എഴുത്തച്ഛനെന്നു ചിലർ പറഞ്ഞുവരുന്നുണ്ടു്. അദ്ദേഹം മഹാഭാരതയുദ്ധം കണ്ടിട്ടുണ്ടെന്നും

'വാരണവീരൻ തലയററു വില്ലററു
വീരൻ ഭഗദത്തൻ തൻെറ തലയററു
നാലാമതാനതൻ വാല്യമരിഞ്ഞിട്ടു
കോലാഹലത്തോടു പോയിതു ബാണവും'

എന്നു ദ്രോണപർവ്വത്തിൽ ഭഗദത്തവധത്തിൽ കാണുന്ന ഭാഗം എഴുത്തച്ഛൻ ഭാരതയുദ്ധം പ്രത്യക്ഷമായി ദർശിച്ചു വർണ്ണിച്ചിട്ടുള്ളതാണെന്നു ശ്രീകൃഷ്ണഭഗവാൻ വില്വമംഗലത്തു സ്വാമിയാരോടു പറഞ്ഞിട്ടുണ്ടെന്നും ഐതിഹ്യം ഉണ്ടു്. മഹാപുരുഷന്മാരുടെ അവതാരത്തിൽ അമാനുഷികങ്ങളായ പല സംഗതികളും ഘടിപ്പിക്കുക സർവ്വലോകസാധാരണമായതിനാൽ ഈ ഭാഗങ്ങളെല്ലാം എഴുത്തച്ഛൻെറ മഹിമാവേദകങ്ങളാണെന്നുമാത്രം നമുക്കു ഗ്രഹിച്ചാൽ മതിയാകുന്നതാണു്. എഴുത്തച്ഛൻ ഏതു വംശത്തിൽ ജനിച്ചാലും അദ്ദേഹം സാധാരണക്കാരനായിരുന്നില്ലെന്നുള്ളതു് നിശ്ചയമാകുന്നു.

<u>ബാല്യം</u>:—എഴുത്തച്ഛൻെറ മാതാവാരായിരുന്നുവെന്നൊ പിതാവാരായിരുന്നുവെന്നോ നിശ്ചയിക്കുന്നതിൽ ഐതിഹ്യംമാത്രമെ ശരണമായിട്ടുള്ളുവെങ്കിലും അദ്ദേഹത്തിൻെറ ബാല്യജീവിതം ശോഭനമായിരുന്നുവെന്നു ഊഹിക്കാം. തെക്കെ മലയാളത്തിൽ വെട്ടത്തു നാട്ടിലെ തൃക്കണ്ടിയൂർ ആയിരുന്നു അദ്ദേഹത്തിൻെറ ജന്മഭൂമി എന്നു വിശ്വസിക്കപ്പെട്ടുവരുന്നു. 'തുഞ്ചൻ' പറമ്പെന്നു പേരായി ഇപ്പോഴും അവിടെ ഒരു പറമ്പുണ്ടു്. അതു ഒരു പുണ്യഭൂമിയാണെന്നാകുന്നു മലയാളികളുടെ വിശ്വാസം. സംസ്കൃതം, തമിഴ്, മലയാളം ഈ ഭാഷകളിൽ എഴുത്തച്ഛൻ പ്രഗത്ഭമായ പാണ്ഡിത്യം ബാല്യകാലത്തുതന്നെ

സമ്പാദിച്ചതായി ഊഹിക്കാൻ വഴിയുണ്ട്. തൃക്കണ്ടിയൂർ അമ്പലത്തിൽ വേദാദ്ധ്യയനം ചെയ്യുന്ന നമ്പൂരിമാർ സ്വരത്തിൽ പിഴച്ചുപോയതുകണ്ടു എഴുത്തച്ഛൻ 'കാട്ട് കാട്ട്' എന്നു പറഞ്ഞുവന്നിരുന്നുവെന്നും നമ്പൂരിമാർ എഴുത്തച്ഛന്റെ അപാരമായ ബുദ്ധിവൈഭവം ഗ്രഹിച്ച് അദ്ദേഹത്തെ ദുർമ്മന്ത്രത്താൽ മന്ദബുദ്ധിയാക്കിത്തീർത്തുവെന്നും കേട്ടുവരുന്ന ഐതിഹ്യം വിലയുള്ളതോ അല്ലാത്തതോ ആകട്ടെ, തന്റെ ചക്കിൽ 'നാലും ആറും' ആട്ടും എന്നു നമ്പൂരിമാരുടെ പരിഹാസത്തിനു പകരം അദ്ദേഹം പറഞ്ഞതായി കേൾവിയുള്ളതും അയഥാർത്ഥമാകട്ടെ, അദ്ദേഹം വേദവേദാംഗാദിപാരംഗതനായ ഒരു അമാനുഷപുരുഷനായിരുന്നുവെന്നുവേണം നിശ്ചയിപ്പാൻ. ശൂദ്രക്ക് അക്കാലത്തു വേദാദ്ധ്യയനം നടപ്പില്ലായിരുന്നതിനാൽ ബ്രഹ്മപാദജനെന്നു സ്വയം സമ്മതിക്കുന്ന അദ്ദേഹം വേദം അഭ്യസിച്ചതു് എങ്ങനെയെന്ന ശങ്കയുണ്ടാകാം. അടുത്തു നമ്പൂരിമാരുടെ ഇല്ലങ്ങളും അമ്പലങ്ങളും ധാരാളമുണ്ടായിരുന്നതിനാൽ കുശാഗ്രബുദ്ധിയായ അദ്ദേഹം നമ്പൂരിമാർ വേദം ചൊല്ലുന്നതുകേട്ടു ഗ്രഹിച്ചുവെന്നേ വിചാരിക്കാൻ വഴിയുള്ളു. താൻ വേദശാസ്ത്രങ്ങൾക്കധികാരിയല്ലെന്നു' രാമായണത്തിലും ഭാരതത്തിലും പറയുമ്പോൾ അദ്ദേഹം വേദശാസ്ത്രാദികളിൽ വിചക്ഷണനായിത്തീർന്നതു ദിവ്യത്വം കൊണ്ടാണെന്നു പലരും വിശ്വസിക്കുന്നു. സ്വദേശത്തുള്ള വിദ്യാഭ്യാസം കഴിഞ്ഞു് എഴുത്തച്ഛൻ വിദേശങ്ങളിൽ വിശേഷിച്ചും തമിഴനാടുകളിൽ കുറച്ചുകാലം സഞ്ചരിച്ചിരുന്നതായി വിചാരിക്കാൻ വഴി കാണുന്നുണ്ട്. അദ്ദേഹത്തിന്റെ വിദേശവാസം ബുദ്ധിവികാസത്തിനും മനു

പരിപാകത്തിനും കാരണമായിത്തീൎന്നു. അന്നു ദക്ഷിണാപഥത്തിൽപ്രചരിച്ചിരുന്ന 'രാമാനുജ' മതത്തിൽ എഴുത്തച്ഛന്റെ ദൃഷ്ടി പതിയാനിടയായതിൽ അത്ഭുതമില്ല. ഉപാസിക്കാൻ വൈഷമ്യമുള്ളതുകൊണ്ടു് അദ്വൈതവും ഏകത്തിൽനിന്നും ദ്വിധാ പിരിഞ്ഞു ചെല്ലുന്നതിനാൽ ദ്വൈതവും അന്നു ജനങ്ങൾക്കു ആകൎഷണീയമായി ഭവിച്ചിരുന്നില്ല. സൎവ്വജീവികളേയും സമഭാവനയോടെ വിചാരിച്ചു് എല്ലാം ജനങ്ങളേയും സ്വമതത്തിൽ ചേൎത്തിരുന്ന രാമാനുജന്റെ വിശിഷ്ടാദ്വൈതത്തിൽ ജനങ്ങൾക്കു് അഭിരുചി വൎദ്ധിച്ചിരുന്നു. എഴുത്തച്ഛനു് അതിൽ പക്ഷപാതം ഉണ്ടായി. എഴുത്തച്ഛന്റെ കൃതികൾ വൈഷ്ണവങ്ങളായതും ഈ കാരണംകൊണ്ടുതന്നെയായിരിക്കാം. എഴുത്തച്ഛന്റെ കൃതികളെന്നു സൎവ്വസമ്മതങ്ങളായ രാമായണവും ഭാരതവും വിശിഷ്ടാദ്വൈതപരമായി കാണുന്നതും വിസ്മരിക്കാവുന്നതല്ല. രാമാനുജനെന്ന പേരു് എഴുത്തച്ഛനു ലഭിച്ചതും തന്നിമിത്തമായിരിക്കണം.

<u>എഴുത്തച്ഛന്റെ ഗുരുജനങ്ങൾ, സമകാലികന്മാർ മുതലായവർ.</u>—ചില ഗ്രന്ഥകാരന്മാരും കവികളും സ്വകൃതികളിൽ അവരുടെ ജീവിതചരിത്രം സംക്ഷിപ്തമായിട്ടെങ്കിലും ചേൎക്കാറുണ്ടെങ്കിലും എഴുത്തച്ഛനെ സംബന്ധിച്ചിടത്തോളം ഈ നയം യോജിച്ചു കാണാറില്ല. രാമായണം ഒന്നിൽനിന്നു മാത്രമേ എഴുത്തച്ഛനെക്കുറിച്ചു ചിലതെല്ലാം നാം ഗ്രഹിക്കുന്നുള്ളു.

'അഗ്രജൻ മമ സതാം വിദുഷാമഗ്രേസരൻ
മൽഗ്ഗുരുനാഥനനേകാന്തേവാസികളോടും
ഉൾക്കുരുന്നിങ്കൽ വാഴുക രാമനാമാചാൎയ്യനും
മുഖ്യന്മാരായ ഗുരുഭൂതന്മാർ മററുള്ളോരും'

എന്ന പദ്യപംക്തിയിൽനിന്നും എഴുത്തച്ഛൻ രാമനെ നുതപരായ ഒരു ജ്യേഷ്ഠൻ ഉണ്ടായിരുന്നുവെന്നും അദ്ദേഹം എഴുത്തച്ഛന്റെ ഗുരുനാഥനായിരുന്നുവെന്നും പലരും ഊഹിക്കുന്നു. രാമാനുജനെന്ന പേരു തന്നിമിത്തമാണെന്നു ചിലർ അഭിപ്രായപ്പെടുന്നുണ്ട്. എന്നാൽ ചിലർ അഗ്രജനും രാമാചാര്യനും വേറെ ആളുകളായിരുന്നുവെന്നും പറയാറില്ലെന്നില്ല. എഴുത്തച്ഛനു വേറെയും പല ഗുരുനാഥന്മാരുമുണ്ടായിരുന്നുവെന്നു "മുഖ്യന്മാരായ ഗുരുഭൂതന്മാർ.........രും" എന്ന ഭാഗത്തിൽനിന്നും മനസ്സിലാക്കാം.

ഹരിനാമകീർത്തനത്തിൽ

'അൻപേണമെന്മനസി ശ്രീനീലകണ്ഠഗുരു-
വംശോരുഹാക്ഷമിതിവാഴ്ത്തുന്നുഞാനുമിഹ'

എന്ന ഭാഗം കാണുന്നതിനാൽ എഴുത്തച്ഛനു 'ശ്രീനീലകണ്ഠൻ' എന്ന ഒരു ഗുരുക്കുട്ടിയുണ്ടായിരുന്നുവെന്നു ചിലർ പറയുന്നുണ്ട്. ഈ നീലകണ്ഠൻ എഴുത്തച്ഛന്റെ പിതാവായ നമ്പൂരിയായിരിക്കാമെന്നും ഗോവിന്ദപ്പിള്ള സർവ്വാധികാര്യക്കാർ ഊഹിക്കുന്നു. മേപ്പത്തൂർ ഭട്ടതിരിപ്പാടിലെ സമകാലികനായി ഒരു നീലകണ്ഠകവിയുണ്ടായിരുന്നു.

'ശ്രൂയതേ നീലകണ്ഠാഖ്യോ രാജഹംസശ്ചരാജതേ
കഃകോലജ്ഞതിനൊ ജാനെ വാർഷികസ്സാരസൊപിവാ'

എന്ന പ്രസിദ്ധശ്ലോകത്തിൽ സ്മൃതനായ നീലകണ്ഠകവി അദ്ദേഹമാണെന്നും ചെല്ലൂരനാഥോദയം മുതലായ കൃതികളുടെ കർത്താവ് പ്രസ്തുതനീലകണ്ഠകവി ആയിരിക്കാമെന്നും കേരളഭാഷാസാഹിത്യചരിത്രകാരൻ ശ്രീമാൻ

നാരായണപ്പണിക്കർ വിചാരിക്കുന്നുണ്ടു്. രാമായണം, ഭാരതം ഈ കൃതികൾപോലെ ഹരിനാമകീർത്തനം എഴുത്തച്ഛന്റെ കൃതിയായിരിക്കാമെന്നു് ഇനിയും തീർത്തു പറവാൻ വഹിയാ. അതുകൊണ്ടു വേറെ തെളിവുകൾ ലഭിക്കുന്നതുവരെ, 'നീലകണ്ഠൻ' എഴുത്തച്ഛന്റെ ഗുരുവായിരുന്നുവെന്നുള്ള സംഗതിക്കു പ്രാമാണ്യം നൾകാവുന്നതല്ല. ഭാഷാചരിത്രകാരൻ പറയുംപോലെ നാരായണഭട്ടതിരിയുടെ യൌവനകാലത്തു എഴുത്തച്ഛൻ മദ്ധ്യമപ്രായത്തിലെത്തിയതായി ഗണിക്കപ്പെട്ടാൽ, എഴുത്തച്ഛനു ഭട്ടതിരിയുടെ സമകാലികനായ നീലകണ്ഠൻ ഗുരുവാകാമോ എന്നു ആലോചിക്കേണ്ടതുമാണു്. എന്നാൽ ഭട്ടതിരിയുടെ സമപ്രായമോ അഥവാ, ഭട്ടതിരിയിൽനിന്നും പ്രായം കുറവോ മാത്രമേ എഴുത്തച്ഛനു കാണാനിടയുള്ളു. അദ്ദേഹം കോട്ടയം കേരളവർമ്മതമ്പുരാനു അടുത്തു മുമ്പായി ജീവിച്ചിരിക്കണമെന്നു ഉപരി സ്ഥാപിക്കുന്നുണ്ടു്.

'മനക്കോട്ടവാഴും മഹാമാനശാലി
മനക്കാമ്പിലേററം കൃപാവാരിരാശി
എനിക്കാശ്രയം ബാലരാമാഭിധാനൻ
നിനയ്ക്കുന്നതെല്ലാം വരുത്താൻകരുത്തൻ
കലാവിദ്യകൾക്കേകമാധാരഭൂതൻ
കലാചാരഭേദം ഗ്രഹിക്കുന്നവിദ്വാൻ
മനക്കോടനാഥാനുജൻ ബാലരാമൻ
മനോജ്ഞസ്വരൂപൻ ജയിക്കേണമേററം'

എന്നു ശിവപുരാണത്തിൽ കാണുന്നതുകണ്ടു ഭാഷാചരിത്രകാരൻ എഴുത്തച്ഛന്റെ രക്ഷകനായി മനക്കോട്ടു ബാലരാമനെ കല്പിക്കുന്നു. എഴുത്തച്ഛന്റെ കൃതികളായി സർവ്വാംഗീകൃതങ്ങളായ രാമായണവും ഭാരതവും പരിചയി

No. 3655

ച്ചിട്ടുള്ള ഒരുവൻ സരസ്വതി ചെയ്യുന്ന ഒരു സാധാരണക്കാരനാണ് അദ്ദേഹമെന്നു പറയുമോ എന്നു സംശയമാണ്. ശിവപുരാണം നമ്പ്യാരുടേയോ താദൃശനായ മററതെങ്കിലും കവിയുടേയോ കൃതിയായിരിക്കാമെന്നാണ് സഹൃദയന്മാരായ പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നത്.

മേപ്പത്തൂർ നാരായണഭട്ടതിരി എഴുത്തച്ഛൻെറ സമാനകാലികനായിരുന്നുവത്രെ. തൃക്കണ്ടിയൂരോ തിരുനാവായോ വെച്ച് എഴുത്തച്ഛനും ഭട്ടതിരിപ്പാടും തമ്മിൽ കാണാനിടവന്നുവെന്നും ഭട്ടതിരിപ്പാട് എഴുത്തച്ഛനെ അമ്പലപ്പുഴ രാജാവുമായി പരിചയപ്പെടുത്തിയെന്നുമാണ് ഐതിഹ്യം.

ജീവിതകാലം.

‘കൊട്ടാരക്കര കോട്ടയത്തരചരും കൊല്ലരുമുണ്ണായിയും
കൂട്ടക്കാരവരൊത്തു തൊട്ട തിലകപ്പൊട്ടാമെഴുത്തച്ഛനും’

എന്നു എഴുത്തച്ഛന്ന കവിതിലകസ്ഥാനം കൊടുക്കുന്ന കേരളകൌമുദീകർത്താവ് എഴുത്തച്ഛൻെറ ജീവിതകാലത്തെപ്പററി താഴെപ്പറയുംപ്രകാരം പ്രസ്താവിക്കുന്നുണ്ട്.

‘ഏകദേശം കൊല്ലം ൭൦൦-ാമാണ്ടിൻെറ മദ്ധ്യെ ഉത്ഭവിച്ചവരും ഈ കേരളസന്തതികൾക്ക് ഈശ്വരകഥാശ്രവണപാഠാദിസുകൃതസമ്പാദ്യത്തിന്നൊരു പെരുവഴിയെത്തുറന്നുതന്നവരുമായ തുഞ്ചത്തു ഗുരുക്കൾ, അദ്ധ്യാത്മരാമായണം മുതലായ അനേകം സംസ്കൃതപുസ്തകങ്ങളെ മണിപ്രവാളത്തിൽ പരിഭാഷപ്പെടുത്തി നടപ്പാക്കിയ മുതൽക്കു, മലയാളികളിൽ സംസ്കൃതജ്ഞാനവും നമ്മുടെ ഭാഷക്കു പരിഷ്കാരവും വളൎന്നുവന്നു.’

കൊച്ചുണ്ണി നെടുങ്ങാടിയുടെ ഈ അഭിപ്രായം സാധുവല്ലെന്ന ഭാഷാചരിത്രകാരനായ ഗോവിന്ദപ്പിള്ള സർവ്വാധികാര്യക്കാർ പറയുന്നതു ശരിയാണെന്നുവേണം വിചാരിപ്പാൻ. എഴുത്തച്ഛനും മേപ്പത്തൂർ ഭട്ടതിരിപ്പാടും സമകാലികന്മാരാണെന്നുള്ളതു സർവ്വസമ്മതമാണ്. നാരായണഭട്ടതിരിയുടെ ജീവിതകാലം കൊല്ലം എട്ടാംശതവർഷത്തിന്റെ ദ്വിതീയാർദ്ധത്തിലായിരുന്നുവെന്ന് അദ്ദേഹത്തിന്റെ കൃതികൾകൊണ്ടു് തീർച്ചപ്പെട്ടിട്ടുള്ളതിനാൽ എഴുത്തച്ഛന്റെ ജീവിതകാലം എട്ടാംശതവർഷത്തിന്റെ ദ്വിതീയാർദ്ധത്തിൽതന്നെ ആയിരിക്കണം. എഴുത്തച്ഛന്റെ വാർദ്ധക്യകാലത്തു് ഭട്ടതിരിക്കു യൌവനപ്രായമായിരുന്നുവെന്ന് പറയുന്നതു ശരിയാണെങ്കിൽ എഴുത്തച്ഛൻ കൊല്ലം ൭൦൦-നും ൮൦൦-നും മദ്ധ്യേ ജീവിച്ചിരുന്നുവെന്ന് നിശ്ചയിക്കാം. എന്നാൽ ഈ അഭിപ്രായം സാധുവാണൊ എന്നു ചിന്തിക്കേണ്ടതാകുന്നു.

കോട്ടയം കേരളവർമ്മതമ്പുരാന്റെ ഭാഷാരാമായണഗാനം ബാലകാണ്ഡത്തിൽ താഴെ പറയുന്ന ഭാഗംകാണുന്നതു് ഈ അവസരത്തിൽ സ്മരണീയമായിട്ടുണ്ടു്.

'പലരും പലവിധം ഭാഷയിൽചൊല്ലുന്നുണ്ടു
ഫലമെന്തതിലേററമിതിലെന്നതും ചൊല്ലാം
മൂലത്തിലുള്ള കഥയൊട്ടുമെയൊഴിയാതെ
ചാലവെ പറവൻ ഞാൻ ഗ്രന്ഥവിസ്തരത്തോടെ.
ശബ്ദാർത്ഥാലങ്കാരങ്ങൾ പാരമായി ദീക്ഷിച്ചില്ല,
ശ്രദ്ധമായുള്ള പൊരുൾ മൂഢർക്കുതിരിയുമാ-
റവധവൈശദ്യമായി ചൊല്ലുവൻമടിയാതെ'

കേരളവർമ്മതമ്പുരാന്റെ കാലത്തു എഴുത്തച്ഛന്റെ രാമായണത്തിനു കേരളത്തിൽ പ്രസിദ്ധിയുണ്ടായിക്കഴി

ഞ്ഞിരിക്കണം. 'ചൊല്ലുന്നുണ്ടു്' എന്ന വത്തമാനകാലപ്രയോഗം അടുത്തകാലത്തു നിമ്മിതമായ രാമായണത്തെ പരാമർശിക്കാനേ ഇടയുള്ളു. രാമചരിതവും കണ്ണശ്ശരാമായണവും എഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണമെന്നപോലെ ശബ്ദാത്ഥാലങ്കാരങ്ങൾ ഒന്നുപോലെ ദീക്ഷിക്കപ്പെട്ടിട്ടുള്ള കൃതികളാണെന്നു പറവാൻ കഴിയുമെന്നു തോന്നുന്നില്ല. 'തമിഴായി' അറിയിക്കപ്പെടുന്ന മററു രാമായണങ്ങളെ അപേക്ഷിച്ച് വടക്കൻകോട്ടയത്തിൽ അദ്ധ്യാത്മരാമായണത്തിനു പ്രചാരം ഉണ്ടായിരിക്കാമെന്നു വിചാരിക്കുന്നതിൽ അസാംഗത്യമുണ്ടാവുമെന്നും തോന്നുന്നില്ല. ഈ കാരണങ്ങളാൽ ഉമയമ്മറാണിയുടെ കാലത്തു ജീവിച്ചിരുന്ന കേരളവമ്മതമ്പുരാനു അധികം മുമ്പെയല്ലാതെ അതായതു കൊല്ലം എട്ടാംശതകത്തിന്റെ അന്തിമപാദത്തിലൊ ഒൻപതാംശതകത്തിന്റെ ആദിയിലൊ അദ്ധ്യാത്മരാമായണം ഉണ്ടാക്കപ്പെട്ടുവെന്നു അഌഹം ചെയ്യരുതോ? രാമായണംഇരുപത്തിനാലുവൃത്തവും ആരുടെ കൃതിയായാലും കേരളവമ്മതമ്പുരാനു മുമ്പിലുണ്ടായിരിക്കണം. ശ്രീമാൻ പണിക്കർ പറയുംപോലെ എഴുത്തച്ഛൻ എട്ടാംശതകത്തിന്റെ ഒടുവിലും ഒൻപതാംശതകത്തിന്റെ ആദിയിലും ജീവിച്ചിരിക്കാമെന്നാണു് ഇതു കൊണ്ടുവന്നുകൂടുന്നതു്. ഈ സ്ഥിതിക്കു ഹരിനാമകീത്തനം എഴുത്തച്ഛന്റെ കൃതിയായിരിക്കാമെങ്കിൽ അതിൽ സ്മരിക്കപ്പെടുന്ന നീലകണ്ഠൻ എഴുത്തച്ഛന്റെ ഗുരുവായിത്തീരുന്നതിൽ വൈഷമ്യങ്ങളുണ്ടാവുകയില്ല. എന്നാൽ അദ്ധ്യാത്മരാമായണത്തിൽ ഈ നീലകണ്ഠൻ എന്തുകൊണ്ടു സ്മരിക്കപ്പെടുന്നില്ല. എഴുത്തച്ഛന്റെ പ്രധാനഗുരു ജ്യേഷ്ഠൻ രാമാചാര്യൻ തന്നെയായിരിക്കാം.

ഭട്ടതിരിപ്പാട്ടു തുടങ്ങിയവരും എഴുത്തച്ഛന്റെ പലവിധത്തിൽ ഗുരുഭൂതന്മാരായി ഭവിച്ചതിനാലായിരിക്കാം.

'മുഖ്യന്മാരായ ഗുരുഭൂതന്മാർ മററുള്ളോരും'

എന്നും അദ്ധ്യാത്മരാമായണത്തിൽ എഴുത്തച്ഛൻ പറയുന്നതു്. മപ്പത്തൂർ ഭട്ടതിരി എഴുത്തച്ഛന്റെ സമകാലികനെന്നപോലെ ഗുരുവുമായിരുന്നുവെന്നാണു് ചിലരുടെ അഭിപ്രായം.

എഴുത്തച്ഛന്റെ കവിത:—ശ്രുതിമധുരമായ ശബ്ദഘടന, അക്ലിഷ്ടമായ പ്രാസവിലാസം, പ്രസന്നമായ പ്രതിപാദനപാടവം, രമണീയമായ ആശയപൌഷ്കല്യം, ധാരാവാഹിയായ പദാർത്ഥഗുംഫനം, രസം കളിയാടുന്ന കവിതാരീതി, ചമൽക്കാരകാരിയായ അലങ്കാരരചന, സർവ്വോപരി ഹൃദയദ്രവീകരണശക്തമായ ഭക്തിരസത്തഴപ്പു് മുതലായവയാകുന്നു എഴുത്തച്ഛന്റെ കൃതികളിൽ കാണുന്ന പ്രധാനഗുണങ്ങൾ. കവിത ഒരു കവിയുടെ ഭാവനാഗതികളുടെ പ്രതിബിംബമാകുന്നു. നമ്പ്യാരുടെ തുള്ളലുകളിൽനിന്നും അദ്ദേഹം ഭോജനപ്രിയനും പരിഹാസപടുവും തുറന്നു പറയുന്നവനും വാഗ്മിയായാലും അധികം വചിക്കുന്നവനും സാധാരണക്കാരുടെ ഇടയിൽ നിത്യം പരിചയിക്കുന്നവനും മററുമാണെന്നു മനസ്സിലാക്കാം. നമ്പ്യാർ എപ്പോഴും ഒരു കേരളീയനായ മലയാളിയായിട്ടു സ്വഭാവിതയെ അവതരിപ്പിക്കുന്നു. തന്റെ രക്ഷകന്മാരെ വർണ്ണിക്കുന്നതിനും സ്തുതിക്കുന്നതിനും നമ്പ്യാർക്കു മടിയില്ല. വർണ്ണനയിൽ പലപ്പോഴും ദേശകാലാദിഭ്രമം പോലും പററാറുണ്ടു്. വല്ലതും സന്ദർഭം ഉണ്ടാക്കി ഏതു ജാതിക്കാരേയും മുഖം നോക്കാതെ അധിക്ഷേ

പിക്കാൻ പ്രത്യേകം വിരുതുള്ള കവിയാകുന്നു നമ്പ്യാർ. എന്നാൽ എഴുത്തച്ഛന്റെ കവിതാസംപ്രദായം ഇതൊന്നുമല്ല. എഴുത്തച്ഛൻ മലയാളിയാണെന്നു വായനക്കാർ ധരിക്കുന്നതു മലയാളഭാഷയിൽ അദ്ദേഹം കവിതയെഴുതിയതുകൊണ്ടാണ്. ആത്മപ്രത്യയവും തന്റേടവും എഴുത്തച്ഛനു വേണ്ടപോലെ ഉണ്ട്. പ്രസംഗവശാൽ ഭഗവദ്ഗുണങ്ങളെ കീർത്തിച്ചു ലോകരെ ഭക്തിമാർഗ്ഗത്തിൽ നയിക്കണമെന്നല്ലാതെ ആരെയും പരിഹസിപ്പാനും അധിക്ഷേപിക്കാനും ആ മഹാകവി മുതിരുന്നില്ല. 'മിതംച സാരംച വചോഹി വാഗ്മിതാ'എന്ന തത്വം നല്ലവണ്ണം മനസ്സിലാക്കിയ കവിയാകുന്നു എഴുത്തച്ഛൻ.

'ഗ്രന്ഥഗ്രന്ഥിരിഹകചചിൽ കചചിദപിന്യാസി
പ്രയത്നാന്മയാ
പ്രാജ്ഞംമന്യമനാ ഹഠേനപഠിതീ മാസ്മിൻ
ഖലഃ ഖേലതു'

എന്നു പറയുന്ന ശ്രീഹർഷകവിയെപ്പോലെയൊ

'കുറവും കുററവും നോക്കിപ്പറവാനുണ്ടൊരുകൂട്ടം
തുരകണ്ണും മിഴിച്ചങ്ങു മരുഭാഗെ വസിക്കുന്നു'

എന്നു പറയുന്ന നമ്പ്യാരെപ്പോലെയൊ എഴുത്തച്ഛനു അഭിമാനങ്ങളലൊ ഇതരവിദ്വേഷമൊ ലേശവും ഇല്ല. കവിതാകരണത്തിൽ ആത്മപ്രത്യയം ഉണ്ടെങ്കിലും അതു പുറമെ കാണിക്കാതെ മഹാവിനീതനായി സ്ഥിതിചെയ്യുന്ന കവിയാകുന്നു അദ്ദേഹം.

'അജ്ഞാനിനാമാദ്യനായുള്ളോരു ഞാൻ' എന്നു പറയുന്ന എഴുത്തച്ഛന്റെ മനോഗതി 'മന്ദഃ കവിയശഃ

പ്രാത്ഥീ ഗമിഷ്യാമ്യുപഹാസ്യതാം' എന്നു വിചാരിക്കുന്ന കാളിദാസകവിയിൽ മാത്രമാണു് നാം കണ്ടിട്ടുള്ളതു്". സ്വയം ഏററവും താഴെയായ അജ്ഞശിരോമണിയെന്നു അഭിമാനിച്ചിരുന്നതുകൊണ്ടാകുന്നു എഴുത്തച്ഛൻ ഇതുവരെയുണ്ടായിട്ടുള്ള ഭാഷാകവികളിൽ ശിരോമണിസ്ഥാനവും പരമോൽക്കർഷവും അവകാശപ്പെട്ടിട്ടുള്ളതു്.

'വാരിജജാതഭവമുഖവാരിജവാസേ ബാലേ!
വാരിധിതന്നിൽ തിരമാലകളെന്നപോലെ
ഭാരതിപദാവലി തോന്നേണം കാലേ കാലേ
പാരാതെ സലക്ഷണം മേന്മേൽ മംഗലശീലേ!'

എന്ന പ്രാത്ഥനയെ സരസ്വതീദേവി സസന്തോഷം സ്വീകരിച്ചു ആ മഹാകവിയെ പൂൎണ്ണമായി അനുഗ്രഹിക്കതന്നെചെയ്തു; അല്ലെങ്കിൽ,

'ചൊല്ലിനാനെത്രയും നല്ല മധുരമായ്
വല്ലാതിവിടെ മററല്ലാവരുമൊക്കെ-
ച്ചൊല്ലുന്ന വേലകളെല്ലാമൊഴുക്കി നീ
അല്ലലായ് വാഴ്‌വാനില്ലൊരുകാരണം.
മല്ലബാണൻ തന്റെ വില്ലിനെപ്പോർചെയ്തു
വെല്ലുന്ന നിന്നുടെ ചില്ലിക്കൊടിയിണ
തെല്ലുകൊണ്ടെന്നെ നീ തല്ലുന്ന തല്ലുകൾ
കൊല്ലുവാൻതന്നെയെന്നല്ലയല്ലിയെടോ!
ചൊല്ലുവൻ ഞാനിനി നല്ലതു നീ മമ
വല്ലഭയാകണമില്ലൊരുസംശയം.
കല്യതകോലുന്ന കല്യാണശീലവും
പല്ലവംപോലെ പതുത്തൊരുമേനിയും
മല്ലമിഴിയിണതെല്ലിൻ വിലാസവും

മല്ലീശരക്ഷമാപാലാധിവാസവും
ചന്ദ്രികപോലെ ലസൻമൃദുഹാസവും
ചന്ദ്രബിംബാഭിരാമാനനാംഭോജവും
പങ്കജകോരകം പാപരം പന്തു ചെ-
ങ്കുങ്കമാലംകൃതകുംഭികുംഭദ്വയം
ശ്ശുംഭൽ സുവർണ്ണാരു കുംഭമെന്നിത്തരം
* * *
കൊണ്ടാടിമാരൻ കുണ്ടങ്ങും നടകളും
* * *
കണ്ടുകണ്ടെത്രനാളുണ്ടു ഞാനിങ്ങനെ
വണ്ടാർത്തഴകുഴലാളെ ! പൊറുക്കുന്നു."

(ഭാരതം വിരാടപർവ്വം.)

എന്നീവിധം മധുരമധുരമായി അമൃതത്ധരിപോലെ സവിലാസം പ്രവഹിക്കുന്ന വാണീധാരാധോരണി വശത്താവാൻ വഴിയുണ്ടോ?

നവരസങ്ങളേയും സമം വർണ്ണിക്കാനുള്ള കെല്പ് എഴുത്തച്ഛനെപ്പോലെ ദുർല്ലഭം ചില കവികളിലേ കാണാറുള്ളു. മാധുര്യം, ഓജസ്സ്, പ്രസാദം എന്ന മൂന്നു കവിതാഗുണങ്ങളിൽ ശൃംഗാരരസാസ്വാദനത്തിൽ ദ്രുതികാരവും ആഹ്ലാദജനകവുമായ മാധുര്യം മുന്നുധരിച്ച പദ്യപംക്തിയിൽ സവിശേഷം പ്രകാശിക്കുന്നു.

കരുണരസത്തിൽ മാധുര്യഗുണം, ശൃംഗാരത്തിൽ നിന്നും ക്രൂട്ടതലായി ഹൃദയം ദ്രവിപ്പിക്കുകയാണു് ചെയ്യുന്നതു്.

'ചതിക്കയൊ ചെയ്യുതിനിയാരുള്ളതെ-
ന്മതിക്കാനന്ദം നൽകുവതിന്നീശ്വര !

പൊരുക്കുന്ന ഞങ്ങളിനിയതെങ്ങനെ
മരിക്കുന്നോൻ വല്ല കണക്കിലുമയ്യോ!
പരിണതശശമൃഗധരബിംബം
പരിചൊടു കൂപ്പും തിരുവദനവും
തെളിഞ്ഞ വെൺനിലാവഴലേകും വണ്ണം
വിളങ്ങും പുഞ്ചിരിപ്പുതുമയുമയ്യോ!
മധുരമായുള്ളൊരമൃതത്തെക്കാളും
അതിമനോജ്ഞമാമരുളപ്പാടുകൾ
ചെവികളിൽ കേളാതിരിക്കുന്നാകിലൊ
ശിവശിവ! പോററീ! പൊറുതിയെങ്ങനെ?
നിറന്നമഞ്ഞപ്പട്ടുടയും കാഞ്ചിയും
മറന്നുകൂടുമോ തുടയിണക്കാമ്പും"

(ഭാരതം മൌസലം)

എന്നീവിധത്തിൽ കരുണരസം വൎണ്ണിക്കുമ്പോൾ വായനക്കാരും തദ്ഗതാനവൃത്തികളായി കണ്ണീർ പൊഴിക്കുന്നതിൽ ആശ്ചൎയ്യമെന്തുള്ളൂ.

മഹാഭക്തനായ കവിക്കു ഭഗവാനെ നിൎവ്വിശേഷനായി വൎണ്ണിക്കാൻ വിഷമമാണു്. ഭഗവാന്റെ ലോകോത്തരങ്ങളായ അനന്തകല്യാണഗുണങ്ങളെ വൎണ്ണിച്ചും വൎണ്ണിച്ചും മതിവരാതെ ഭക്തികൊണ്ടു മതിമറന്നുപോകുമ്പോൾ ശ്രീരാമനും ശ്രീകൃഷ്ണനും തന്റെ ആളുകളാണെന്നുപോലും ചിലസമയം കവി വാവിട്ടു പറഞ്ഞുപോകാറുണ്ടു്.

"പാലനവിനാശനസൃഷ്ടികൾചെയ്യുംപരൻ
നീലാംഭോരുഹദലലോലലോചനൻകൃഷ്ണൻ
എന്നുള്ളിൽവിളങ്ങുന്ന തമ്പുരാൻതന്റെപാദം
തന്നുള്ളിൽചേൎത്തുകൊണ്ടുധൎമ്മജൻതിരുവടി"

(ഭാരതം ആരണ്യപൎവ്വം)

മികച്ചു നിൽക്കുന്ന ഈ ഭക്തിക്കു വശംവദനായി കവി പലപ്പോഴും സംസാരസാഗരത്തിൽ മുങ്ങിയും പൊങ്ങിയും കരകാണാതെ കിടന്നു വിഷമിക്കുന്ന ജനങ്ങളെ കണ്ടിട്ട്

"ഭവതി യദി മനുജജനനം ഭുവിസാംപ്രതം
പങ്കജലോചനനെ ഭജിച്ചീടുവൻ"

(അദ്ധ്യാത്മരാമായണം സുന്ദരകാണ്ഡം.)

എന്നുപോലും ഉപദേശിക്കുന്നു.

അദ്ധ്യാത്മരാമായണത്തെ വേദസമ്മിതമായി ധരിച്ചു കേരളീയർ ഇതുകൊണ്ടാണ് ആദരിക്കുന്നതും. അദ്ധ്യാത്മപ്രദീപകവും അതിരഹസ്യവുമായ അദ്ധ്യാത്മരാമായണത്തിൽ ആദിയോടന്തം അവിച്ഛിന്നമായി കാണുന്ന ഭക്തിരസം കഥാഗാത്രത്തിന്റെ വലിപ്പം നിമിത്തം ഭാരതത്തിൽ വിശകലിതമായി പ്രവഹിക്കുന്നുവെന്നേയുള്ളൂ.

എഴുത്തച്ഛന്റെ കവിത സ്വതേ മധുരകോമളവും പ്രശാന്തഗതിയും ആഹ്ലാദജനകവുമാണെങ്കിലും ആവശ്യമുള്ള സ്ഥലത്തു മുള്ളുവാക്കു പറവാനോ പരിഹസിപ്പാനോ ക്രോധാമർഷങ്ങൾ കാണിപ്പാനോ ഉപദേശിപ്പാനോ അദ്ദേഹത്തിനു കഴിയും.

'മതിമാനായ നീ മരിച്ചുപോകേണ്ട
പൃഥിവീപാലിപ്പാനിരിക്കനെല്ലനീ
പൃഥിവിനാഥ! ധർമ്മജ! പൃഥാത്മജ!
... ... ... ... ... ...
പഠിച്ചുകൊള്ളുക പലവും ശാസ്ത്രങ്ങൾ'

(കർണ്ണപർവ്വം.)

എന്നു കൃഷ്ണൻ ധർമ്മപുത്രരോടും

'ചതിക്കൊല്ലാസത്യം പിഴക്കൊല്ലാ'

എന്നു അജ്ജുനനോടും പറയുന്ന ആ ഭാഗങ്ങൾ ക്രുത്തു മൂത്ത നാരായം തറച്ചാലത്തെപ്പോലെയുള്ള വേദനയുളവാക്കാൻ ശക്തിയുള്ളവയാണല്ലൊ.

'കല്ലുകൾ കനകവുമെന്തിനു ചുമക്കുന്നി-
തല്ലൽ പൂണ്ടെല്ല നരങ്ങീടുവാൻ സുയോധനൻ'

എന്നു പാഞ്ചാലീവിവാഹത്തിൽ പണയമായ വില്ലുകുലയ്ക്കാൻ കഴിവില്ലാത്ത ദുര്യോധനൻേറയും

"ഛത്രത്തിൻദണ്ഡങ്ങളും പാദുകങ്ങളും പുന-
രുത്തരീയങ്ങൾ കരങ്ങളെന്നിവയുമായ്"

പോരിനു ഒരുമ്പെടുന്ന ഭൂദേവന്മാരുടേയും പരിഹാസം എത്ര ഹൃദയംഗമമായിട്ടുണ്ട്.

ഈവിധം നവരസങ്ങൾ അതതു സ്ഥലത്തു വണ്ണിക്കപ്പെട്ടിട്ടുള്ളതു വിവരിക്കുകയാണെങ്കിൽ അതുതന്നെ ഒരു ഭാരതമാകുന്നതാണ്.

മാധുയ്യവ്യഞ്ജകവണ്ണങ്ങളാൽ ഉപനാഗരികയെന്നും ഓജഃപ്രകാശകങ്ങളായ വണ്ണങ്ങളാൽ പരുഷയെന്നും, പ്രസാദവത്തുകളായ അക്ഷരങ്ങളാൽ കോമളയെന്നും പേരായ വൃത്തികൾ ഉണ്ടാകുന്നുണ്ട്. വൈദർഭി, ഗൌഡി, പാഞ്ചാലി എന്ന് ഈ മൂന്നു രീതികൾക്കു വാമനൻ തുടങ്ങിയ ആലങ്കാരികന്മാർ നാമം നിർദ്ദേശിച്ചിട്ടുണ്ട്. മഹാഭക്തനായ എഴുത്തച്ഛനു മധുരകോമളമായ വൈദർഭിയും പാഞ്ചാലിയുമാണ് അധികം രുചിച്ചിട്ടുള്ളത്. തന്നിമിത്തം വീരരൌദ്രാദിരസവണ്ണനയിൽപോലും ചിലപ്പോൾ ഓജസ്സിനു പകരം വൈദർഭിയിലെന്നപോലെ മാധുയ്യവും പാഞ്ചാലിയിലെന്നപോലെ പ്രസാദവും കാണാറില്ലെന്നില്ല.

എഴുത്തച്ഛന്റെ കൃതികൾ.— അദ്ധ്യാത്മരാമായണവും ഭാരതവും ആണു് സർവ്വാംഗീകൃതങ്ങളായ എഴുത്തച്ഛന്റെ കൃതികൾ. അവ രണ്ടും ഒരാളുടെ കൃതികളാണെന്നുള്ളതു് അവ പരിചയിക്കുന്നവർക്കു് അതിസുലഭമായി ഗ്രഹിക്കാം. ഭാരതത്തിൽ കഥാഘടനയിലും വർണ്ണനയിലുമാണു് എഴുത്തച്ഛൻ അധികം ദൃഷ്ടി പതിപ്പിച്ചിട്ടുള്ളതെങ്കിലും സന്ദർഭവും സൌകര്യവും കിട്ടുന്ന സ്ഥലത്തെല്ലാം ഭഗവദ്ഗുണങ്ങളെ സങ്കീർത്തനം ചെയ്‌വാനും അദ്ദേഹത്തിനു മടിയില്ല. അദ്ധ്യാത്മരാമായണം എഴുത്തച്ഛന്റെ ആദിമകൃതിയാണെന്നാകുന്നു വിശ്വസിക്കപ്പെട്ടുന്നതു്. അതുകൊണ്ടത്രെ അതിന്റെ ആരംഭത്തിൽ മാത്രം എഴുത്തച്ഛൻ തന്റെ ജാതിയും ഗുരുനാമങ്ങളും ആഖ്യാനം ചെയ്യുക. ബ്രാഹ്മണരോടു തനിക്കുള്ള ഭക്തിയെ രണ്ടിലും അദ്ദേഹം ഒന്നുപോലെ പ്രദർശിപ്പിക്കുന്നു.

രാമായണം സുന്ദരകാണ്ഡത്തിൽ രാവണൻ സീതയോടു പറയുന്ന

'ഭവതി തവ രമണമപി ദശരഥതനൂജനെ
പാർത്താൽ ചിലർക്കു കാണാം ചിലപ്പോഴെടൊ!
*　　*　　*　　*
ഭവതിയെയുമൊരുശബരിതരുണിയെയുമാത്മനാ
പാർത്തുകണ്ടാലവനില്ലഭേദം പ്രിയെ!

മുതലായഭാഗങ്ങളും സഭാപർവ്വത്തിൽ ശിശുപാലൻ പറയുന്ന

"ബ്രാഹ്മണശ്രേഷ്ഠനും പിന്നെശ്വപചനും
സാമ്യമത്രെയിവനുള്ളിലോർക്കുംവിധൌ
*　　*　　*　　*

നിഷ്കിഞ്ചനപ്രിയൻനിർലജ്ജനെന്ത്രയും
ദുഷ്കുലജാതനനാംനിഷ്കാമനെന്നിങ്ങൾ"

മുതലായ ഭാഗങ്ങളും തമ്മിലുള്ള അത്ഭുതകരമായ സാമ്യം ഒന്നുതന്നെ രാമായണവും ഭാരതവും ഒരാളുടെ കൃതിയെന്നു വിളിച്ചുപറയുന്നുണ്ടു്.

ഭാഗവതം കിളിപ്പാട്ടിൻെറ കർത്തൃത്വം ഇതുവരെ എഴുത്തച്ഛനിൽ സ്ഥിതിചെയ്തിരുന്നുവെങ്കിലും പണ്ഡിതശിരോമണിയായ ശ്രീമാൻ. പി. കെ. നാരായണപിള്ള അവർകൾ ഭാഗവതകർത്തൃത്വം എഴുത്തച്ഛന്നു നൾകുന്നതിൽ വിരുദ്ധാഭിപ്രായം പുറപ്പെടുവിക്കുന്നുണ്ടു്. ശ്രീമാൻ നാരായണപ്പണിക്കർ കേരളഭാഷാസാഹിത്യചരിത്രത്തിൽ ശ്രീമാൻ പി. കെ. യുടെ അഭിപ്രായങ്ങളെക്കുറിച്ചു കൂലംകഷമായി ചർച്ചു ചെയ്തിട്ടുള്ളതിനാൽ ഈ ലഘുപ്രബന്ധത്തിൽ അതിന്നലക്കു ഉദ്യമിക്കുന്നില്ല. മാളവികാഗ്നിമിത്രവും അഭിജ്ഞാനശാകുന്തളവും ഭിന്നകവികളുടേതാണെന്നു് എന്തുകൊണ്ടു ഗണിച്ചുകൂടന്നുള്ള ചോദ്യവും ഈ അവസരത്തിൽ ഉത്ഥാനംചെയ്യുന്നുണ്ടു്. ബഹുകോടിയായി പിരിഞ്ഞുചെല്ലുന്ന വാദപ്രസ്ഥാനം ഇവിടെ ആവശ്യമില്ലല്ലോ. ഹരിനാമകീർത്തനം എഴുത്തച്ഛൻെറ കൃതിയെന്നു പരമ്പരയാ കേരളീയർ വിശ്വസിച്ചുവരുന്നു. ശതമുഖരാമായണം, ശിവപുരാണം മുതലായവയുടെ കർത്തൃത്വവും ചിലർ എഴുത്തച്ഛനിൽ ആരോപിക്കാറുണ്ടു്. ശതമുഖരാമായണകർത്തൃത്വം ഇന്നാരിലാണെന്നുള്ളതു ഇനിയും നിർണ്ണീതമായിട്ടില്ലെങ്കിലും ശിവപുരാണം എഴുത്തച്ഛൻേറതല്ലെന്നു വിധിക്കപ്പെട്ടുകഴിഞ്ഞു.

രാമായണം ഇരുപത്തിനാലുവൃത്തം എഴുത്തച്ഛന്റെതാണെന്നോ അല്ലെന്നോ തീർച്ച പറവാൻ വഹിയെങ്കിലും കേരളഭാഷാസാഹിത്യചരിത്രകാരനും മററുചിലരും അതു എഴുത്തച്ഛന്റേതല്ലെന്നു വിശ്വസിക്കുന്നുണ്ടു്. ചിന്താരത്നം എഴുത്തച്ഛൻ തന്റെ മകൾക്കോ മരുമകൾക്കൊ ഉപദേശിക്കുന്നതായിട്ടു പറയപ്പെടുന്നു.

<u>മലയാള അക്ഷരമാലയും എഴുത്തച്ഛനും</u>:—തുഞ്ചത്തുഗുരുക്കളിലുള്ള ഭക്ത്യാദരബഹുമാനാതിശയങ്ങളാൽ പലരും ഇന്നു കാണുന്ന മലയാള അക്ഷരങ്ങളുടെ ഉപജ്ഞാതൃത്വംപോലും ആ മഹാകവിക്കു നൾകാറുള്ളതു വിസ്മയനീയമായിരിക്കുന്നു. എഴുത്തച്ഛനുമുമ്പിൽ മലയാളഭാഷപോലും ഇല്ലെന്നു പറയുന്നതോ മലയാളഅക്ഷരമാല എഴുത്തച്ഛനാണു് സൃഷ്ടിച്ചുവിട്ടതെന്നു ചിന്തിക്കുന്നതോ ചരിത്രകാരന്മാർ സമ്മതിക്കുമെന്നുതോന്നുന്നില്ല. കൊല്ലം ൩൨൩-ൽ ഉള്ള ഒരു ശിലാലേഖനം ഇന്നത്തെ മലയാള അക്ഷരത്തിൽ കൊച്ചിയിലെ ഊരകംക്ഷേത്രത്തിൽകാണുന്നുണ്ടു്(1). കൊല്ലം ൭൪൮-ലെ ഒരു ശിലാശാസനം അതുപോലെ മലയാളത്തിൽ തെക്കൻതിരുവിതാംകൂറിലെ തിരുവിടൈക്കോട്ടു മഹാദേവർക്ഷേത്രത്തിലും (2) കൊല്ലം ൯൨൫-ാമാണ്ടടുത്തുള്ള മറെറാരു ശിലാശാസനം മലയാളഅക്ഷരത്തിൽ തിരുവനന്തപുരം പത്മനാഭസ്വാമിക്ഷേത്രത്തിലും (3) കാണുമ്പോൾ മുൻപറഞ്ഞ കൂട്ടുകാർ സ്വമതസ്ഥാപനത്തിനു സാധകമായി നിരവദ്യമായ ഹേതുക്കൾ ലഭിക്കുമെന്നു തോന്നുന്നില്ല.

---

1. Report of the Administration of the Archaeolgical Department, Cochin State, for 1102, p. 12.
2. Travancore Archaeolgical Series Vol. V. p. 142 .
3 ibid Vol. III, p. 46.

എഴുത്തച്ഛനും ഇതരകവികളും :— ഇംഗ്ലീഷ്ഭാഷാഭ്യസനംകൊണ്ടു് പല വിദ്വാന്മാരും നമ്മുടെ കവികളെ ആംഗലകവികളുമായി താരതമ്യപ്പെടുത്താറുണ്ടു്. ബങ്കിമചന്ദ്രനും സി. വി. ക്കും തുല്യമായി സ്കാട്ടും ഡൂമാസും, കാളിദാസനു സമമായി ഷേക്സ്പിയരും, ഭവഭൂതിക്കു സദൃശനായി വേർഡ്സ്വർത്തും, നമ്പിയാരോടു തുല്യമായി ചാസരും കല്പിക്കപ്പെട്ടുകാണാറുണ്ടെങ്കിലും എഴുത്തച്ഛന്റെ സ്ഥാനം അവകാശപ്പെടുന്ന ആംഗലകവി ആരെങ്കിലും ഉള്ളതായി അവർ നിർദ്ദേശിക്കാറില്ല. വാസ്തവം ആലോചിക്കുമ്പോൾ ഇത്തരത്തിലുള്ള താരതമ്യചർച്ച പലപ്പോഴും വിലയില്ലാത്തതായാണു് പരിണമിക്കുക. കേരളവർമ്മകോയിത്തമ്പുരാനെ കേരളകാളിദാസനായും, രാജരാജവർമ്മകോയിത്തമ്പുരാനെ അഭിനവപാണിനിയായും, വള്ളത്തോളിനെ വാല്മീകിയായും, ടാഗോർ ആയും കല്പിക്കുന്നതിൽ ഉള്ള ഔചിത്യം അഭിനന്ദനീയമാണു്. മഹാകവികളുടെ ഹൃദയഗതികൾ പലപ്പോഴും യോജിച്ചുകാണാമെന്നും സമ്മതിക്കാം. എന്നാൽ ത്രികരണങ്ങൾകൊണ്ടും കേരളീയനായ ഒരുവനെ താദൃശനായ ഒരു ആംഗലേയനുമായി സാദൃശ്യപ്പെടുത്തുക മനുഷ്യസാധാരണങ്ങളായ ധർമ്മങ്ങൾകൊണ്ടല്ലാതെ സാധിക്കാമോ ?

എഴുത്തച്ഛൻ, ചെറുശ്ശേരി, നമ്പിയാർ എന്ന മൂന്നു കവികളാണു് ഭാഷാസാഹിത്യത്തിൽ ത്രിമൂർത്തികളെന്നപോലെ ആരാധനീയന്മാരായി കാണുന്നതു്. മൂന്നുപേരും ഭാവനാസമ്പന്നന്മാരും വശ്യവചസ്സുകളും പ്രതിഭാവത്തുകളും പരിപക്വഹൃദയന്മാരുമായ മഹാകവികളാണു്.

എഴുത്തച്ഛൻെറ കവിതാരീതി മധുരകോമളവും പ്രശാന്തഗംഭീരവുമാണെങ്കിൽ നമ്പ്യാരുടെ കവിതാഗതി പ്രസന്നവും സുകുമാരവും ചെറുശ്ശേരിയുടേതു മധുരാലസവുമാകുന്നു. എഴുത്തച്ഛന്നു ഭക്തിരസവും ചെറുശ്ശേരിക്കു ശൃംഗാരരസവും നമ്പ്യാൎക്കു ഹാസ്യവും വൎണ്ണിക്കുവാൻ സാമൎത്ഥ്യം കൂടുമെന്നു പറഞ്ഞാൽ ഇതരരസവൎണ്ണനയിൽ അവർ സമൎത്ഥന്മാരല്ലെന്നു ധരിക്കാവുന്നതല്ല. ഈശ്വരമഹിമയെ സംകീൎത്തനംചെയ്തു എഴുത്തച്ഛനും സാമുദായികാചാരങ്ങളെ വിവരിച്ചു നമ്പിയാരും പ്രകൃതിവൎണ്ണനകൊണ്ടും മററും ചെറുശ്ശേരിയും ലോകൎക്കു ജ്ഞാനോപദേശം ചെയ്യുന്നുണ്ട്. ഈ മൂന്നു കവികൾക്കും സ്വധൎമ്മംപോലെ ഓരോരുത്തരും ഭാഷാകവിതാസാമ്രാജ്യപദവി നല്കുന്നു. സങ്കല്പശക്തിയിൽ ചെറുശ്ശേരി മികച്ചു നിൽക്കുന്നുവെന്നാണു് വിദ്വജ്ജനമതം.

സ്യമന്തകംമണി അപഹൃതമായപ്പോൾ ശ്രീകൃഷ്ണനെക്കുറിച്ചുള്ള ദുരപവാദം പരക്കുന്നതു ഭാഗവതത്തിലും കൃഷ്ണഗാഥയിലും സ്യമന്തകം തുള്ളലിലും വൎണ്ണിച്ചിട്ടുള്ളതു് ഉദ്ധരിച്ചുകൊള്ളട്ടെ.

'കാനനെ നായാട്ടിനായ് പോയൊരുപ്രസേനന്താൻ
വന്നതില്ലതിനാലെ തിരിഞ്ഞുസത്രാജിത്തു
വീടതിൽനിന്നുപറഞ്ഞീടിനാൻരഹസ്യമായി

*　　*　　*　　*　　*

ബാലനായുള്ളനാളിൽ ശീലിച്ചതൊഴിലെല്ലാം
കാലമേറവേറുണ്ടാം ചെൽകിലും പോകയില്ല.
വിത്തത്തിനാഗ്രഹങ്ങൾ വിത്തേശനെന്നാകിലും
ചിത്തത്തിൽമതിവരാ ഉത്തമരെന്നാകിലും

നല്ലോരുവിളകളെ വേലിതാനിനിമേലിൽ
തെല്ലുമേ മടിയാതെ തിന്നിടുമെന്നേവേണ്ടു
രക്ഷിച്ചുപുലർത്തേണ്ടുമാളുകൾ മൃതിന്നിട്ടു
ഭക്ഷിച്ചുതുടങ്ങിയാൽപിന്നെയെന്തൊന്നു ചെയ്‌വൂ'.

* * * * *

ചൊല്ലിനാനതുപിന്നെ മറ്റവൻ മറ്റവനോ-
ടല്ലാടമതുപോലെ പരന്നിതപവാദം'

(ഭാഗവതം, ദശമം.)

'എന്നങ്ങുചൊന്നവൻനിന്നനേരം
തന്നുടെബന്ധുവായ്‌നിന്നങ്ങുപോന്നവൻ
തന്നോടു ചൊല്ലിനാനങ്ങൊരുത്തൻ
തന്നുടെതന്നുടെബന്ധുവായുള്ളവർ
തങ്ങളിൽ തങ്ങളിൽ ചൊല്ലിച്ചൊല്ലി
കണ്ണുകൾതോറും നടന്നുതുടങ്ങീത-
ക്കണ്ണനെപ്പൂണ്ടുള്ള വാർത്തയപ്പോൾ.

* * * * *

വാരിജലോചനൻ ശീലങ്ങളോക്കുമ്പോൾ
ചേരുന്നതല്ലയീവാർത്തയിപ്പോൾ
വിത്തങ്ങൾ കാണുമ്പോൾ ചിത്തംമയങ്ങാതെ
ഉത്തമരായുള്ളതാരിപ്പാരിൽ.
ബന്ധുരമായൊരുരത്നമിതെന്നതു
ചിന്തിച്ചുകാൺക നീ മറ്റൊന്നല്ലേ.
ബാലനായ്‌പണ്ടിവൻ ചാലെനടന്നൊരു
വേലകളെല്ലാമെ കേൾപ്പുണ്ടല്ലോ,
ആച്ചിമാർവീടിലെ വെണ്ണകവന്നതി
പൂജ്യനായ് നിന്നുള്ളിവന്താനെന്നു
കട്ടതുംകണ്ടുപിടിച്ചിവനമ്മതാൻ

കെട്ടിനാളെന്നും കേട്ടതല്ലൊ
നാരിമാർവീഴ്ത്തുള്ളവീഴ്പ്പകരംവാരിപ്പ-
ണ്ടാരുമെകാണാതെകൊണ്ടുപോയി.
വേലിതാൻചെന്നുവിളവിനെത്തിന്നുന്ന
കാലമിതെന്നതും വന്നുകൂടി.
* * * *
ബാലകന്മാരോടുചൊല്ലിനാരെല്ലാരും
ചാരത്തുചെല്ലൊല്ലായെന്നിങ്ങനെ
കാണുന്നനേരത്തുബാലകന്മാരെല്ലാം
പായുന്നതെന്തെന്നു ചിന്തിച്ചപ്പോൾ
* * * *
ബാലകന്മാരെവിളിച്ചുതുടങ്ങിനാൻ
വാഴപ്പഴങ്ങളുമായിച്ചെമ്മേ
പിന്നയുമെങ്ങുമെചാരത്തുചെല്ലാതെ
പിന്നോക്കിമണ്ടുന്നുബാലകന്മാർ,
(കൃഷ്ണഗാഥ, സ്യമന്തകം.)

"ഇത്തരമുള്ളൊരുബന്ധുജനങ്ങടെ
നിർബന്ധംകൊണ്ടവനരചെയ്തു
'കൃഷ്ണനൊരുനാളിമ്മണിമേലൊരു
തൃഷ്ണഭവിച്ചുകരഞ്ഞൊരുനേരം
* * * *
ഉരുണ്ടുമുറക്കമിളച്ചുലഭിച്ചതു
വേണമെനിക്കെന്നോതീടാമോ ?
തട്ടും കൊട്ടും ചെണ്ടയ്ക്കത്രെ
കിട്ടും പണമതു മാരാന്മാൎക്കും.
വെട്ടും കുത്തും പരിശയ്ക്കത്രെ
കിട്ടും വിരുതു പണിക്കൎക്കെന്നും.
* * * *

കാലത്തിന്റെ പകർച്ച നിനച്ചാൽ
മാലോകൎക്കു പൊറുപ്പാൻ മേലാ.
വേലികൾ തന്നെ വിളവുമുടിച്ചാൽ
കാലികളെന്തു നടന്നീടുന്നു
കപ്പലകത്തൊരു കള്ളനിരുന്നാ-
ലെപ്പൊഴുമില്ലൊരു സുഖമറിയേണം

*　　　*　　　*　　　*

പത്തമ്പതുപറ നെല്ലുണ്ടെന്നുടെ
പത്തായങ്ങളിലളവേകണ്ടതെ-
ടുത്തുകൊടുത്തേൻ വിത്തും കൂലിയു-
മെത്താനൊരു വഴി കണ്ടതുമില്ല.
പത്തായത്തിന്നുറപ്പുംപോരാ
കാത്തുകിടപ്പാന്നാളുംപോരാ
തുമ്പകിളച്ചും ചേമ്പുകൾ നട്ടും
തുവരകൾ വഴുതും വാഴകൾവച്ചും
നമ്പൂരാരുടെ പുറകെ നടന്നി-
ട്ടിമ്മിണിമുതലു നമുക്കുണ്ടായതു
പാടെ കട്ടുമുടിച്ചെന്നാകിൽ
പാളപിടിച്ചു നടക്കേയുള്ളു.

*　　　*　　　*　　　*

കട്ടതരനാകിയ കണ്ണൻതന്നുടെ
നാടകമെല്ലാം കേട്ടിട്ടില്ലെ?
എടയന്മാരുടെ ജാതിക്കുണ്ടോ
എടയെന്നുള്ളതുമുണ്ടാകുന്നു?
പെണ്ണുങ്ങൾക്കിഹ കണ്ണനെയോർത്താ-
ലുണ്ണണമെന്നുമുറങ്ങണമെന്നും

തങ്ങടെ തങ്ങടെ വീട്ടുകളെന്നും
ചങ്ങാതികളെക്കാണണമെന്നും
* * * *
നാണമിതെന്തു മടക്കമിതെന്തും
കാണ്ണികൾക്കൊരു കുറി കാണ്മാനില്ല.
കയ്യെച്ചെന്നു പിടിക്കുമൊരുത്തി
മെയ്യിൽ ചെന്നു വസിക്കുമൊരുത്തി
* * * *

(സ്യമന്തകം തുള്ളൽ)

മൂന്നു കവികളുടേയും വർണ്ണനാസമ്പ്രദായം മുകളിൽ ഉദ്ധരിച്ചിട്ടുള്ള ഭാഗങ്ങളിൽ കാണുന്നുണ്ട്. ഇതുപോലുള്ള മററു ഭാഗങ്ങൾ ഗ്രന്ഥവിസ്തരഭയത്താൽ വിവരിക്കുന്നില്ല.

എഴുത്തച്ഛൻ ഭാഷാമണിപ്രവാളത്തിൻെറ ജനകനാണെന്നുള്ള ഒരു ധാരണ പൊതുവെ കടന്നുകൂടീട്ടുണ്ട്. എന്നാൽ എഴുത്തച്ഛനു മുമ്പിൽ മണിപ്രവാളകവിതയുണ്ടായിരുന്നില്ലെന്നു പറയാവുന്നതല്ല. ചെറുശ്ശേരിയുടെ കൃഷ്ണഗാഥ ഒരു ഒന്നാംതരം മണിപ്രവാളകൃതിയോ, മലയാളകൃതിയോ ആണ്. എഴുത്തച്ഛനു മുമ്പുണ്ടായിട്ടുള്ള പല ചമ്പൂക്കളും മണിപ്രവാളത്തിന് ഉത്തമനിദർശനമാകുന്നു. എഴുത്തച്ഛൻനിമിത്തം മലയാളഭാഷക്കു വന്നുകൂടീട്ടുള്ള സർവ്വതോമുഖമായ അഭിവൃദ്ധിനിമിത്തം ഓരോരുത്തരും അദ്ദേഹത്തിന് പല ബഹുമതികളും കല്പിക്കുന്നു വെന്നേയുള്ളൂ.

<u>മഹാഭാരതം കിളിപ്പാട്ട്</u>.—ഒരു ഒന്നാംതരം സാഹിത്യകൃതി പരിചയിക്കേണ്ടവർ മഹാഭാരതം പഠിക്കേണ്ടതാകുന്നു. ഭാരതകഥ അമൃതമയമാണ്. അത് അതിവിപുലമായ ഗ്രന്ഥവും സർവ്വവേദശാസ്ത്രാദിസംഗ്രഹവുമാകു

ന്നും ഇന്നലോകത്തിലേക്കും പ്രസിദ്ധിനേടീട്ടുള്ള ഭഗവദ് ഗീത ഭാരതത്തിൽ സംഗ്രഹിച്ചിട്ടുള്ളതത്രെ. ഭാരതത്തിൽ അടങ്ങീട്ടുള്ള ആഖ്യാനങ്ങളും, ഉപാഖ്യാനങ്ങളും എണ്ണിയാൽ ഒടുങ്ങാത്തവയാണു്. പൌരസ്ത്യഭാഷകളിലും, പാശ്ചാത്ത്യഭാഷകളിലും ഭാരതത്തിന്നു് പല വിവർത്തനങ്ങൾ ഉണ്ടായിട്ടുണ്ടു്. അതിബൃഹത്തായ മഹാഭാരതത്തെ എഴുത്തച്ഛൻ തുലോം സംക്ഷേപിച്ചു് ചമച്ചിട്ടുള്ളതാകുന്നു ഭാരതം കിളിപ്പാട്ടു്.

<u>ഭാരതം കഥാസംക്ഷേപം.</u>— ലോകത്തിലേക്കും പ്രകാശമേറിയ സൂർയ്യാചന്ദ്രമസ്സുകളാകുന്നു സൂർയ്യവംശരാജാക്കന്മാരുടേയും ചന്ദ്രകുലനൃപന്മാരുടേയും കൂടസ്ഥർ. ഹിമവാൻ മുതലായ അചേതനപദാർത്ഥങ്ങളും ദേവാത്മകമായ രൂപംനിമിത്തമാണല്ലൊ പാർവ്വതി മുതലായവരുടെ ജനനത്തിന്നു കാരണമായിത്തീർന്നിട്ടുള്ളതു്. ശ്രീരാമാദിരാജാക്കന്മാർ സൂർയ്യവംശത്തിൽ ചേർന്നവരാകുന്നു. ധർമ്മപുത്രാദികളോ ചന്ദ്രവംശത്തിലും. അഭിജ്ഞാനശാകുന്തളം നാടകത്തിലെ നായകനായ ദുഷ്ഷന്തൻ ചന്ദ്രവംശത്തിൽ ജനിച്ച രാജാവാകുന്നു. ദുഷ്ഷന്തൻെറ പുത്രനായിരുന്നു ഭരതൻ. ഭരതൻ വിശ്വവിശ്രുതനായ രാജാവാണു്. അദ്ദേഹത്തിൻെറ വംശത്തിൽജനിച്ച രാജാക്കന്മാർ 'ഭാരതർ' എന്നു കീർത്തിക്കപ്പെടുകയും ആ രാജവംശം 'ഭാരതം' എന്ന പേരുകൊണ്ടു് അറിയപ്പെടുകയും ചെയ്യുന്നുണ്ടു്. ഭരതവംശത്തിൽ ജനിച്ച രാജാക്കന്മാരുടെ ചരിത്രം വർണ്ണിക്കുന്ന * ഇതിഹാസമായതിനാൽ ഭരതവംശചരിതം ഭാരതമായി.

---

* ഇതിഹ (ഇങ്ങനെയല്ലൊ) ആസ-ഇരുന്നു എന്ന അർത്ഥത്തിൽ ഇതിഹാസപദം പുരാതനചരിത്രത്തെ വചിക്കുന്നു.

ഭരതവംശത്തിൽ ശന്തനു എന്നു കേൾവികേട്ട ഒരു രാജാവുണ്ടായി. ശന്തനുവിനു ഗംഗാദേവി ശാപംഹേതുവാൽ ഭാൎയ്യയായിഭവിച്ചു. അഷ്ടവസുക്കളും ശാപത്താൽ ശന്തനുവിനു ഗംഗാദേവിയിൽ പുത്രന്മാരായി ജനിച്ചുവെങ്കിലും അവരിൽ കനിഷ്ഠനായ ദ്യോവു മാത്രമെ ചിരായുസ്സായി സ്ഥിതിചെയ്തുള്ളു. മററ ഏഴുപുത്രന്മാരും പിറന്ന ഉടനെതന്നെ മാതാവാൽ കൊല്ലപ്പെട്ടു. ഒടുവിലത്തെ പുത്രന് ഗംഗാദത്തനെന്നായിരുന്നു പേരു്. ശന്തനു ഒരിക്കൽ നായാട്ടിന്നായി കാട്ടിൽ ചെന്നപ്പോൾ കസ്തൂരിഗന്ധിയായ സത്യവതിയെന്ന ദാശസ്ത്രീയുടെ രൂപലാവണ്യം കണ്ടു് മോഹിച്ചു. അവളെ വിവാഹം ചെയ്യണമെങ്കിൽ അവളിലുണ്ടാകുന്ന പുത്രനു രാജ്യം നൽകണം. തന്റെ പ്രിയപുത്രൻ ഗംഗാദത്തനിരിക്കെ രാജാവിന്നു് അതു് ഇഷ്ടവുമല്ല. ഗംഗാദത്തൻ ഈ വൎത്തമാനമറിഞ്ഞു് തനിക്കു രാജ്യഭാരം വേണ്ടെന്നും തന്റെ സന്തതികൾപോലും രാജ്യത്തിനുവേണ്ടി കടിപിടികൂടാതിരിക്കാൻ താൻ വിവാഹംപോലും ചെയ്യുകയില്ലെന്നും ധീരപ്രതിജ്ഞചെയ്തു. തന്നിമിത്തം ഗംഗാദത്തനു ഭീഷ്മർ എന്നും ദേവവ്രതനെന്നും പേരുകൾ ഉണ്ടായി. ശന്തനു സത്യവതിയെ പരിണയിച്ചു. അവളിൽ ചിത്രാംഗദനെന്നും വിചിത്രവീൎയ്യനെന്നും രണ്ടു പുത്രന്മാർ ജനിച്ചു. രണ്ടുപേരും സന്താനങ്ങളില്ലാതെ മരിച്ചതിനാൽ സത്യവതി ഭീഷ്മരുടെ സമ്മതത്തോടുകൂടി വിചിത്രവീൎയ്യന്റെ ഭാൎയ്യമാരായ അംബികയിലും അംബാലികയിലും തന്റെ മകനായ വേദവ്യാസമഹർഷിയെക്കൊണ്ടു രണ്ടു പുത്രന്മാരെ ജനിപ്പിച്ചു. അവരിൽ മൂത്ത പുത്രനായ ധൃതരാഷ്ട്രർ അന്ധനായും

ഇളയപുത്രൻ പാണ്ഡുവായും തീൎന്നതിനാൽ ഒരു നല്ല പുത്രനുണ്ടാവാൻവേണ്ടി സത്യവതി വീണ്ടും വ്യാസനോടു പ്രാൎത്ഥിച്ച് അവരിൽ ഒരു നല്ല സുതൻ ജനിപ്പിക്കാൻ പറഞ്ഞു. അംബയും അംബാലികയും ഇത്തവണ അവരുടെ ദാസിയെയാണ് വ്യാസപാൎശ്വത്തിലേക്കയച്ചതു്. ആ ദാസിയിൽ ഉത്തമനായ വിദുരർ ജനിച്ചു. വിദുരർ ധൎമ്മദേവന്റെ അവതാരമത്രെ. ധൃതരാഷ്ട്രർ ജാത്യന്ധനായതിനാൽ പാണ്ഡുവിന് രാജ്യം ലഭിച്ചു. ധൃതരാഷ്ട്രർ ഗാന്ധാരിയെ വിവാഹംചെയ്തു. അവളിൽ ദുൎയ്യോധനാദികളായ നൂറു പുത്രന്മാരും ദുശ്ശളയെന്നു പേരുള്ള ഒരു മകളും ഉണ്ടായി. ശ്രീകൃഷ്ണന്റെ പിതൃഷ്വസാവായ കുന്തീദേവിയെയും മദ്രരാജസുതയായ മാദ്രിയെയും പാണ്ഡു വിവാഹം ചെയ്തു. സ്ത്രീസംഗമം ജീവനാശത്തിനു കാരണമാകുമെന്നു പാണ്ഡുവിനു ഒരു ശാപം നേരിട്ടതിനാൽ പാണ്ഡു സന്താനമില്ലാതെ വിഷാദിക്കുന്നതുകണ്ടു കുന്തീദേവി ബാല്യകാലത്തു ദുൎവ്വാസസ്സെന്നു പേരുള്ള മഹൎഷിയിൽ നിന്നും തനിക്കു ലഭിച്ച വരത്തിന്റെ മഹിമാവുകൊണ്ടു ധൎമ്മദേവനിൽ നിന്നും ധൎമ്മപുത്രരേയും വായുവിൽ നിന്നും ഭീമനേയും ഇന്ദ്രനിൽ നിന്നും അൎജ്ജുനനേയും പുത്രന്മാരായി ലഭിച്ചു. കുന്തീദേവി മാദ്രിക്കു ഒരു വരം കൊടുത്തതുകൊണ്ടു അവരം അശ്വിനീദേവന്മാരുടെ പ്രസാദത്താൽ നകുലസഹദേവന്മാരെ പ്രസവിച്ചു. നൂററുവരിലും ധൎമ്മജാദികളായ പാണ്ഡവന്മാരിലും ധൎമ്മപുത്രരായിരുന്നു ജ്യേഷ്ഠൻ. കുന്തീദേവി കന്യകയായിരിക്കുമ്പോൾ ദുൎവ്വാസസ്സിൽ നിന്നും ലഭിച്ച വരം പരീക്ഷിച്ച അവസരത്തിൽ സൂൎയ്യദേവനിൽ നിന്നും ലബ്ധനായ പുത്രനായിരുന്നു കൎണ്ണൻ. കുന്തിയാൽ ഉപേക്ഷിക്കപ്പെട്ടത

നാൽ കർണ്ണനെ ഒരു സൂതൻ വളത്തിവന്നു. എന്നാൽ ഇതു ആരും അറിഞ്ഞിരുന്നില്ല.

മഹർഷിശാപത്താൽ പാണ്ഡവന്മാരുടെ ബാല്യകാലത്തുതന്നെ പാണ്ഡു മൃതനായി. മാദ്രിയും ഭർത്താവിനെ അനുഗമിച്ചു. ദുര്യോധനാദികളും പാണ്ഡവന്മാരും ഒന്നിച്ചു വളൎന്നുവന്നു. കുട്ടിക്കാലത്തുതന്നെ ദുരവക്കു പാണ്ഡവന്മാരോടു ഈർഷ്യയും രോഷവും ഉണ്ടായിത്തുടങ്ങി. ഭീമൻെറ ഭീമാകാരവും മഹാബലവും കണ്ടു വിഷം കൊടുത്തുപോലും നശിപ്പിക്കാൻ ദുരവർ യത്നിച്ചു. എന്നാൽ അവർ ചെയ്ത പ്രവൃത്തികളെല്ലാം വിഫലങ്ങളായി. ഭീഷ്മർ ആദ്യം കൃപാചാൎയ്യരേയും പിന്നീടു ദ്രോണാചാൎയ്യരേയും പൗത്രന്മാരെ ധനുർവിദ്യ പഠിപ്പിക്കാൻ ഏല്പ്പിച്ചു. സൂതൻെറ ഭാൎയ്യയായ രാധ വളത്തിവന്നതിനാൽ രാധേയനെന്നു പറയപ്പെട്ടിരുന്ന കർണ്ണനും ദ്രോണാചാൎയ്യരുടെ ശിഷ്യനായി വന്നുകൂടി. അർജ്ജുനൻെറ ധനുർവിദ്യാപാടവം കണ്ടു അമർഷംപൂണ്ടു കർണ്ണൻ ദുര്യോധനാദിപക്ഷത്തിൽചേൎന്നു് പാണ്ഡവരെ ദ്വേഷിച്ചുതുടങ്ങി. ഈ ഇടയിലാണു് ദ്രുപദനെ പിടിച്ചുകെട്ടി അർജ്ജുനൻ ഗുരുസമക്ഷം നയിച്ചു് ഗുരുദക്ഷിണചെയ്തതു്. പാണ്ഡവന്മാരുടെ മഹിമകണ്ടു് അസൂയാക്രാന്തനായ ദുര്യോധനൻ കർണ്ണൻെറയും സ്വമാതുലനായ ശകുനിയുടേയും പ്രേരണയാൽ അവരെ അരക്കില്ലത്തിൽവെച്ചു് ദഹിപ്പിക്കാനൊരുമ്പെട്ടുവെങ്കിലും പാണ്ഡവന്മാർ ഈശ്വരകൃപയാൽ രക്ഷപ്പെട്ടു. മഹാരാജാക്കന്മാർ പലർ കൂടിയിരിക്കുന്ന സദസ്സിൽവെച്ചു് ബ്രാഹ്മണവേഷംധരിച്ചു പാണ്ഡവന്മാർ ദുഷ്കരമായ വാതിൽ ജയിച്ചു് ദ്രൗപദി

യെ വിവാഹംചെയ്തു. അനന്തരം ഭീഷ്മദ്രോണവിദുരാദികളുടെ ചോദനയാൽ ദുൎയ്യോധനൻ പാണ്ഡവന്മാരുമായി സന്ധിചെയ്തു ധൃതരാഷ്ട്രന്റെ സമ്മതത്തോടുകൂടി അവരെ ഇന്ദ്രപ്രസ്ഥത്തിൽ താമസിപ്പിച്ചു. അപ്പോൾ ധൎമ്മപുത്രർ രാജസൂയയാഗം നടത്തി. ധൎമ്മപുത്രാദികളുടെ വർദ്ധമാനമായ പ്രതാപംകണ്ടു് അസൂയമുഴുത്തു് ദുൎയ്യോധനൻ ധൎമ്മപുത്രരെ ചൂതിനു ക്ഷണിക്കുകയും കള്ളച്ചൂതിൽ ധൎമ്മപുത്രരെ തോല്പിച്ചു് അദ്ദേഹത്തിന്റെ സമസ്തസമ്പത്തും സ്വാധീനമാക്കുകയും രജസ്വലയായ ദ്രൗപദിയെ മുടിയിൽ പിടിച്ചു് രാജസഭയിൽകൊണ്ടുവന്നു് വസ്ത്രാപഹരണംചെയ്കയും ഒടുവിലായിട്ടു് അവരെ പന്ത്രണ്ടുവൎഷം വനവാസത്തിനും ഒരുവൎഷം അജ്ഞാതവാസത്തിനും പറഞ്ഞയക്കുകയും ചെയ്തു. വനവാസവും അജ്ഞാതവാസവും കഴിഞ്ഞു് പാണ്ഡവന്മാർ ദുൎയ്യോധനാദികളിൽനിന്നും സഞ്ജാതമായ വ്യഥ സഹിക്കാതെ അവരുടെ ബന്ധുക്കളുമായ രാജാക്കന്മാരുമായാലോചിച്ചു യുദ്ധം ചെയ്തായാലും തങ്ങൾക്കു ലഭിക്കേണ്ടു അർദ്ധരാജ്യം സമ്പാദിക്കണമെന്നു തീർച്ചയാക്കി ദുൎയ്യോധനാദികളോടു അതു ആവശ്യപ്പെട്ടു. 'സൂചിതൻ മുനകൊണ്ടു കുത്തുവാനുള്ള നിലംപോലും' പാണ്ഡവൎക്കു നൽകുകയില്ലെന്നായി ദുൎയ്യോധനൻ. ഭീഷ്മദ്രോണാദികളുടെ ഉപദേശങ്ങൾ വ്യൎത്ഥമായി ഭവിച്ചു. പേരുകേട്ട മഹാഭാരതയുദ്ധത്തിനു ഇരുവരും സന്നാഹങ്ങൾ കൂട്ടിത്തുടങ്ങി. ശീലവാന്മാരായ പാണ്ഡവന്മാരിൽ പക്ഷപാതികളാണെങ്കിലും ഭീഷ്മദ്രോണകൃപാദികൾ തിന്ന ചോറിനു നന്ദികാണിക്കാൻവേണ്ടി ദുൎയ്യോധനപക്ഷം ചേൎന്നു. ഭക്തജനാനുകംപിയായ ശ്രീകൃഷ്ണഭഗവാൻ അൎജ്ജുനന്റെ സാരഥ്യം

കൈയേററു. ധമ്മക്ഷേത്രമായ (1) കുരുക്ഷേത്രത്തിൽവെച്ച പതിനെട്ടു ദിവസത്തേക്കു മഹാഭാരതയുദ്ധം നടന്നു. ഭീഷ്മദ്രോണകർണ്ണാദിമഹാവീരന്മാരും പടയിൽ പട്ടുപോയി. നൂററുവർ ഭീമനാൽ ഹതരായി. ധമ്മപുത്രർ ഒടുവിൽ അജാതശത്രുവായി രാജ്യം വാണു. ശ്രീകൃഷ്ണഭഗവാൻെറ നിര്യാണം അറിഞ്ഞും കലിയുഗത്തിൻെറ ആവിർഭാവം അവേക്ഷിച്ചും ധമ്മപുത്രർ ഭാര്യാസമേതനായി സഹോദരന്മാരാൽ അനുഗമിക്കപ്പെട്ടു മഹാപ്രസ്ഥാനം നടത്തി സ്വർഗ്ഗം പ്രാപിച്ചു.

കർണ്ണപവ്വം. രാമായണത്തിൽ സുന്ദരകാണ്ഡവും മഹാഭാരതത്തിൽ കർണ്ണപവ്വവും തികച്ചും സുന്ദരവും ആകർണ്ണനീയവുമായിട്ടുണ്ടു്. പവ്വപദം കഥാവിച്ഛേദത്തെ വഹിക്കുന്നു. ഒരു പ്രദോഷദിവസം സന്ധ്യക്കു എഴുത്തച്ഛൻ അടുത്തുണ്ടായിരുന്ന ശിവക്ഷേത്രത്തിൻെറ സന്നിധിയിൽവെച്ചു ദീപാരാധനസമയം 'ഹര ഹര ഹര ശിവ ശിവ ശിവ' എന്നു നാമം ചൊല്ലിയതായും 'എന്നാൽ ശേഷവും കേൾക്കട്ടെ' എന്നു ചില നമ്പൂരിമാർ ഹാസ്യമായി പറഞ്ഞപ്പോൾ അദ്ദേഹം ആ രീതിയിൽ കർണ്ണപവ്വം ഉണ്ടാക്കിയതായും ഐതിഹ്യം ഉണ്ടു്. കള്ളു കുടിച്ചുംകൊണ്ടു് കർണ്ണപവ്വം ഉണ്ടാക്കിയെന്നും കേൾവിയുണ്ടു്. പരമസാത്വികനും മഹായോഗിയും ഉത്തമഭക്തനും ആയ ആ മഹാപുരുഷൻ കുടിയനായിരുന്നുവെന്നു പറയുക സംഭാവ്യമാണൊ എന്നു ചിന്തിക്കേണ്ടതാകുന്നു. എന്നാൽ കർണ്ണപവ്വത്തിൽ ശബ്ദാത്ഥങ്ങൾക്കു ഓജസ്സു കൂടുന്നതിനാൽ വായനക്കാർ അതു വായിച്ചു ലഹരി

(1) കുരുക്ഷേത്രം പാനിപ്പെട്ടാണെന്നാകുന്നു ചിലരുടെ ഊഹം.

പിടിച്ചാലെന്നപോലെ മതിമറന്നു പോകുന്നുവെന്ന തത്വം വിസ്മരിക്കാൻ പാടില്ല.

മഹാഭാരതം മൂലത്തിൽ വേദവ്യാസർ നൂററിഒന്നു അദ്ധ്യായങ്ങൾകൊണ്ടു കർണ്ണപർവ്വം വിവരിച്ചിരിക്കുന്നു. വജ്രസംഹനനൻ എന്നു പ്രഖ്യാതനും പാണ്ഡവപക്ഷീയനുമായ മലയധ്വജപാണ്ഡ്യന്റെ വധം, കർണ്ണാർജ്ജുനയുദ്ധത്തിൽ സർവ്വലോകനാശം കണ്ടു മഹാബ്രഹ്മാവിനോടു ഇന്ദ്രാദിദേവന്മാർ അർജ്ജുനനു വിജയം ലഭിക്കണമെന്നു പ്രാർത്ഥിക്കുക, മഹാബ്രഹ്മാവും പരമേശ്വരനും അതു അംഗീകരിക്കുക, മുതലായതു് ഭാരതം മൂലഗ്രന്ഥത്തിൽ കൂടുതലായികാണുന്നുണ്ടു്.

തമായാന്തം സമീക്ഷ്യൈവ ശ്വേതാശ്വം കൃഷ്ണസാരഥിം
മദ്രരാജോബ്രവീൽകർണ്ണം കേതും ദൃഷ്ട്വാമഹാത്മനഃ!
'അയം സരഥ ആയാതി ശ്വേതാശ്വഃ കൃഷ്ണസാരഥിഃ!
നിഘ്നന്നമിത്രാൻസമരേ യംകർണ്ണ! പരിപൃച്ഛസി!

*   *   *   *

ഏതച്ചക്രം ഗദാ ശംഖഃ ശാർങ്ഗം കൃഷ്ണസ്യ ചപ്രഭോ!
ദൃശ്യതേ പാണ്ഡവരഥേ വാഹയാനസ്യ വാജിനഃ'

മുതലായ ഭാഗമാണു് എഴുത്തച്ഛൻ

"പലരോടുംകാണാഞ്ഞിഹചോദിച്ചോരു
വലരിപുതനയനെക്കണ്ടാലും നീ
മുനികൾ മാനസതളിരിലും ഗോപ-

*   *   *   *

പദസരോരുഹയുഗവുമെന്നുടെ
ഹൃദയംതന്നിലങ്ങിരിക്കുംപോലവെ"

എന്ന പ്രസിദ്ധമായ വരികളാൽ വിവൎത്തനം ചെയ്തിട്ടുള്ളതു്. ഈ ഭാഗത്തിന്റെ ഹൃദ്യത ആസ്വദിച്ചറിയാവുന്നതല്ലാതെ വചനവിഷയമല്ലതന്നെ.

കിളിപ്പാട്ടിൽ ദുശ്ശാസനവധം വൎണ്ണിച്ചിട്ടുള്ളതു വായിക്കുമ്പോൾ വായനക്കാർ ഭീമദുശ്ശാസനന്മാരുടെ ദ്വന്ദ്വയുദ്ധവും ഭീമന്റെ ക്രോധവചനങ്ങളും ഹിരണ്യസംഹാരത്തിലെ നരസിംഹത്തിന്റെ ഭീഷണരൂപവും മറവും പ്രത്യക്ഷത്തിൽ ദർശിക്കുകതന്നെ ചെയ്യുന്നുണ്ടു്.

കൎണ്ണൻ.

"കളിയല്ലെ, കൎണ്ണന്റെയും ദുശ്ശാസനന്റെയും വധ-
മെളുതാമോ പാണ്ഡവക്കീബന്ധുവില്ലാഞ്ഞാൽ"

എന്നു മഹാഭക്തനായ രാമപുരത്തുവാര്യർ കുചേലവൃത്തം വഞ്ചിപ്പാട്ടിൽ ഗാനംചെയ്യുന്നതു് ശ്രീകൃഷ്ണപ്രാഭവംനിമിത്തമോ, മികച്ച കൃഷ്ണഭക്തിനിമിത്തമോ എങ്ങനെയെങ്കിലും ആകട്ടെ, കൎണ്ണൻ ഒരു മഹാപുരുഷനാണെന്നു് മുന്നുദ്ധരിച്ച പദ്യപംക്തി സൂചിപ്പിക്കുന്നുണ്ടു്. 'കൊടയിലെ കൎണ്ണൻ' എന്നു തമിഴരുടെ ഇടയിൽ ഒരു പഴമൊഴി കാണുന്നു. ജന്മനാ ലബ്ധങ്ങളായ കവചകുണ്ഡലങ്ങൾ ധരിച്ച കൎണ്ണൻ ആരാലും വിദഗ്ദ്ധവില്ലാളിയും സവ്യസാചിയുമായ സ്വപുത്രനാൽപോലും അജയ്യനായിത്തീരുമെന്നു കരുതി ഭാവിഭാരതയുദ്ധത്തെ പ്രതീക്ഷിച്ച ദേവേന്ദ്രൻ ബ്രാഹ്മണവേഷംധരിച്ചു് കൎണ്ണന്റെ അടുക്കൽനിന്നും അവയെ യാചിച്ചു് അപഹരിച്ചുകളഞ്ഞു. അത്രക്കു മഹാദാതാവാകുന്നു കൎണ്ണൻ. മറെറാരവസരത്തിൽ ബ്രാഹ്മണവേഷധാരിയായ മഹാവിഷ്ണു യാചിച്ചപ്പോൾ തന്റെ മാംസങ്ങൾപോലും നൾകിയ ഉദാര

ചിത്തനാകുന്ന കർണ്ണനെന്ന് ജൈമിനിഭാരതം പ്രസ്താവിക്കുന്നു.

കന്യകയായിരിക്കുമ്പോൾ സൂര്യദേവനിൽ നിന്നും കുന്തിക്കു ലഭിച്ച പുത്രനായതിനാൽ കാനീനനെന്നും ഒരിക്കലും വേർപെടുത്തുവാൻ കഴിയാത്തവയും ജന്മസിദ്ധങ്ങളുമായ കവചകുണ്ഡലങ്ങളെ ഇരുപാർശ്വങ്ങൾ കൃന്തനംചെയ്തും കർണ്ണങ്ങൾ ഛേദിച്ചും ദേവേന്ദ്രനു ദാനംചെയ്തതിനാൽ കർണ്ണനെന്നും വൈകർത്തനനെന്നും, സൂതപത്നിയായ രാധ വളർത്തിയതിനാൽ രാധേയനെന്നും കർണ്ണനു പേരുകൾ കിട്ടി. യോഗ്യന്മാരായ പാണ്ഡവന്മാരുമായി ചേരുന്നതിനു പകരം അർജ്ജുനന്റെ ധനുർവിദ്യാവൈചക്ഷണ്യംകണ്ട് അമർഷാക്രാന്തനായി ദുര്യോധനപക്ഷത്തിൽ ചേർന്ന് പാണ്ഡവന്മാരെ കർണ്ണൻ ദ്വേഷിച്ചുതുടങ്ങി. കർണ്ണനു് ആഭിജാത്യമില്ലെന്ന് കൃപാചാര്യർ ഒരിക്കൽ നിന്ദിച്ചതിനാൽ ദുര്യോധനൻ കർണ്ണനെ അംഗരാജനാക്കിത്തീർത്തു. കർണ്ണൻ ദുര്യോധനന്റെ വലതുകൈയാണ്. ദുര്യോധനന്റെ ദുഷ്പ്രവൃത്തികളിലെല്ലാം കർണ്ണനും ഒരു പങ്കുണ്ടെന്നു പറയാം. പരശുരാമനിൽനിന്നും അസ്ത്രവിദ്യ അഭ്യസിച്ചിരുന്നു. ദുര്യോധനനുമായി സന്ധിപറഞ്ഞു കാര്യങ്ങൾക്കു ഒതുക്കമുണ്ടാക്കാമെന്നു വിചാരിച്ച് ധർമ്മപുത്രർ കടശികൈയായി ശ്രീകൃഷ്ണനെ ദൂതിനു അയച്ചതു് നിഷ്ഫലമായി പരിണമിച്ചതിനാൽ ഭാരതയുദ്ധം ആരംഭിച്ചു. ഭാരതയുദ്ധം ദായാദഭാഗത്തിനുള്ള പോരുതന്നെയാണ്. ഭീഷ്മർ തന്നെ അപമാനിച്ചതുനിമിത്തം അദ്ദേഹം മരിച്ചേ താൻ യുദ്ധത്തിനുള്ളുവെന്ന് കർണ്ണൻ പ്രതിജ്ഞചെയ്തു. ഭീഷ്മരും അതുകഴിഞ്ഞു

ദ്രോണരും പടനായകത്വം വഹിച്ചു. ആക്കം അജയ്യനായ അഭിമന്യുവിൻെറ പിൻവശം പററി കർണ്ണൻ വില്ല മുറിച്ചില്ലെങ്കിൽ കുരുപാണ്ഡവയുദ്ധം അന്നുതന്നെ സമാപിക്കുമായിരുന്നു. കവചകുണ്ഡലങ്ങൾ കിട്ടിയതിനു പകരമായി ശത്രുസംഹരണക്ഷമവും അമോഘശക്തിയുമായ ഒരു വേൽ ഇന്ദ്രൻ കർണ്ണനു നൽകിയിരുന്നതു് ഘടോൽക്കചൻെറ അമിതപരാക്രമവും സർവശത്രുസംഹാരകതയും വീക്ഷിച്ചു കർണ്ണൻ പ്രയോഗിച്ചുപോയിരുന്നില്ലെങ്കിൽ ശ്രീകൃഷ്ണബന്ധുത്വമുണ്ടായിരുന്നാലും അർജ്ജുനനു് കർണ്ണജയം അസാദ്ധ്യമായിത്തീരുമായിരുന്നു. ഘടോൽക്കചവധത്തിൽ പാണ്ഡവന്മാർ എല്ലാവരും ഖേദിക്കെ ശ്രീകൃഷ്ണൻമാത്രം മുദിതനായിക്കണ്ടതിൽ അർജ്ജുനൻ കാരണമെന്തെന്നു് ചോദിച്ചപ്പോൾ ഭഗവാൻ പറയുന്നതു് നോക്കുക :—

'ശക്തിംഘടോൽക്കചേനേമാം വ്യംസയിത്വാമഹാദ്യുതേ!
കർണ്ണംനിഹതമേവാജൌ വിദ്ധിസദ്യോധനംജയ!
ശക്തിഹസ്തംപുനഃ കർണ്ണംകോ ലോകേടസ്മിപുമാനിഹ
യഏനമഭിതസ്തിഷ്ഠേൽ കാർത്തികേയമിഹാഹവെ!

*　　*　　*　　*　　*

ഗാണ്ഡീവമുദ്യമ്യഭവാംശ്ചക്രംചാഹം സുദർശനം
നശക്തൌ സ്വോ രണെ ജേതും തഥായുക്തം നരർഷഭം

ദ്രോണപർവം.

*　　*　　*　　*　　*

സുദർശനധാരിയായ കൃഷ്ണനുപോലും ശക്തിധരനായ കർണ്ണൻ ഹന്തവ്യനല്ലെങ്കിൽ ഗാണ്ഡീവധന്വാവായ അർജ്ജുനൻ എന്തു ചെയ്യും?

എഴുത്തച്ഛൻ.

'അക്കതനയനും ശക്തിപോയി മമ
ചക്രതനയനെ രക്ഷിപ്പതിന്നിനി
പാരംപണിയില്ലയെന്നു മുകുന്ദനും'

എന്നു മൂന്നു വരികൊണ്ടു മാത്രമേ ഈ ഭാഗം പരിവൎത്ത നം ചെയ്തിട്ടുള്ളു. വാസ്തവത്തിൽ ഇന്ദ്രദത്തമായ വേല് കർണ്ണൻ അർജ്ജുനന്റെനേക്ക് പ്രയോഗിച്ചിരുന്നാൽ അർജ്ജുനൻ അന്നുതന്നെ കഥാശേഷനായേനെ; കുരുപാണ്ഡവയുദ്ധവും അവസാനിച്ചേനെ. ഇതു മാത്രമായൊ? കർണ്ണന്റെ നാഗാസ്ത്രം അർജ്ജുനന്റെ കണ്ഠവും കൊണ്ടു പോകുമായിരുന്നു. അർജ്ജുനന്റെ കണ്ഠം ലക്ഷ്യമാക്കി അയച്ച നാഗാസ്ത്രം, ശ്രീകൃഷ്ണൻ തേർ നിലത്തിൽ അഞ്ചാറു വിരൽ താഴ്ത്തിയതുനിമിത്തം അർജ്ജുനന്റെ മകുടവും കൊണ്ടാണ് ചെന്നത്. കുന്തീദേവിയുടെ പ്രേരണയാൽ പാണ്ഡവന്മാരെ വധിക്കുകയില്ലെന്നൊരു സത്യം കർണ്ണൻ ചെയ്തിരുന്നതും, പരശുരാമശാപത്താൽ ശസ്ത്രാസ്ത്രങ്ങൾ സമയത്തു തോന്നാതായതും വിപ്രശാപത്താൽ രഥചക്രം പോർക്കളത്തിൽ താണുപോയതും നിമിത്തം അർജ്ജുനൻ രക്ഷപ്പെട്ടു. ഈശ്വരാധീനം പാണ്ഡവപക്ഷത്തിലായിരുന്നതുകൊണ്ടു കർണ്ണനു അപജയം വന്നുചേർന്നുവെന്നേയുള്ളു.

ദുര്യോധനപക്ഷപാതവും പാണ്ഡവദ്വേഷവും ഒഴിച്ചാൽ കർണ്ണനെപ്പോലെ ഒരുത്തമപുരുഷൻ കണ്ടുകിട്ടാൻ പ്രയാസമാകുന്നു.

'ബ്രഹ്മണ്യഃ സത്യവക്താച തപസ്വീ നിയതവ്രതഃ
രിപുഷ്വപിദയാവാംശ്ചതസ്മാൽ കർണ്ണോവൃഷാസ്മൃതഃ

എന്നു ശ്രീകൃഷ്ണഭഗവാൻപോലും കർണ്ണനെ സ്തുതിക്കുന്നുണ്ടു്. സത്യവചസ്സായതുകൊണ്ടാകുന്നു കർണ്ണൻ ധർമ്മപുത്രരെ കൊല്ലാതെ അയക്കുന്നതു്.

അശ്വത്ഥാമാവു് കർണ്ണനെ ഒരവസരത്തിൽ സൂതനെന്നു പറഞ്ഞു പരിഹസിക്കുമ്പോൾ കർണ്ണൻ പറയുന്നതു വേണീസംഹാരകർത്താവു് ഭട്ടനാരായണൻ ഉപനിബന്ധിച്ചിട്ടുള്ളതു നോക്കുക.—

'സൂതോ വാ സൂതപുത്രോവാ
യോ വാ കോ വാ ഭവാമ്യഹം ।
ദൈവായത്തം കുലേ ജന്മ
മദായത്തംതുപൌരുഷം ॥

വേണീസംഹാരം.

എവിടെ ഏതു വംശത്തിൽ ജനിച്ചാലും പുരുഷകാരത്താൽ സാധിക്കാത്ത കാര്യമില്ലെന്നു വിശ്വസിക്കുന്ന കർണ്ണന്റെ മനോഗതി ആർക്കും അനുകരണീയമത്രെ.

<u>ഉപസംഹാരം.</u> മെനിലാസിന്റെ 'ഹെലൻ' എന്ന സ്ത്രീരത്നത്തെ 'പാരിസ്' അപഹരിച്ചു കൊണ്ടുപോയതും ട്രോയിയിലെ യുദ്ധവും മററും ആസ്പദമാക്കി 'ഇലിയഡി'നെ അനുകരിച്ചു രാമായണം എഴുതപ്പെട്ടുവെന്നു ചിലർ അഭ്യൂഹംചെയ്യുന്നതിന്റെ സാധുതാസാധുത്വം വിചിന്തിക്കുന്നതു അപ്രസ്തുതമാണെങ്കിലും ഭാരതത്തിലെ ദ്രൌപദിയുടെയും മററും ബഹുഭർത്തൃകത (polyandry) യും അർജ്ജുനാദിരാജാക്കന്മാരുടെ ബഹുഭാര്യത്വ (polygamy)യും ദായാദസ്പോരും മററും അവേക്ഷിച്ചു ഭാരതകഥ രാമായണത്തിനു മുമ്പു് അപരിഷ്കൃതകാലത്തു നടന്നതാണെന്നു തീർച്ചയാക്കുന്നതിനെക്കുറിച്ചു് ഒന്നു രണ്ടു വാക്കു പ

റഞ്ഞുകൊള്ളട്ടെ. വനവാസകാലത്തു രാമായണം കഥ മാൎക്കണ്ഡേയമഹൎഷി ധൎമ്മജാദികളെ ചൊല്ലിക്കേൾപ്പിക്കുന്നതു് കൂട്ടിച്ചേൎപ്പു് (interpolation) എന്നാണു് ഇവരുടെ വാദം. കഥാഗാത്രത്തിൽ വ്യത്യാസമില്ലാതിരിക്കുമ്പോൾ ഒരു ഭാഗം ഒരാളുടേതെന്നും മറെറാരുഭാഗം മറെറാരാളുടേതെന്നും പറവാൻ ഇവരെ പ്രേരിപ്പിക്കുന്ന സംഗതിയെന്താണാവൊ? രാമായണകാലത്തു അറിയപ്പെട്ടിട്ടില്ലാത്ത പല രാജ്യങ്ങളും ഭാരതകഥാകാലത്തിൽ ദക്ഷിണാപഥത്തിൽ ഉദയം ചെയ്തിട്ടുണ്ടു്. രാമരാവണയുദ്ധം ഭാരതത്തിൽ പല സ്ഥലത്തും അനുസ്മരിക്കപ്പെട്ടുന്നു. ശ്രീകൃഷ്ണന്റെ സ്വൎഗ്ഗാരോഹണവും ധൎമ്മജാദികളുടെ രാജ്യഭരണവും കലിയുഗത്തിന്റെ പ്രാരംഭത്തിൽ ആണെന്നു സൎവ്വവിദിതവുമാകുന്നു.

ഭാരതത്തിന്റെ മഹത്വവും ആഖ്യാനങ്ങളുടെയും ഉപാഖ്യാനങ്ങളുടെയും ബാഹുല്യവും രാജനീതി മുതലായവയുടെ അന്തർവാഹകതയും ധൎമ്മജാദിമാതൃകാപുരുഷന്മാരുടേയും ദുൎയ്യോധനാദി ലോകസാധാരണജനങ്ങളുടേയും ചരിത്രകഥനവും സൃഷ്ടിയുടെയും ഉപസൃഷ്ടിയുടേയും വിവരണം മുതലായവയുംകൊണ്ടു് മഹാഭാരതം പഞ്ചമവേദമാണെന്നുപരിഗണിക്കുന്നതിൽ ആശ്ചൎയ്യമെന്തുള്ളൂ.

കരമന, ന്റ—ഹ—ഫഹർ. } കെ. ശിവരാമകൃഷ്ണശാസ്ത്രി.

# കൎണ്ണപൎവ്വം.

ഹര! ഹര! ഹര! ശിവ! ശിവ! ശിവ
പുരഹര! മുരഹരനതപദ
ഭവമൃതിഭയഹര! സ്മരഹര
ഭവ! മൃഡ! വൃഷധ്വജ! വിഷാശന!
ഗിരീശശങ്കര ദുരിതനാശന
ഗിരിനിലയന ഗിരിജാവല്ലഭ!
പര! പര! പര! പരമ! പാഹിമാം
പരമാനന്ദമെന്നതേ പറയാവു
ശുകതരുണി! നിൻവചനപീയൂഷ
സുഖപാനമോദലഹരികൊണ്ടു ഞാൻ
പരവശനായി ച്ചമഞ്ഞിതേററവും
പറകശേഷവു മിനി നീ വൈകാതെ
പരപ്പുകണ്ടോളം പണി പണി ചൊൽവാൻ
പലൎക്കും വേണമെന്നിരിക്കിലിന്നിയും
ചുരുക്കിച്ചൊല്ലുവൻ കഥ നടേതിലും
ചുരുക്കിച്ചൊൽവാനും പണിയത്രേ തുലോം
അഹരഹമംഹമഘമകലുവാ
നഹികുലപതിശയനലീലകൾ
മഹിതഭാരതചരിതവ്യാജേന
മഹതാമാനന്ദം വരുവാൻ ചൊല്ലുവൻ
ഭരദ്വാജാത്മജൻ മരിച്ചനന്തരം
ഭരിച്ചിതുപട ദിനകരസുതൻ

കരുത്തുള്ള ജ്ജുനൻ ശരത്താലംഗേശൻ
മരിച്ചാനെന്നതു പറഞ്ഞു സഞ്ജയൻ
കുരുപ്രവരനാം ധൃതരാഷ്ട്രൻ താനു
മുറക്കെ വാവിട്ടൊന്നലറി വന്മരം
മുറിച്ചു ഭൂമിയിൽ ചെരിച്ചതു പോലെ
വിറച്ചു വീണിതു പെരുത്ത ദുഃഖത്താൽ
തൊഴിച്ചുലച്ചും വീണുരുണ്ടും പെണ്ണുങ്ങൾ
കുഴപ്പം പാരമായ് ചമഞ്ഞിതന്നേരം
വിമലമാനസൻ വിദുരരെത്രയും
വിരയെച്ചെന്നെടുത്തരചനെപ്പുൽകി
കുളുത്ത നീർകൊണ്ടു തളിച്ചു മോഹവും
തളത്തിനാൻ ചില വചനങ്ങൾ കൊണ്ടും
അതുകേട്ടുനൃപനരുളിച്ചെയ്തിതു
മതിമാനാകിയവിദുരരോടേവം
തനയന്മാരുടെമരണവുംകണ്ടു
തനിയേ ഞാനിനി മരിയാതെ ഭുവി
മരുവീടുന്നതു വിധിബലമഹോ!
മരണംപ്രാപിപ്പാൻകഴിവുകണ്ടില
എരിയുമഗ്നിതൻനടുവിൽ വീഴ്കയോ?
ഗരളമമ്പൊടുകുടിക്കയോ നല്ലു?
അതിദുരിതംചെയ്തതുമനുഭവി
*ച്ചവനിയിലിരുന്നതുമിനി മതി
വിവിധമിത്തരംപറഞ്ഞുകേഴന്നോ
രരചനെത്താഴ്ത്തുരചെയ്താൻസൂതൻ
മതിനയനനാശ്ശരുവുംമന്നവ

* 'അവനിയിലിനിയിരുന്നതുമതി' എന്നു പാഠ ഭേദം.

മതിമതിഖേദമിനിയെല്ലാംകൊണ്ടും.
മതികേട്ടുള്ളവർസുതരെന്നാകിലും
മതിമാന്മാരായോർകളകെന്നേവരു
അറിവില്ലാതൊരുമകനെലാളിച്ചി
ട്ടറിവുള്ളോരുനീ കരകെന്നുംവന്നു.
മറകൾവെവ്വേറെപകുത്തവൻതാനും
മറയവൻകൌഷാരവിമുനീന്ദ്രനും
അറിവുള്ള തവ വിദുരരും പിന്നെ
അറിയപ്പോകാത ചപലനാംഞാനും
നദീതനയനും കൃപരും ദ്രോണരും
വിദിതവേദാന്തി സനൽകുമാരനും
നിഖിലലോകനായകൻപരൻപുമാൻ
നിഗമക്കാതലായ്വിളങ്ങിനകൃഷ്ണൻ
തിരുവടിതാനുമരുൾചെയ്തുമുന്നം
തിരുമുമ്പിൽനിന്നു പലരും കേൾക്കവേ
അവയൊന്നുംതവമനസ്സിലേററതി
ല്ലവനിയെക്കാതിച്ചൊരുസുയോധനൻ
പറഞ്ഞതുതന്നെമനസികെക്കൊണ്ടു
പരിലാളിച്ചതുനിമിത്തമായിപ്പോൾ
വരുന്നസന്താപമിനിയുംമേൽക്കുമേൽ
വരുമത്രേയതും സഹിച്ചിരിക്കനീ.
നൃപനോടിങ്ങനെഝടിതിസഞ്ജയൻ
കപടംകൈവിട്ടുപറഞ്ഞതുകേട്ടു
പരിതാപംപൂണ്ടുനരപതിചൊന്നാൻ
പറക കർണ്ണൻെറമരണവൃത്താന്തം.
പറയാമെങ്കിലെന്നവനുംചൊല്ലിനാൻ-
പരന്നവൻപടയ്ക്കധിപതിയാക്കി
യഭിഷേകംചെയ്താനഥസുയോധനൻ

തപനപുത്രനാസ്ഥിളങ്ങും കണ്ണനെ;
പുനരപ്പിക്കൈയുംപിടിച്ചവൻതന്നോ
ടനനയത്തോടുപറഞ്ഞുഭൂപനം;
'ഭയമെല്ലാമിനിക്കകലെപ്പോയിതു
ജയമിനിവരുമിനിക്കനിണ്ണയം.
പിതൃപിതാമഹസമനായുള്ളോവേ!
ചതിവെടിഞ്ഞൊരുസഖിയായുള്ളോവേ!
യുധിഷ്ഠിരൻതന്നെപ്പിടിച്ചുകെട്ടണം
യുധി വിജയനെ വധിക്കയുംവേണം.'
പണിയില്ലേതുമിന്നതിലെനിക്കെന്നു
പറഞ്ഞുകോപ്പിട്ടുപുറപ്പെട്ടാൻകണ്ണൻ.
നടത്തിച്ചു വാദ്യമലറിച്ചുംകൊണ്ടു
നടിച്ചുനാലംഗപ്പടയുമായടൽ-
കളത്തിലാമ്മാറുനിറഞ്ഞുകൗരവർ.
കളിച്ചുവീരവാദവുംപറഞ്ഞുടൻ
കുതിച്ചു ചാടുന്നകുതിരകളുടെ
കുളമ്പുകളേററുകിളറിപ്പൊങ്ങീടും
പൊടിയും തേരുരുളൊലിയും വൈരികൾ
പൊടിയുമാറലറിനകരികളും
കുടകുടനിലവിളിച്ചു കാലാളും
കുടതഴകളും കൊടിമരങ്ങളും
പ്രരന്ന പോക്കളം നിറഞ്ഞുവൻപട
നിരന്നതുകണ്ടു ഝടിതി പാണ്ഡവർ
പതിനാറാംദിനമുഷസി ലോകൈക-
പതി വസുമതീപതി രമാപതി
പതി ധർമ്മപതി സതാംപതി ഹരി
സുരപതി സ്വാഹാപതി പിതൃപതി

നിരൃതിയാദസാം പതി സദാഗതി
നിധിപതിപശുപതികരാഷ്ടക
പതി ഗോപീജനപതി മമപതി
യദുപതി ദയാനിധി മഖപതി
സുരപതിസുതരഥമതിലേറി
സുരുചിരമായവപുഷാ കണ്ടാശു
സുഖിച്ചുപോരിന്നുപുറപ്പെട്ടാരല്ലോ.
മകരവ്യൂഹവും ചമച്ചിതു കണ്ണൻ.
മകരകുണ്ഡലധരസഖിയായ
പുരന്ദരസുതൻപുരുഷകുഞ്ജരൻ
പുരന്ദരസേനാപതിസമൻ പാൎത്ഥൻ
ചമച്ചുചന്ദ്രാൎദ്ധപ്രഭമാകുംവ്യൂഹം;
ഭ്രമിച്ചിതുകണ്ടുകുരുവീരന്മാരും.
എതിൎത്തുഭീമസേനനോടശ്വത്ഥാമാ
മദിച്ചൊരാനകളെതിൎത്തുപോലെ
സമുദ്രങ്ങൾതമ്മിൽപൊരുന്നപോലെയും
പരുത്തശൈലങ്ങൾപൊരുന്നുപോലെയും
മഹിഷനുംദുൎഗ്ഗാഭഗവതിതാനും
മഹിതഘോരമായ്പ്പൊരുതപോലെയും
ദശരഥനരപതിതനയനും
ദശവദനനുംപൊരുതപോലെയും
ഭയമാകുംവണ്ണംപൊരുതിരുവരും
മരിയാതെകണ്ടുപിരിഞ്ഞാരന്നേരം.
ശ്രുതകീൎത്തിനരവരനുംശല്യരോ
ടെതിൎത്തുപോർചെയ്തു മരിയാതെ തോററാൻ
ദിനകരതനയനുംനകുലനും
ചിരമൊട്ടുപൊരുതുലഞ്ഞുമാദ്രേയൻ.
കൃപരോടേറവുംതോററിതുധൃഷ്ടദ്യുമ്നൻ.

കൃതവൎമ്മാവിനോടഥ ശിഖണ്ഡിയും
വിഷധരധ്വജനൊടുയുധിഷ്ഠിരൻ
വിഷമിച്ചുനിന്നുജയിച്ചാനന്നേരം.
പലരൊടുംകൂടിപ്പൊരുതുപാൎത്ഥനും
പരിഭവംവന്നതൊഴിച്ചാനേവൎക്കും.
ജയിച്ചുപാണ്ഡവരൊടുക്കൌരവ
രൊഴിച്ചുപാഞ്ഞിതുപിരിഞ്ഞിതുപട.
പറഞ്ഞിതുസുയോധനനുംകണ്ണനോ
ടനന്യബന്ധുവായ് ചമഞ്ഞുഞാനെടോ!
അരികളെക്കൊന്നുജയംതരുവതി
നരുതുമററാൎക്കുംനിന്നെക്കൊഴിഞ്ഞിനി.
ഗുരുവിനും പിതാമഹനും മാംപ്രതി
തിരുമനസ്സുണ്ടായ് ചമഞ്ഞീലേതുമേ.
ചെറുതു പുഞ്ചിരി കലൎന്നു കണ്ണനും
നരവരനൊടു പറഞ്ഞാനന്നേരം.
‘അറിയുന്നീലയോ? വിജയൻതന്നുടെ
ചരിതമെല്ലാമെന്നിരൂപിച്ചുകാൺക.
മണിമയമായമകുടംനല്കിയ
തമരകൾവരനവനുടെശംഖും
കൊടിയടയാളംകൊടിയമാരുതി
പരുത്തഖാണ്ഡവംദഹിപ്പിച്ചുമൂല
മുരത്തഗാണ്ഡീവംകൊടുത്തിതഗ്നിയും.
ശരമൊടുങ്ങാതശരധിയുമുണ്ടു,
മൃഡനീശൻപശുപതിജഗന്നാഥൻ
കൊടുത്തൊരുപാശുപതവുമുണ്ടല്ലോ.
ഹരിജഗന്നാഥൻപരൻനാരായണ
നരികിലുണ്ടല്ലോതുണയായെപ്പൊഴും.
വിജയനെന്നുപേരവനാകുന്നതു

ജയമെല്ലാംകൊണ്ടുമവനേവന്നിട്ട.
പരശുരാമൻതന്നനുഗ്രഹത്തിനാ
ലൊരുവണ്ണംജയംവരുമെന്നാകിലും
ഒരുവരില്ലതേർനടത്തുവാനിനി
ക്കുടമയോടതിന്നയയ്ക്ക ശല്യരേ.'
അതുകേട്ടസുയോധനനുമന്നേര
മനുനയത്തോടുപറഞ്ഞുശല്യരോ
ട്'ടിമലരിണഗതിയിനിക്കിനി
യടിയനുവേണ്ടിയൊരുവസ്തുവേണം.
നിനവിനിക്കെൻറ ജനകനെന്നത്രെ
തനയനെന്നെന്നെക്കരുതീടേണമേ.
പലപരിഭവമിനിക്കുചെയ്തൊരു
വലരിപുസുതവധത്തിനിന്നിനി
ദിനകരസുതരഥംനടത്തണം
മനുകുലവരസമനായുള്ളോവേ!'
അതു സുയോധനൻപറഞ്ഞതുനേരം
മതിമാൻമാദ്രാധിപതിയാംശല്യരും
അഭിമതമെന്നങ്ങിരിക്കിലുംതനി
ക്കഭിമതമല്ലെന്നതുഭാവിച്ചുടൻ
അതികോപത്തോടുപറഞ്ഞിതന്നേര
'മതിനൊരാൾകണ്ടതഴകിതെത്രയും.
കരുത്തേറുംമഹാരഥന്മാരെജ്ജയി
ച്ചിരിക്കുമെന്നോടുപറഞ്ഞതുനന്നു?
പെരുത്തധിക്കാരംനിനക്കെന്നുള്ളതു
കരുതിക്കൊള്ളാമെന്നതേപറയേണ്ടു'
ധൃതരാഷ്ട്രാത്മജനതുകേട്ടപ്പോഴെ
തെരുതെരെത്തൊഴുതുടനേചൊല്ലിനാൻ.
'കുറയക്കണ്ടല്ലപറഞ്ഞതേതും ഞാൻ

കുറിക്കൊണ്ടീടരുതരുതതിന്നേതും*.
തനിക്കുതാൻപോന്നജനങ്ങളുമൊക്കെ
ത്തനിക്കവേണ്ടുകിലെളിയതുംചെയ്യും.
അതിന്നനാണക്കേടകപ്പെടാതാനു
മതിഗുണമുള്ളോൎക്കതുധരിച്ചാലും.
ത്രിപുരന്മാരോടുപൊരുവാനീശനു
തിറമൊട്ടു തേരുന്നടത്തി ധാതാവും.
മഹിമയേതുമേ കുറഞ്ഞുപോയീല
മഹതാമീശനാകിന്നവിരിഞ്ചനും.'
കഥയ ഭൂപതേ! പുരമഥനനു
രഥമുണ്ടാപണ്ടുനടത്തിനാന്മുഖൻ.
പറഞ്ഞുകേൾക്കട്ടെപരമാൎത്ഥമെന്നു
പറഞ്ഞമാദ്രേശനൊടുസുയോധനൻ
പറഞ്ഞാ'നെങ്കിലോതെളിഞ്ഞുകേട്ടാലും
പരമേശൻപുരമെരിചെയ്തതെല്ലാം

## ത്രിപുരദഹനം-ധാതൃസാരഥ്യം.

അസുരകൾകുലപ്പെരുമാൾ താരക
നവനുമക്കളായ്പിറന്നിതു മൂവർ.
അവർകൾനാമംകേട്ടരുൾവിദ്യുന്മാലി
അവനുതമ്പിതാരകചക്ഷുസ്സെന്നും
അപരനായതുകമലാക്ഷനവ-
രതിശക്തന്മാർമൂവരുമൊരുമിച്ചു
തപസ്സുപഞ്ചാഗ്നിനടുവിൽനിന്നുചെയ്തു
മൎത്ത്യവൈരികൾവിരിഞ്ചൻതന്നൊടായ്
വിബുധതാമിരന്നതുകിട്ടായ്കയാൽ
വിമലമായുള്ളപുരങ്ങൾകാമിച്ചാർ
ഒരുത്തരാലുമങ്ങൊരിക്കലുംനാശം

---

* 'കുറിക്കൊണ്ടീടരുതതു ഭവാനതും' എന്നു പാഠാന്തരം

വരുത്തിക്കൂടാതപുരത്രിതയത്തെ
വരുത്തിക്കൊള്ളുവാൻവരത്തെനൽകണം,
കരുത്തുഞങ്ങൾക്കുപെരുക്കയുംവേണം.
'ഉരത്തവണ്ണമേ വരിക നിങ്ങൾക്കു
സഹസ്രവത്സരംതികയോളംകാലം
വരികപിന്നെനാശവുമവററിനെ'ന്നരുൾചെയ്തു
ചതുർമ്മുഖൻമറഞ്ഞതപ്പോൾ
വരങ്ങൾകൊണ്ടവർമയനൊടുചൊന്നാർ
പുരങ്ങൾനിർമ്മിച്ചുതരികെന്നപ്പൊഴേ
അവനിയിലൊരുശതകയോജന
വഴിവിസ്താരത്തിലിരിമ്പുതന്നാലും
ഭുവർലോകത്തിങ്കൽചമച്ചുവെള്ളികൊ
ണ്ടമരലോകത്തുകനകംതന്നാലും
പരിണാഹംമൂന്നുമൊരുപോലെതന്നെ
പരിചൊടുവാണാരവററിൽമൂന്നിലും.
പരിതാപംപൂണ്ടു ഭുവനവാസികൾ
പരവശന്മാരായുഴന്നിതേററവും
വിബുധരക്കാലംവിരിഞ്ചൻതന്നൊടു
വിവിധവേദനപറഞ്ഞാരന്നേരം
ശതമുഖാദികൾ ചതുർമ്മുഖനുമായ്
ശതപത്രായതനയനൻമേവിടും
പയഃപയോധിതന്നുടെകരേചെന്നു
ഭയപ്രകാരങ്ങളുണർത്തിച്ചനേരം
കഴിവുണ്ടാക്കുവൻപൊറുത്താലുമവ
ക്കഴിവില്ലാരാലുംശിവനാലെന്നിയെ.
പുനരതുകേട്ടുപുരന്ദരാദികൾ
പുകഴ്ത്തിനാർചെന്നുഗിരിജാകാന്തനെ.
സ്തുതിച്ചതുകേട്ടുതെളിഞ്ഞുരുദ്രനും
ചിരിച്ചരുൾചെയ്തുവിബുധന്മാരൊടായ്

സുരവരന്മാരെസുഖമല്ലീചൊൽവി
നൊരുമിച്ചെല്ലാരും വരുവാനെന്തിപ്പോൾ?
'സുഖമല്ലീയെന്നതരുൾചെയ്തപ്പൊഴേ
സുഖമായ്വന്നിതുമനസിഞങ്ങൾക്കൊ
ത്രിപുരന്മാരാലുള്ളുപദ്രവത്തിനാൽ
ത്രിഭുവനമെല്ലാം നശിച്ചുദൈവമേ!
അവരെനിഗ്രഹിച്ചുഭയം നൽകണം
അഖിലലോകേശ! ശരണമെപ്പൊഴും."
അതുകേട്ടദേവനരുൾചെയ്തീടിനാ
നവരൊടു'പോരിനൊരുവസ്തുവില്ല'
പുരുഹൂതാദികളതുകേട്ടുചൊന്നാർ
'പുരന്മാരെവധിച്ചരുളുവാനിപ്പോൾ
കനകമാമല വളച്ചുവില്ലാക്കി
കലയ്ക്കുഞാണിനുംപൊരുത്തവാസുകി
ശരമാകുന്നതുപരൻ നാരായണൻ
മറകൾനാലുണ്ടുകുതിരകൾക്കിപ്പോൾ
രവിശശികൾ തേരുരുളുകളാക്കാ
മവനിതേർത്തട്ടു ചതുർമ്മുഖൻ സൂതൻ
കലഹത്തിനെന്തുകുറവിനി' യെന്നു
വലഹന്താദിയാമമരർചൊന്നപ്പോൾ
ത്രിപുരന്മാരെക്കൊന്നൊടുക്കുവാനീശൻ
ത്രിദശന്മാരുമായിവണ്ണം കോപ്പിട്ടാൻ.
പുരന്ദരാദികൾപലരുംകാണവേ
പുരംദഹിപ്പിച്ചാൻനയനത്തീയാലെ.
ഹരഹര! സ്മരഹര! പുരഹര!
പര! പരാപര! വരദ! ശങ്കര!
ശിവശിവ! ശിവകര! ശിവാത്മക!
ഭവ! ഭവമൃതിഭവഭയഹര!

ജയജയ! നമോനമോജയയെന്നു
സ്തുതിച്ചുസേവിച്ചുസുഖിച്ചാദരവരും.
അതിനുസാരഥിവിരിഞ്ചനായത്തു
മമരകോനുമാതലിതാനല്ലയോ?
ഭുവനനായകൻകമലാകാമുകൻ
കുവലയദലനയനന്മാധവൻ
കുറവുതീൎത്തുവാസവിക്കുസാരഥി
രവിതനയനുവിജയനെവെൽവാൻ
രഥംവിരവൊടുനടത്തുകഭവാൻ
അനുവദിച്ചാലുംകുറവുവാരാ'യെ
ന്നനുസരിച്ചുചൊല്ലിനസുയോധനൻ
പ്രതിബന്ധംകണ്ടുപറഞ്ഞുമാദ്രേശൻ
'പ്രതികൂലഭാവംകളഞ്ഞെന്നെങ്കിൽഞാൻ.
രവിതനയനുഹിതമാകുംവണ്ണം
പവനവേഗേനരഥംനടത്തുവൻ,
പെരികെശിക്ഷിപ്പൻപിഴകൾകണ്ടാൽഞാൻ,
തരണിനന്ദനനതിനുകോപിക്കും.
അവിടെഞങ്ങളിൽചെറുതുചീറുമ്പോള
പജയംവരുമതുമറിഞ്ഞാലും'.
അതുകേട്ടുനാഗധ്വജനുംകണ്ണനോ
ടതിനുകോപിയായ്യേടോ! സഖേയെന്നാൻ
വഴിയേസാരഥ്യംവഹിക്കാമെങ്കിലോ
പിഴകൾകണ്ടാകിൽപറകയുംചെയ്യാം
അതിനുകോപമില്ലെനിക്കെന്നുകണ്ണൻ
മതിമാൻമദ്രേശൻരഥവുംകൂട്ടിനാൻ
ജ്വലിച്ചഭാസ്കരസുതൻശരങ്ങളും
കുലച്ചകാളപൃഷ്ഠവുംധരിച്ചുടൻ
നടിച്ചുതേരതിൽകരയേറീടിനാ

നട്ടുത്തുമററുള്ള ചതുരംഗങ്ങളും.
തെളിഞ്ഞു ഗാന്ധാരിതനയൻതേരതിൽ
വിളങ്ങുംകണ്ണനോടിവണ്ണംചൊല്ലിനാൻ.
'കപിദ്ധ്വജൻതന്നെവധിക്കവൈകാതെ
യുധിഷ്ഠിരൻതന്നെപ്പിടിച്ചുകെട്ടുക
നിബന്ധമെന്നുള്ളിലവർ്ക്കുലെവൈരം
കപിദ്ധ്വജനിലോനിനക്കുമുണ്ടല്ലോ
ജയിച്ചുവൈകാതെവരികെ'ന്നുയാത്ര
യയച്ചുകൌരവവരനുമന്നേരം
അട്ടുത്തുരാക്ഷസപിശാചഭൂതങ്ങ
ളിടിത്തീയുംവീണുവിറച്ചുഭൂമിയും.
കുറുനരികളുംകരഞ്ഞിതുപാരം,
നറുഞ്ചോരപാരംചൊരിഞ്ഞുമേഘങ്ങൾ,
ചുഴലിയുംകാററുംപ്രതികൂലമായി
ട്ടുഴറിനിന്നിതുകൊടുതായേററവും,
കഴുകുംകാകനുംപറന്നിതുമേലെ,
ഒഴുകികണ്ണുനീർകുതിരകൾക്കെല്ലാം,
തടഞ്ഞുവീണിതുഗജപദാതികൾ
ഇടിഞ്ഞുതങ്ങളിൽമറികയുംചെയ്തു.
കടിഞ്ഞിവയൊക്കെക്കഴിച്ചുകണ്ണനും
നടന്നിതുചിത്തമുറപ്പിച്ചന്നേരം.
വഴിയിൽകണ്ടവർപലരോടുമപ്പോൾ
മൊഴിഞ്ഞാനിങ്ങനെവിരുതുള്ളംഗേശൻ.
'നരനാരായണരിരുവരുമെങ്ങാ
രൊരുവർകണ്ടിതോ? പറവിൻവൈകാതെ.
തരുവൻനാടുകൾനഗരംഗ്രാമങ്ങൾ
തുരഗവാരണരത്ഥങ്ങൾനൽകുവൻ
പൊരുതുപാത്ഥനെക്കൊലചെയ്തുപോരിൽ

പൊരുളവനുള്ളതടയനൽകുവൻ.
എവിടത്തുപാൎത്ഥനെവിടത്താനെന്നു
കപടംകൈവിട്ടുപറവിൻകണ്ടാകിൽ.
കഴിവുണ്ടാമീത്തുമവനിന്നെന്നുടെ
മിഴികളിലകപ്പെട്ടുന്നതാകിലോ’
പലരൊട്ടമിത്ഥംപറഞ്ഞുകണ്ണനു
‘മലമല’മെന്നുപറഞ്ഞുശല്യരും.
പലനാളുംനിന്റെവചനങ്ങൾകൊണ്ടേ
കലഹംകണ്ടുഞാൻപൊളിയല്ലകണ്ണ!
ചപലന്മാൎക്കിത്ഥംപറകെന്നുശീലം
കപടവുംചത്താലൊഴിഞ്ഞുമാറുമോ ?
ഒരുമുഹൂൎത്തത്തിനിടയ്ക്കുപാൎത്ഥനെ
ത്തിറമൊട്ടുകാട്ടിത്തരുന്നതുണ്ടുഞാൻ.
അവനെവില്ലുമായടുത്തുകാണുമ്പോ
ളവനിമുട്ടപ്പാഞ്ഞടവിതേടുംനീ.
അവനുടെകീൎത്തിനടനംചെയ്യുന്നു
ഭുവനത്തിങ്കലെന്നറിഞ്ഞതല്ലേനീ?
നരസിംഹത്തിനുസമൻധനഞ്ജയൻ
നരിയോടൊക്കുംനീയവനെയോൎക്കുമ്പോൾ.
പെരികെനാണമില്ലയോനിനക്കുള്ളിൽ
പൊരുവതിന്നവനൊടുസൂൎയ്യാത്മജ !’
പുനരതുകേട്ടുപറഞ്ഞുകണ്ണനും
മനസികോപംവന്നതുപൊറായ്കയാൽ
‘മതിമതിപാരമധിക്ഷേപിച്ചതു
മതിമാന്മാരായോൎക്കിതുഗുണമല്ല.
പെരികെനന്നല്ലൊഭവാൻനിരൂപിക്കിൽ
പരിപാലിക്കുന്നതഴകിതുരാജ്യം?
പെരുവഴിപോകുംകുലസ്ത്രീവൎഗ്ഗത്തെ

കരബലംകൊണ്ടുപിടിച്ചുപുൽകിയും
മറയവരൊടുപറിച്ചുകൊൽകയും
മറിവുകളെന്നീയൊരുവക്കുമില്ല.
പൊടികൊണ്ടേഃപാകു മലമൂത്രാദികൾ
പൊടിയാലെകുളി കുറിയുമിങ്ങനെ
കുലഭേദങ്ങളുമറികയില്ലാരും
കുലശീലമുള്ള ജനത്തെ നിന്ദിച്ചും
മകൻ മരുമകൻ മകളും മാതാവും
മഹിഷിയും ജനകനും കനിഷ്ഠനും
ഒരുമിച്ചു കളിച്ചിരുന്നു മദ്യവും
പരുകിത്താളവും പിടിച്ചു പാടിയും
മദംകൊണ്ടു വീണു മതിമറന്നുടൻ
തളൎന്നു തങ്ങളിൽ പകൎന്നു ഭോഗിച്ചും
മരുവിടും ജനം തവ രാജ്യത്തിങ്കൽ
പെരികെ നന്നല്ലോ പുനരിവയെല്ലാം.'
മനസ്സിൽ തോന്നിയതിനിയും ചൊൽകിലും
നിനക്കു നല്ലതു പറയുന്നുണ്ടു ഞാൻ.
ജളമതേ! കണ്ണ! പുനരിതുകേൾ നീ
കളിയല്ലപണ്ടുനിനക്കുതുല്യനാ-
യൊരുപെരുംകാകനുളവായാനവൻ
ചരിതങ്ങളെയുമറിയുന്നീലേ നീ?
ദിനന്തോറുമെച്ചിൽ കൊടുത്തൊരു വൈശ്യ-
തനയന്മാരായ കുമാരന്മാർ മൂന്നും
വളൎത്താരെന്നതു നിമിത്തമായ്ക്കാകൻ
പുളച്ചഹങ്കരിച്ചരയന്നങ്ങളെ
മദത്തൊടുചെന്നു വിളിച്ചിതാഴിയെ-
ക്കടക്കണംപറന്നിനിനാമെല്ലാരും.
വെളുത്തമേനിയും ഞെളിയും വെൺമയു

മിളച്ചുമുമ്പിനിക്കയെയ്യൂയുംവേണം
അതുകേട്ടുള്ളിൽകൌതുകത്തൊടന്നവു-
മുദധിതന്മീതെ പറന്നിതു മെല്ലെ.
അതിലുംമേൽഭാഗത്തധികംവേഗത്തി
ലതിമോദത്തോടു പറന്നു കാകനും
തെളിഞ്ഞുവായസഗണവുമന്നേരം
തളൎന്നുകാകനും ചിറകുമന്ദിച്ചു
കുഴഞ്ഞുവെള്ളത്തിൽ പിടഞ്ഞുവീണുടൻ
കഴിഞ്ഞുകാകൻ തന്നഹങ്കാരമെല്ലാം.
വിധിബലമയ്യോ? മരിച്ചാനപ്പോലെ
വിധിവിഹിതം കേൾ നിനക്കുമാകുന്നു.
വിളിച്ചുരകെവച്ചുരുളയും തന്നു
വളൎത്തുനിന്നെയുമിഹ സുയോധനൻ
അഭിമാനിക്കുന്ന തതുകൊണ്ടല്ലയോ
കുപിതനാകൊല്ല പരമാൎത്ഥം ചൊന്നാൽ.
പറഞ്ഞതുപോരും പരിഭവിപ്പിപ്പാ'
നറിഞ്ഞിരിക്കുന്നു സകലവും ഞാൻതാൻ
മരിപ്പുനെന്നുമേ ജയിച്ചുക്രൂടായ്കി
ലൊരിക്കലും ഭയം പുറത്തുകാട്ടാമോ?
തെളിഞ്ഞു ചമ്മട്ടിയെടുത്താലും തേരു
തെളിച്ചാലുമെന്നുപറഞ്ഞു കൎണ്ണനും
മധുദ്വേഷി രഥം നടത്തിടുംവണ്ണം
മദിച്ചു മാദ്രേശൻ നടത്തിനാൻ തേരും
കുടകളാലവട്ടവും വെഞ്ചാമരം
കൊടി കൊടിക്കൂറ തഴ വിരുതുകൾ
ചെകിട്ടടയുമാറലറും വാദ്യങ്ങൾ
ജയജയശബ്ദം ചെറുഞാണൊലിച്ചയും
കളിച്ചുതന്നത്താൻ മറന്നു കൌരവർ

പുളച്ചഹങ്കരിച്ചടക്കളും പുക്കാർ.
വിളങ്ങുന്നു മുഖനളിനങ്ങളെല്ലാ-
മിളകുന്നു തെളിക്കടെഞ്ഞ ചക്രങ്ങൾ
കരിമുകിലൊത്ത കരിവരന്മാരും
കരതാരിൽ വില്ലും ശരവും കൈക്കൊണ്ടു
നരവരന്മാരും തുരഗപംക്തിയും
മരുദ്ദരംപൂണ്ട രഥകദംബവും
മരണഭീതിയെ വെടിഞ്ഞ കാലാളും
മരുപലരുടെ നികടം പ്രാപിച്ചാർ.
വിളിച്ചിതു സംശപ്തകന്മാരന്നേരം
വിജയനെപ്പോരിനെതിർതരികെന്നു
നടിച്ചവർകളോടെതിർത്തു പാർത്ഥനും.
പടുതരമോടവരകലത്താക്കിനാർ
പ്ലവഗപാളിയോടടുത്തു രാവണി
പെരുംശരമാരി ചൊരിഞ്ഞതുപോലെ
ഭുവനൈകധനുർദ്ധരനാമംഗേശൻ
പുനരടുത്തെയ്തെയ്തിളക്കിനാൻ പട.
തിരിച്ചുപാണ്ഡവരതുനേരമേറെ
മരിച്ചു പാഞ്ചാലനൃപനുടെ ബലം
അപജയംവന്ന തറിഞ്ഞു ധർമ്മജ-
നവനിനായകൻ പെരുംതേരേറിനാൻ.
അവിടെക്കണ്ണനും യുധിഷ്ഠിരൻതാനു-
മവനിചാഞ്ചാട്ടംപരിചു പോർ ചെയ്താർ.
മുറിഞ്ഞിടരോടെ തിരിച്ചു ധർമ്മജൻ
പറഞ്ഞുകണ്ണനുമവനോടന്നേരം
ഉഴറിപ്പോകാതെ തിരിഞ്ഞുനില്ലുനില്ലു-
ഴക്കോഭൂപതിവരന്മാരേക്കോട്ടുക?
നൃപധർമ്മമൊന്നുമറിയുന്നില്ലയോ?
നൃപശിഖാമണേ! മരിക്കിലും നന്നു

മതിമതിയെങ്കിൽ നടന്നാലുമെടോ!
മതിമാനായ നീ മരിച്ചുപോകേണ്ട
പൃഥിവിപാലിപ്പാ നിരിക്കുന്നല്ലുനീ.
പൃഥിവീനാഥ! ധർമ്മജ! പൃഥാത്മജ!
വൃഥാ കുലധർമ്മപ്രഥനം ചെയ്യായ്ക
തടുത്തുകൂട്ടമോ മമ ശരങ്ങളെ
വ്രതയാഗാദികളനുഷ്ഠിച്ചുകൊൾക.
പിതൃപതിക്കേററം പ്രിയനെന്നാകിലും
മൃതിവരുമെന്നോടടുത്തു പോർ ചെയ്കിൽ
പടയ്ക്കുഭാവിച്ചു പുറപ്പെടായ്കെടോ!
പഠിച്ചുകൊള്ളുക പലവും ശാസ്ത്രങ്ങൾ
മിടുക്കുള്ള ജ്ജനനണയത്തില്ലയോ?
ഇനിഞാനെയ്കയില്ലതുപേടിക്കേണ്ടാ
എനിക്കുനിന്നെക്കൊന്നൊരു ഫലമില്ല
പതുക്കെപ്പോയാലും ഭയപ്പെടായ്ക'യെ-
ന്നധിക്ഷേപിച്ചംഗനരപതി ചൊന്നാൻ.
കടന്നു കൈനിലയകംപുക്കു മന്നൻ
നടന്നു ഭീമനുമടർക്കളം പുക്കാൻ
ഗദയുമായ് ദണ്ഡധരനെപ്പോലെ ചെ-
ന്നെതിരിട്ടോർകളെയൊടുക്കിനാൻ ഭീമൻ.
തുരക്കരഥരു മരക്കരുംമുന്നം
തിരക്കിപ്പോർചെയ്ക കണക്കെയന്നേരം
പരക്കെനിന്നവർ നിരക്കെ വീഴുന്നു
മരിക്കുന്നു ചിലർ തിരിഞ്ഞുമൽപുക്കു
തിരിക്കുന്നു ചിലരിരിക്കുന്നു ചിലർ
ചിരിക്കുന്നു ശരം തിരിക്കുന്നു ചിലർ
ഉരത്തവൻപിന്നോടടുക്കുമർക്കജൻ
കരത്തിലെ വില്ലു ജ്വലിപ്പിച്ചുകൊണ്ടു

പൊഴിക്കുന്ന ബാണമതുകണ്ടുഭീമ-
നുഴററിനോടുക്രൂടുത്താനന്നേരം
തെരുതെരെച്ചില ശരനിരകളെ
പ്പെരുമഴപോലെ ചൊരിഞ്ഞു മാരുതി
വിഷണ്ണനായ് നിന്നു വികത്തനാത്മജ-
നുഴന്നതുകണ്ടു പറഞ്ഞു ശല്യരും
വിജയനോടുപോർ കരുതിവന്നൊരു
വിരുതൻ വില്ലാളിവരനല്ലേയിപ്പോ൦
പരിഭ്രമത്തോടു വയററിൽ കൈവച്ചു
പരക്കെ നോക്കുന്നതെവിടേക്കു പോവാൻ
മരിക്കിലും നന്നു ജയിക്കിലും നന്നു
ശരപ്രയോഗംചെയ്യതുപോലെ നീയും
അണഞ്ഞുടനെ ഭീമൻ പറഞ്ഞുനില്ക്കവേ
പിണങ്ങിനില്പവർകുലമൊടുക്കുവോൻ
രവിതനയനുമനിലപുത്രനും
ചെവികഴിയവേ വലിച്ചുബാണങ്ങ൦
വരിഷിക്കുന്നേരം തളൎന്ന കണ്ണനും
വിരവിൽവീണിതു മുറിഞ്ഞുതേരതിൽ
ഇടരോടുമോഹം കലൎന്നകണ്ണനും
മിടുമതയോടങ്ങടുത്തു ഭീമനും
മദിച്ചൊരാനതൻ പെരുത്ത മസ്തകം
പിളപ്പാൻകേസരിയടുക്കുന്നപോലെ
കുതിച്ചുതേരതിൽ കരയേറിഭീമ-
നധിക്ഷേപിച്ചേറെപ്പറയുംനാവിപ്പോ൦
അറപ്പനെന്നുടനെടുത്തുകത്തിയു-
മടുത്തു ശല്യരും പിടിച്ചിതുകരം
മുടിക്കൊല്ല ഭീമ! മുടിക്കൊല്ല പാൎത്ഥൻ
മുടിഞ്ഞുപോമിതു ഝടിതി നീ ചെയ്കിൽ

അടങ്ങടങ്ങെന്നു പറഞ്ഞു മാദ്രേശൻ
കുതിച്ചുതൻതേരിൽ പകന്നുഭീമനും.
എതിൎത്തു ഗാന്ധാരിതനയന്മാരപ്പോൾ
മറുത്തവരിലൊരിരുപത്തുപേരെ
വികൎത്തനാത്മജൻ പുരത്തിനുവിട്ടാൻ
വികൎത്തനാത്മജനണഞ്ഞാനന്നേരം
നികൃത്തദേഹനായ് പ്രവൃദ്ധകോപേന
കറുത്തഭാവമോടെടുത്തു ചാപവും
മുറിച്ചുതേരതുംതകൎത്താനംഗേശൻ
എടുത്തുതന്നുടെഗദ വൃകോദരൻ
പൊടിച്ചാനാനതൻകുതിരകളെയും,
ഇളക്കിനാൻകുലമലകളെയെല്ലാം,
കുലുക്കിനാന്നുഴികലക്കിനാനാഴി
മലയ്ക്കുന്നു ചത്തുമറുതലയെല്ലാ-
മൊലിയ്ക്കുന്ന ചോരപ്പുഴ പലവഴി
ചലിക്കുന്നു ചിത്തമെതിൎപ്പവൎക്കെല്ലാം
കുലയ്ക്കുന്നു ചാപംമുറിക്കുന്നുപുന-
രിരിക്കുന്നുപലവിമാനന്മാരിമാ-
രിറക്കുന്നുതണ്ണീർ മിഴിക്കുന്നുകണ്ണും
മറക്കുന്നു ചിത്തംകലഹിക്കുംനേരം,
മരിക്കുന്നുതെരുതെരെനൃപതികൾ,
തറയ്ക്കുന്നു ബാണം പറിക്കുന്നു ചില-
രിരിക്കുന്നു ചിലരെടുത്തുകൊള്ളുവാൻ
ഇരിക്കുന്നുചിലർ മുറിഞ്ഞിടരോടും
പരക്കുന്നപടയൊഴിഞ്ഞു പോകായ്വാൻ
ഭരിക്കുന്നു ചിലർ കുലുക്കമെന്നിയേ.
തെളുതെളതെളിക്കുടഞ്ഞ ചക്രങ്ങൾ
ഗളങ്ങളൂടെപോയ നടക്കുന്നുനീളെ.
ശിവ!ശിവ!ശിവ! ശരങ്ങൾതന്നാലെ

അവനിയും ഗഗനവും മറയുന്നു
ദിനകരസുതപ്രമുഖന്മാരുമ-
ങ്ങനിലനന്ദനപ്രമുഖന്മാരുമായ്
പിരിയാതെനിന്നങ്ങിടകലന്നേരെ
പ്പരിഭവത്തൊട്ടു കലഹിക്കുന്നേരം
വിജയനും സംശപ്തകന്മാരും തമ്മിൽ
വിജയം ഞങ്ങൾക്കു വിജയംഞങ്ങൾക്കെ-
ന്നൊരുപോലെനിന്നു കലഹിക്കുന്നേരം
ഖരരാഘവരസമരതുല്യമായ്
ശരങ്ങൾ തൂകിനാനതുനേരം പാൎത്ഥൻ.
അട്ടത്തൊരു സംശപ്തകന്മാരെയെല്ലാ -
മൊട്ടുക്കിനാൻ ബാണഗണത്താലൎജ്ജുനൻ.
മരിച്ചിതു മത്സ്യൻ ഗുരുതനയനാൽ;
മറുത്തുധൃഷ്ടദ്യുമ്നനുമതുനേരം
അട്ടത്തശ്വത്ഥാമാ കൊട്ടത്താനമ്പുകൊ-
ണ്ടടർക്കളമെല്ലാം കലുക്കിനാൻ ദ്രൌണി,
പൊടിച്ചാൻ പാഞ്ചാലനുടെരഥമെല്ലാം
പട്ടത്വവും കുറഞ്ഞൊഴിഞ്ഞു പാഞ്ചാലൻ,
ഗുരുസുതൻകൊല്ലുമവനെയെന്നോൎത്തു.
പുരന്ദരാത്മജനവിടേയ്ക്കെത്തിനാൻ
ധനഞ്ജയനും ഭീമനും പാഞ്ചാലനും
മനംതെളിഞ്ഞൊത്തു പൊരുതാരന്നേരം
അസംഖ്യം വൈരികൾ മരണംപ്രാപിച്ചാർ
മദംകലൎന്നുള്ള കരിവരന്മാരും;
വിജയൻ ഭീമനോട്ടടനെചൊല്ലിനാൻ
വിജയമാക്കായി തിവിടെ നിങ്ങളിൽ
യുധിഷ്ഠിരനെങ്ങു കനിഷ്ഠന്മാരെങ്ങു
വിശിഷ്ടന്മാരായ തനയന്മാരെങ്ങു?

വരിഷ്ഠനായ സത്യകസുതനെങ്ങു
കരുത്തനാം കണ്ണൻ പിണച്ചതെന്തെല്ലാം?
'നൃപനും കണ്ണനും പൊരുതു തങ്ങളി-
ലപജയപ്പെട്ടു മുറിവുപാരമാ-
യടച്ചു കൈവിലയകത്തുഭൂപതി
കിടക്കുന്നു നീ ചെന്നറികവസ്ഥകൾ'
അതുകേട്ടർജ്ജുനനതിശോകത്തോടു-
മധിരണമപഹസിക്കപ്പെട്ടാനോ
നരവരനതിൻപരമാർത്ഥമറി
ഞ്ഞരികളോടുപോരിനിയെന്നാൻ പാർത്ഥൻ.
ഉടനെമാധവൻ തിരുവടിയുമാ
യുടൽവിയർത്തേറെ പരവശനായി
നരവരൻ തന്നെ നമസ്കരിച്ചിതു
നരനുംഭക്തിപൂണ്ടതു കണ്ടുഭൂപൻ
വരിക നല്ലതു നിനക്കെന്നാശിയു-
മരുളിച്ചെയ്തുപിന്നെയുമതുനേരം
പെരികെനന്നായിരവിതനയനെ
പ്പൊരുതുകൊന്നതു തെളിഞ്ഞിതുപാരം
അധിക്ഷേപിച്ചെയ്തു മുറിച്ചുകൊല്ലാതെ
അയച്ചാനെന്നെയുമതുമൂലമിപ്പോൾ
വശക്കേടുണ്ടായിതവനെ ക്കൊൽകയാൽ
വശക്കേടും മമ ശമിപ്പിച്ചായോ നീ?
പരുഷമായ് നൃപനിതുപറഞ്ഞപ്പോൾ
പുരുഹൂതാത്മജനണത്തിച്ചീടിനാൻ
വധിച്ചതില്ലകണ്ണനെയിതെന്നാലെ
വധിക്കുമോയെന്നതറിഞ്ഞതുമില്ല,
ഹരി ചരാചരഗുരു മുരരിപു
വരുളുന്നാകിലോ വധിപ്പൻ കണ്ണനെ

അട്ടത്തൊരുസംശപ്തകന്മാരെയെല്ലാ
മൊട്ടുക്കിനേനവനനുഗ്രഹത്തിനാൽ
അതുകൊണ്ടംശശനൊട്ടുപൊരുതതില്ല
ടിയനെന്നതു ധരിച്ചിടേണമേ.
അവസ്ഥകൾകേട്ടു പരിഭ്രമിച്ചുഞാ
നടിത്താർക്കുപ്പുവാൻ വിടകൊണ്ടീടിനേൻ.
'അറിഞ്ഞീതുമതിപറഞ്ഞതിന്നിനീ
യറിഞ്ഞു മുന്നമേ പറഞ്ഞതില്ലേ ഞാൻ
ജയം വരാ യുദ്ധം തുടങ്ങിയാലെന്നു
നയംപറഞ്ഞതു തെളിഞ്ഞീലന്നാക്കും
അപജയമിപ്പോൾ വരുന്നു മേൽക്കുമേ-
ലപനയമായിച്ചമഞ്ഞു യുദ്ധവും
പിഴച്ചിതുനിരൂപണം പോരായ്കയാ
ലൊഴിച്ചുപോവാനും കഴിവു കണ്ടീല.
നരനാരായണപുരുഷന്മാർ നിങ്ങൾ
കരുതാതെവന്നു കുരുവീരന്മാരോ-
ടതിബലവാനായിരുന്ന ഭീമനു
മതിചപലനാകിയ ഞാനും തോററു.
അടിമയായ് സുയോധനനുടെകാല്ക്കൽ
പൊടിയുമേററുപോയ്ക്കിടക്കേനുംവന്നു
അതുചെയ്യുന്നീല വനവാസംചെയ്തു
ഗതിവരുത്തുവനതു നല്ലു നൂനം.
ഒരുനാളുമൊരു സുഖമിനിക്കില്ലേ
വരുന്നതൊക്കെയും വളർന്നദുഃഖങ്ങൾ,
ശതമഖൻ തൻെറ മകനായ് നീ പണ്ടു
ശതശൃംഗോപരി പിറന്നതുനേരം
ജഗദേകവീരനിവനെന്നുണ്ടായി
തശരീരിവാക്കമതുമസത്യമായ്

ദേവേന്ദ്രൻ.

അരികളെയൊക്കെയൊടുക്കിക്കൊള്ളുവാ
നൊരുകഴിവുണ്ടെന്നിനിക്കുള്ളിൽതോന്നി.
വസുമതീനാഥൻ പരൻ നാരായണൻ
വസുദേവാത്മജനസുരനാശനൻ.
അവനുടെ കയ്യിൽ കൊടുക്ക ഗാണ്ഡീവ-
മവനതുകൊണ്ടു ജയിക്കും നിർണ്ണയം.'
കരത്തിൽ വാളുമായെടുത്തിതർജ്ജുനൻ
കഴുത്തറുപ്പാനായതുകണ്ടപ്പോഴേ
മുരദ്വേഷി ഹരി മുകുന്ദൻ ഗോവിന്ദൻ
മുതിർന്നഫൽഗുനൻ കരത്തെയും വാളും
അടക്കി മെല്ലെവേ പിടിച്ചുരുൾചെയ്തു
'ങ്ങടങ്ങടങ്ങുനല്ലവസരമിപ്പോൾ.
ഒരു രവിസുതനൊഴിച്ചുമററുള്ളോ-
രൊടുങ്ങിവൈരികളറിഞ്ഞാലുമെടോ!
അരചർകൾകുലമുടിമണിവധ-
മരുതരുതൊഴികൊഴികെ'ന്നാൻ
മറക്കാമോ സത്യമൊരിക്കലും നൃപ-
നുരച്ചീടുന്നതു പൊറുക്കെന്നേ വരു.'
'പറയാമോ മമ മുഖത്തുനോക്കീട്ടു
പരനുടെകയ്യിൽ കൊടുക്കെന്നായുധം?
പഴിവാക്കുകേട്ടു പൊറുത്തുകൂടുമോ
പഴകിയ സത്യം മറക്കയുമാമോ?
കഴുത്തിലെൻറവാൾ നടത്തിയിപ്പൊഴെ
കഴിപ്പനില്ലകില്ലതിനെന്നർജ്ജുനൻ
കുതിന്നു മുൽപ്പുക്കു നടന്നിതു കൃഷ്ണൻ.
തിരുവടിതന്നെയതുകണ്ടുദേവൻ.
ഗുരുവധത്തിനു നരകമെന്നിയി-
ല്ലൊരുഫലമെന്നു പറഞ്ഞിതന്നേരം.

നടേപറഞ്ഞതിൽ വിപരീതംതന്നെ.
യുടമയോടേറെപ്പറഞ്ഞുകൃഷ്ണനും
കടക്കൊല്ലാ മമ വചനമെന്നതു
കടക്കുന്നോരാരും ദുരിതവൻകടൽ
കടക്കുന്നോരല്ലെന്നറിഞ്ഞിരിക്കണം;
കടക്കനീ രിപുസമുദ്രത്തെയിപ്പോൾ
അരുളിച്ചെയ്തുളവമലനജ്ജുന-
നറികപ്പോകാധമ്മവുമധമ്മവും
ഗുരുവധംതാനോ രസത്യംതാനിപ്പോൾ
വരുമതുരണ്ടുമിവിടെവാരാതെ
വഴിയതിനൊരുകഴിവരുൾചെയ്ക,
കമലാകാമുക! കരുണാവാരിധേ!
കഴൽതൊഴുതവനിവണ്ണം ചൊന്നപ്പോൾ
കഴിവുണ്ടെന്നതുമരുൾചെയ്തുനാഥൻ
ഗുരുവിന്നെനീയെന്നൊരുമൊഴി ചൊന്നാൽ
ഗുരുവധംചെയ്തഫലം വരുമെടോ!
വചസാകമ്മണാ മനസാനിന്ദിച്ചാൽ
വധിപ്പതിനേക്കാൾ വലുതെടോ സഖേ!
പരമപൂരുഷനരുൾചെയ്തനേരം
പറഞ്ഞു ഫൽഗുനനധിക്ഷേപവാക്യം.
'പരിഹാസത്തോടു പണയംചെയ്തതു
മറിയാതെചൂതുപൊരുതുനീയല്ലേ.
എതിർത്തുഞങ്ങൾവൈരികളെക്കൊല്ലുവാൻ
മുതിത്തുമുടക്കിയതും നീയല്ലേ.
പരന്നടെകയ്യിൽ കൊടുക്ക വില്ലെന്നു
പരുഷംചൊന്നതു വെറുതെനീയല്ലെ
പലവുരുനീയെന്നരചനെപ്പാത്ഥൻ
പറഞ്ഞതുനേരം മനസിചിന്തിച്ചാൻ

ഗുരുവിനെന്നിന്ദിക്കരുതൊരിക്കലും
ഗുണംവരികയില്ലിനിക്കിനിയെന്നു
പരിതാപമുള്ളിൽ നിറഞ്ഞുപാർത്ഥനും
പരവശനായിച്ചമഞ്ഞാനന്നേരം
ഇരിക്കുന്നീലഞാനവനിയിലിനി
മരിക്കുന്നേനെന്നു തുനിഞ്ഞു തന്നുടെ
കരത്തിലെവാളൊന്നിളക്കി മെല്ലവേ
കഴുത്തറുപ്പാനായ് തുനിഞ്ഞതുനേരം
സകലലോകൈകപതി നാരായണൻ
'സഹസ്രലോചനതനയൻതൻകരം
പിടിച്ചു നില്ലരുതരുതരുതെടോ!
കടുപ്പം കാട്ടൊലാ കഴിവുണ്ടാക്കുവൻ
മരണവുമാത്മപ്രശംസയുമൊക്കും
മഹിമാനംതവ പറക നീതന്നെ'
പറഞ്ഞാനജ്ജുനൻ നിജപരാക്രമ-
മറിഞ്ഞതാരെന്റെ കരബലമെല്ലാം.
മറുതലയിൽ പാതിയിലുമേറെഞാ
നറുതിചെയ്തതെന്നറിഞ്ഞിരിക്കണം
അസംഖ്യം പേരാനത്തലവന്മാരെയു
മശങ്കംതേരാളികളെയും വേഗത്തിൽ
കുന്തംകൊണ്ടുചാട്ടം കുതിരകളോടെ
കുതിരച്ചേവകരെയുമൊട്ടുക്കിയേൻ.
മുടക്കിവാസവൻ ചൊരിഞ്ഞവന്മഴ
യടക്കിഖാണ്ഡവം ദഹിപ്പിച്ചേനല്ലോ.
വടക്കുദിക്കൊക്കെജ്ജയിക്കയുംചെയ്തേ
നടുത്തഗന്ധർവ്വരെയും വെന്നേൻ
നടിച്ചുവന്നൊരുയദുക്കളെവെന്നു
മടുത്തുകുംമൊഴി സുഭദ്രയെ വേട്ടേൻ
പടുത്വമോടെയസ്ത്രമുറിച്ചുയന്ത്രവു

മട്ടത്തഭ്രൂപരെജ്ജയിക്കയുംചെയ്തു
പടസ്സുഭാവിച്ചരിപുക്കളെവെന്നു
പശ്രൂക്കളെ വിരാടനു നൽകീടിനേൻ
പരമേശൻ പശുപതി ജഗൽപതി
യൊരുകിരാതനായ് ചമഞ്ഞുവന്നെൻെറ
കരബലംകണ്ടുതെളിഞ്ഞിട്ടല്ലയോ
വരങ്ങളും പാശുപതവുംവാങ്ങിഞാൻ.
ഒരുവരാരുള്ളതിനിക്കുതുല്യരായ്
പുരുഷന്മാരെ'ന്നു പറഞ്ഞുഫൽഗുനൻ
പുരുഷനല്ലെന്നുപറഞ്ഞുനീയെന്നെ
പരമപുരുഷൻപരമമായയിൽ
പരിചൊടുമൂഢീതവരെവിസ്മയം
അതുനേരംകോപംകലന്നുധമ്മജ
നതിവീരൻ നീയെന്നറിഞ്ഞുഞാനിപ്പോഠം
വരികകൊല്ലുവാൻ മടിക്കരുതേതും
പുരുഷനാകിൽ നീ വധിക്കണമിപ്പോഠം
ഇനിനീയിന്നെന്നെക്കൊലചെയ്തീടായ്കി
ലനുജൻതന്നാണ പിണക്കമുണ്ടാകും
അറിയപ്പോകാത ജളന്മാർപ്പോലെ
പറയാതെകോപം കളഞ്ഞടങ്ങേണം
അരചർകഠംകുലപ്പെരുമാളേ!നീയെ
ന്നരുളിച്ചെയ്തിതുമുകുന്ദനന്നേരം
ഇരുവക്മിരുവരുംകൂടാതെ
കണ്ടൊരുബലമില്ലെന്നറിഞ്ഞിരിക്കണം
ഇനതനയനെവധിച്ചുകൊള്ളുവാ
നിനിയനുഗ്രഹിച്ചയയ്ക്കനുജനെ
പെരികെവൈകരുതിനിയെന്നു കൃഷ്ണൻ
തിരുവടിതെളിഞ്ഞരുളിച്ചെയ്തപ്പോഠം

തെരുതെരെന്നപ്പൻ മുറുകെപ്പുൽകിനാൻ
ത്രിദശനായക തനയനെയപ്പോൾ.
വരികനല്ലതു നിനക്കുമേൽക്കുമേൽ
'വരികകൃഷ്ണനെ വധിച്ചുവൈകാതെ
ഭുവനൈകധനുദ്ധരനായ് വാഴ്കനീ
ഭുവിപലകാലം മമ സഹോദര!'
കനിഞ്ഞുധമ്മജനനുജൻതന്നുടെ
ശിരസ്സിചുംബിച്ചങ്ങയച്ചാനന്തരം.
ഹരി ചരാചരഗുരു മുരരിപു
ചരിതമായകളറിയരുതാക്കും.
ഹരവിധിശതമഖമുഖസുര
പതി രമാപതി ദയാനിധിവിഷ്ണു
വിവിധഭൂപതിവരർ ചുഴന്നൊരു
വിബുധനാഥജരഥംകരേറിനാൻ.
നടന്നുവൻപട തുടന്നുടനുടൻ
തുടങ്ങിവാദ്യഘോഷവും ബഹുവിധം
നിറഞ്ഞുവാനവനുപരി സവ്വരും
മറഞ്ഞുഭാനുബിംബവും പൊടിയാലെ
പറഞ്ഞുയോഗേശൻ വിജയനെനോക്കി
യറിഞ്ഞിതോസുയോധനനൊരാശ്ചര്യം
ഇവനൊഴിഞ്ഞാരുമിനിയില്ലോക്കനീ
ഇവനല്ലോമുന്നമധിക്ഷേപിച്ചതും
മറഞ്ഞൊളിയമ്പെയ്യഭിമന്യുചാപം
മുറിച്ചവനെയും കൊലചെയ്യിച്ചതും
ഇവനല്ലോദുർഭാഷണങ്ങൾ ചെയ്തതും
പവനജൻതന്നെ പ്പടയുടെമദ്ധ്യേ
ഇവനല്ലോധമ്മാത്മജനെയെയ്തതും
ഇവനല്ലോ കൃഷ്ണാത്മകിലഴിക്കെന്ന

തവിനയത്താലെ പറഞ്ഞതുമന്നം
പശ്ശുസമന്മാർപാണ്ഡുവന്മാരെന്നതു
പലനൃപർകേൾക്കെപ്പരിഹസിച്ചതും
ഇവൻതുണയായിട്ടരക്കില്ലത്തിലിട്ട
ടച്ചുതീവച്ചു കളഞ്ഞുനൂററുവർ.
ഇവനെക്കൊല്ലുവാനുഴറുകവേണം
പവനപുത്രനു തുണയുമില്ലാരും.
മറുവലർമുമ്പിൽ പലനേരമങ്ങു
പെരുമാറുന്നിതങ്ങവനറിഞ്ഞാലും
ഇതിമധുരിപു വരുളിച്ചെയ്തപ്പോ
ളിതമൊടുബാണം പൊഴിച്ചുപാത്ഥനും.
കുറഞ്ഞുപാഞ്ചാലാദികൾക്കസങ്കടം
നിറഞ്ഞുകണ്ണന്തന്നരികെ കൌരവർ.
അതിനുനേരെക്കൂട്ടിനാന്മഹാരഥ
മതിവേഗത്തോടുമുകുന്ദനന്നേരം
വിജയനെത്തേരിൽ വിളങ്ങിക്കാണായി
വിബുധകളധിപതിയോടുംകൂടി
തരുണഭാസ്കരനരുണനോടുകൂ
ടൊരുമിച്ചു തെളിഞ്ഞുദിച്ചതുപോലെ
ഹരിയുതഹരിഹയതനയനെ
ഹരിണവാജിരാജിതരഥോപരി
ഹരിദശ്വാത്മജനൊടു പൊരുവാനാ
യ്യുരുന്നതുകണ്ടുപറഞ്ഞുശല്യരും.
പലരോടും കാണാഞ്ഞിഹ ചോദിച്ചൊരു
വലരിപുതനയനെക്കണ്ടാലുംനീ.
മുനികൾമാനസതളിരിലുംഗോപ
വനിതമാരുടെമുലത്തടത്തിലും
ഇരുന്നരുളുംമാധവനും താനുമാ
യ്യുരന്നവൻപടനടുവിലാമ്മാറു

വരുന്നതുനന്നായ് തെളിഞ്ഞുകാൺകനീ.
നിരന്നപീലികൾ നിരക്കവേകുത്തി
നെറുകയിൽക്കൂട്ടിത്തിറമൊട്ടു കെട്ടി
കരിമുകിലൊത്തചികുരഭാരവും
മണികൾമിന്നിടും മണിക്കിരീടവും
കുനുകുനെച്ചിന്നുംകുറുനിരതന്മേൽ
നനുനനെപ്പൊടിഞ്ഞൊരുപൊടിപററി
തിലകവുമൊട്ടുവിയൎപ്പിനാൽനന-
ഞ്ഞുലകുസൃഷ്ടിച്ചുഭരിച്ചുസംഹരി-
ച്ചിളകുന്നചില്ലിയുഗളഭംഗിയും
അടിയാരെക്കുറിച്ചൊരുകരുണയും
കഠിനദുഷ്ടരോടെഴുന്നകോപവും
മടമൊഴിമാരിൽ വളൎന്നരാഗവും
കലഹംകണ്ടൊരത്ഭുതരസങ്ങളും
ചപലന്മാരൊടുകലൎന്നഹാസവും
എതിരിട്ടന്നോൎക്കുഭയങ്കരത്വവും
പലവുമിങ്ങിനെനവനവരസ-
മിടയിടക്കൂടെക്കലൎന്നനേത്രവും
മകരകുണ്ഡലപ്രതിബിംബിക്കുന്ന
കവിൾത്തടങ്ങളും മുഖസരോജവും
വിയൎപ്പുതുള്ളികൾ പൊടിഞ്ഞനാസിക
സുമന്ദഹാസവുമധരശോഭയും
തുളസിയുംനല്ലസരസിജങ്ങളു
മിളതായീടിന തളിരുകളുമാ
യിടകലൎന്നുടനിളകുംമാലകൾ
തടയുംമുത്തുമാലകളും കൌസ്തുഭ
മണിയുംചേരുന്ന ഗളവും ചമ്മട്ടി
പിടിച്ചൊരുകരതലവും കുങ്കുമം

മുഴുകെപ്പൂശിന തിരുമെയ്യുമാറും
നിറഞ്ഞമഞ്ഞപ്പൂന്തുകിലും കാഞ്ചികൾ
പദസരോരുഹയുഗവുമെന്നുടെ
ഹൃദയംതന്നിലങ്ങിരിക്കുംപോലെയ-
മ്മണിരഥംതന്നിലകം കുളുർക്കവേ
മണിവർണ്ണൻതന്നെത്തെളിഞ്ഞുകണ്ടു ഞാൻ'
വിളയാടീടേണം വിജയനുമായി
ട്ടിളകാതെനിന്നു കുറഞ്ഞൊരുനേരം
തെളിക്കതേരെന്നു പറഞ്ഞുകണ്ണനും
കളിച്ചുവില്ലൊളി വളർത്തിനാനപ്പോൾ
കുരുവരൻതാനുമിളയവർകളും
ഗുരുതനയനും കൃപരും ഭോജനും
അണഞ്ഞുബാണങ്ങൾ പൊഴിഞ്ഞു മാധവൻ
തിരുമെയ്യന്മേലും വിജയൻതന്മേലും
അരികളെ ശരനികരമെയ്തുട
നരിഞ്ഞരിഞ്ഞിട്ടു നടന്നാനർജ്ജുനൻ
അകമേഭീതിപൂണ്ടകന്നുകൌരവ
രകലെക്കണ്ടുഭീമനെ വിജയനും.
നരകരിരഥതുരഗപംക്തികൾ
നടുവിൽപുക്കുകൊണ്ടനിലനന്ദനൻ
പെരുമാറുന്നതുമരികുലാന്തകൻ
പലരോടുംപൊരുതിടർപെടുന്നതും
പരിചൊടുകണ്ടു പുരന്ദരാത്മജൻ
പരൻപുരുഷനോടിവണ്ണം ചൊല്ലിനാൻ
തളച്ചുഭീമനു പെരുതതിൻനേരെ
തെളിക്കതേരെത്തും മടിക്കരുതിപ്പോൾ.
അതുകേട്ടുതേരുമതിൻനേരെക്കൂട്ടി
മധുരേശൻതാനും വിജയനോചൊന്നാൻ

യുധിഷ്ഠിരൎക്കും വശൎക്കേടുമില്ല
വധിക്കേണം ഭാനുതനയനെയിപ്പോൾ
അനുഗ്രഹിക്കേണമതിനുഭീമനെ
ന്നടിത്താർക്കുപ്പിനാനട്ടത്തുഫൽഗുനൻ
അനുക്ഷണമവനനുജ്ഞയുംചെയ്താൻ
കനക്കവേഗത്തിൽ തിരിച്ചുപാൎത്ഥനും
ത്രിഭുവനമൊക്കെ നടുങ്ങീടുംശംഖ
ധ്വനിയുംതേരുരുളൊലിയുംവാദ്യവും
അനിലനന്ദനനലറുംനാദവു
മനുപമമായ ഗുണനിനാദവും
തരിതമിന്ദ്രനന്ദനനടുത്തപ്പോൾ
കുരുവരസൈന്യം തിരിച്ചുമണ്ടിനാർ.
അതുകണ്ടപ്പൊഴേ കൃപഭോജാദിക
ളെതിൎത്താരോടായ്തിനൊരുവരുമിപ്പോൾ
ഒരു തേരാളിയെ വിജയനുള്ളതെ-
ന്നരിവരർ ചുഴന്നണഞ്ഞുപോർ ചെയ്താർ.
ശരങ്ങൾ ശക്തികളെരിഞ്ഞ ചക്രങ്ങൾ
ചൊരിഞ്ഞു തേൎത്തടം നിറഞ്ഞുമൂടിതേ.
മുറിഞ്ഞിതംബുജാക്ഷനും കിരീടിക്കും
കരിഞ്ഞു പാഞ്ചാലാദികൾക്കുകാന്തിയും
ജനകനെക്കാള്ള മധികംവേഗത്തി
ലനിലനന്ദനനടുത്താനന്നേരം.
വളൎന്ന നീലമാമലപോലെ ഭീമൻ
വളഞ്ഞവൻപട നടുവേപാഞ്ഞുടൻ
കരികളേയും വൻകുതിരകളേയും
നരവരരഥങ്ങളെയുമൊക്കവേ
ഗദകൊണ്ടുതച്ചുപൊടിച്ചു കൊന്നു കൊ
ന്നുദധിയിലോളമൊഴുകി ശോണിതം.

പുരന്ദരവായുതനയന്മാരുടെ
ശരഗണങ്ങൾ കൊണ്ടുടൽ മുറിയാതെ
ഒരുവരുമില്ല കുരുവരന്മാരിൽ
ശരണമാരെന്നു പരവശരായി
തരണിനന്ദനന്നരികിലായിതേ.
ശരങ്ങൾ തൂകിനാനവനുമന്നേരം
കരങ്ങളും കാലും മുറിഞ്ഞു പാണ്ഡവർ
പരന്നു ചെന്നതു മുടങ്ങിതന്നേരം.
നടിച്ചു പാഞ്ചാലനരവരന്മാരും
അടുത്തു കേകയനൃപതിവീരനും
അതുലവിക്രമമുടയസാത്യകി
നകുലനും പിന്നെസ്സഹദേവൻ താനും
ദ്രുപദപുത്രി തൻതനയവീരരും
വിജയൻ താനുമായണഞ്ഞുപോർ ചെയ്താർ
അതിനവരോടു പൊരുതു കണ്ണന്നു
മതുകണ്ടെല്ലാരുന്തെളിഞ്ഞു വാഴ്ത്തിനാർ
പവനനും തീയുമൊരുമിച്ചപോലെ
പവനപുത്രനും വിജയനുംകൂടി
പൊരുതൊടുക്കിനാരരികളെയൊക്കെ
ഹര ഹര ഹര! ശിവ ശിവയെന്നു
പറഞ്ഞുനാരദൻ തെളിഞ്ഞിതേററവും
പടയ്ക്കു സങ്കടം പെരുത്തതുകണ്ടു
കടുക്കനെ ദുശ്ശാസനനുമെത്തിനാൻ
മദിച്ചൊരാനയോടെതിർത്ത സിംഹത്തെ
കണക്കെമാരുതി കുതിച്ചു പാഞ്ഞുടൻ
കൊതിച്ചിരുന്നതിങ്ങടുത്തു കാണ്മാൻ ഞാൻ
ചതിക്കൊല്ലായിനി പ്പൊട്ടുക്കനെവേനീ
കരുത്തു കാട്ടുവാൻ മനസ്സുണ്ടിന്നെന്റെ
കരത്തിന്റെ ഫലം വരുത്തേണമെടോ!

ഗിരിവരോപരി വരിഷിക്കുംപോലെ
ശരവരിഷം ചെയ്തിരുവരുമൊപ്പം
പൊരുത പോരുതൻ കടുമ ചൊല്ലുവാ
നരുതരുതേതുമനിലനന്ദനൻ
വിരവിനോടുക്രൂടടുത്തു ചൊല്ലിനാൻ.
'വരികവന്മദം കലന്ന ദുർമ്മതേ!
പരിമിഴിയാളാം ദ്രൌപദപുത്രിതൻ
പുരികുഴൽ ചുററി പ്പിടിച്ചിഴച്ചതും
തെരുതെരെത്തുകിലഴിച്ചതുമോരോ
പരിഭവം ഞങ്ങൾക്കകപ്പെട്ടതും
മറന്നതില്ലഞാനതിനു നിന്നുടൽ
നരസുരാസുരർ പലരും കാണവേ
അടലിടെക്കത്തി പ്പൊടിപ്പനിപ്പൊഴെ'
ന്നിടിവെട്ടുംവണ്ണം പൊട്ടിപൊടെയാർത്താൻ.
കുതിരകളെക്കൊന്നൊടുക്കിസൂതനെ
ക്കൊലചെയ്തുതേരു മഴിച്ചാൻ മാരുതി.
ദൃഢപ്രജ്ഞൻ ദുശ്ശാസനനും കോപമോ—
ടടുത്തു ശക്തികൾ ശരങ്ങൾ ചക്രങ്ങൾ
പൊഴിഞ്ഞു ഭീമൻ മെയ്മ്മറിച്ചു തേരതു
മഴിച്ചു ചാടിയൊന്നിടിപോലെയാർത്താൻ.
എടുത്തിതു ഗദ പുനരിരുവരും
നടിച്ചു തങ്ങളിൽ പൊരുതപോർപോലെ
അടുത്തൊരുയുദ്ധം നടിച്ചുണ്ടായതി
ല്ലുടൽക്കളെ മൊക്കെപ്പൊടിച്ചിരുവരും
അടിച്ചാരന്യോന്യം തടുത്താർ പിന്നെയും
കൊടുത്തുകൊള്ളുവാൻ പഴുതുനോക്കിയും
കൊടുത്തുകൊള്ളാതെ കഴിപ്പാൻ നോക്കിയും
തടുത്തുവാങ്ങിയുമടുത്തുതുങ്ങിയും

നടിച്ചിരുവരും പൊരുത്തു നേരം
പൊടിച്ചിതു ദുശ്ശാസനനുടെ ഗദ
പിടിച്ചാനന്നേരമണഞ്ഞു ഭീമനെ
ക്കടിച്ചുമുഷ്ടികൾ ചുരുട്ടിക്കുത്തിയും
പൊടിച്ചൊഴുകിന രുധിരം കൈകൊണ്ടു
വടിച്ചുവീഴ്ത്തിയും മിഴിയിലെച്ചോര
തുടച്ചും മുഷ്ടികൊണ്ടിടിച്ചും പല്ലുകൾ
കടിച്ചുമൂഴിയിൽ പതിച്ചുമപ്പൊഴേ
പുരണ്ടുഴന്നവരും തിരണ്ടുകോപത്താൽ
ഉരുണ്ടു കണ്ണിണ പൊടിയാൽ മൂടിയും
കഴുത്തിൽ ക്രുദ്ധ മൂർത്തിരിക്കുന്ന നഖം
പതിച്ചും വായ്പോടു പറിച്ചുമെത്രയും
തിരിച്ചുകമ്പം കെട്ടിയും ചരണങ്ങൾ
ഞെരിച്ചുംകൈത്തലം തിരിച്ചുമാകുലാൽ
പറിച്ചുമൂർക്കോടു തലമുടി ചോര
തെറിച്ചു നാലുദിക്കിലും ചിതറിയും
ഉരത്തൊടു പാഞ്ഞുമുരസ്സുതങ്ങളിൽ
തരത്തൊടുകരമുരച്ചു മൂഴിയിൽ
ഉറച്ചു നില്ക്കയും ചവിട്ടു കൊണ്ടു പൊയ്യു
റിച്ചുവീണു പോയുരുണ്ടുമപ്പൊഴേ
ഭയം വരുമാറു കലഹം കണ്ടവർ
ജയം വരും ദുശ്ശാസനനെന്നു ചിലർ
ജയം വരും വൃകോദരനെന്നു ചിലർ
ഭയം കളഞ്ഞു കാൺകടവെന്നു ചിലർ
ഭയം വരും കണ്ടാലിനിക്കെന്നു ചിലർ
ഭയങ്കരമിതു സമരമെന്നെല്ലാം.
പറഞ്ഞു തങ്ങളിൽ വിവദിക്കുന്നേരം

കുറഞ്ഞൊന്നു മാറിക്കളഞ്ഞുമാരുതി
ചുവട്ടിൽ മാറി നിന്നടിരണ്ടും വാരി
ചുവട്ടിലാക്കിമേൽക്കരേറിക്കര
മമത്തു നന്നായിച്ചവിട്ടി നിന്നുകൊ
ണ്ടമൎത്ത്യമൎത്ത്യന്മാർ പലരും കാണവെ
ചളിപ്പു കൈവിട്ടങ്ങെടുത്തു കൈവാളാൽ
പൊളിച്ചു മാറിടം നഖങ്ങളെക്കൊണ്ടും
പൊട്ടപൊടപ്പൊടിച്ചുടനുടനുടൻ
ചുടു ചുടത്തിളച്ചുരുവിയാർ പോലെ
തുടു തുടവന്ന രുധിരപൂരത്തെ
കുട കുട ക്കുടിച്ചുലറി ച്ചാടിയും
പെരുവെള്ളംപോലെ വരുന്നശോണിത
മൊരുതുള്ളിപോലും പുറത്തു പോകാതെ
കവിണു നന്നായി ക്കിടന്നു കൊണ്ടുടൻ
കവിൾത്തടം നന്നായ് നിറച്ചിറക്കിയും
മദിച്ചു മാരുതി ചിരിച്ചു ചൊല്ലിനാൻ,
മതിത്തിതു നാവു മുദരവുമെല്ലാം
കുടർമാലമെല്ലെന്നെടുത്തു കൊണ്ടുടൻ
തുടർമാലപോലെ കഴുത്തിലിട്ടുകൊ
ണ്ടടൽക്കളമെല്ലാം പൊടി പെടും വണ്ണ
മുടനുടൻ ചാടിത്തുടമേലേതച്ചും
പശുസമർ പാണ്ഡുസുതന്മാരെന്നല്ലോ
പറഞ്ഞിതുമുന്നം പലരും കേൾക്കവേ
പരിഹാസത്തോടുമദിച്ചു കൈ കൊട്ടി
ച്ചിരിച്ചു കൃതൊടി നടന്നുനിങ്ങളും
പശുസമന്മാർ കൌരവരെന്നിക്കാലം
പറഞ്ഞു ഞാൻതാനു മിതാകൃതൊടുന്നേൻ.

ഇനിയിക്കള്ളന്മാർകുലത്തിൽ മൂത്തവ
നിനിക്കൊരു നാളെക്കളിക്കുണ്ടൊസ്സരും
പൊരുതവനെയുമൊട്ടുക്കി രാജ്യവും,
പൊരുളും നൽകുവനരചനു തന്നെ
പൊട്ടക്കനെവേയെന്നുരത്ത മാരുതി
നടിച്ചുനൽകിയൊട്ടു കലന്നൊരു
നടപ്പുവരനെക്കണക്കെ മത്തനായി
നരഹരി ഹിരണ്യനെപ്പിളന്നൊരു
കുരുതിയുമണിഞ്ഞിരിപ്പതുപോലെ
നടകുന്നനേരമടൽക്കളെമെല്ലാം
പൊടിച്ചു മാററാരെയൊട്ടുക്കി വേഗത്തിൽ
കുരുവരസഹോദരന്മാരും വന്നു
പൊരുതാർ മാരുതിയവരെയും കൊന്നാൻ.
പെരുത്ത ദുഃഖവും ഭയവും കൈക്കൊണ്ടു
കുരുക്കളൊക്കവേ തിരിച്ചു മണ്ടിനാർ.
അട്ടത്തിതുസേനാപതിതനയനും
പട്ടതാമേറീട്ടും വൃഷസേനൻ വീരൻ
അവനൊട്ടുയുദ്ധം കൊട്ടുതായിച്ചെയ്തു
പവനനന്ദൻ തളന്നിതു ചെമ്മെ.
അകലുംമുന്നേവന്നട്ടത്താനന്നേരം
നകുലനും വാളും പരിചയുമായി.
പകലവനുടെ മകനുമമ്പിനാൽ
ശകലിച്ചാൻ വാളും പരിചയുമപ്പോൾ.
നകുലനുവന്നപരിഭവം കണ്ടാ
രതുലവിക്രമമുടയ പാഞ്ചാലൻ
അരികത്തു തൻെറ മരുമക്കളൈവ
രൊരുമിച്ചുണ്ടെന്നൊരുറപ്പുതന്നാലെ
വിരവിനോട്ടക്കൂടട്ടത്താനന്നേരം

അരികൾ കൂട്ടത്തിലകപ്പെട്ടാനവ
നരിഞ്ഞുപോയുടൻശരങ്ങളാലെന്ന
പരവശതയോടടുത്തു സാത്യകി
ഇടിയൊട്ടുനേരായ് മുഴങ്ങും നാദത്തോ
ടിടകലർന്നിതു പടയതു നേരം
വൃഷസേനൻ കർണ്ണൻ കൃപരും ഭോജനും
വിഷധരധ്വജൻ ഗുരുതനയനും
മരിക്കണം പക്ഷേ ജയിക്കണമെന്ന-
ങ്ങുറച്ചു നന്നായിശ്രമിച്ചു പോർചെയ്താർ.
നകുലൻ പാഞ്ചാലിയുടെ തനയന്മാർ
പകലവനുനേരിയന്ന പാഞ്ചാലൻ
അനിലനന്ദനനരിയസാത്യകി
അനുപമനായ വിജയൻതാനുമായ്
കലഹിക്കുന്നേരം വൃഷസേനൻ വീരൻ
പലഹയങ്ങളെക്കൊലചെയ്തുപിന്നെ
സകലലോകേശവിജയന്മാരുടൽ
ശകലനംചെയ്തു പവനജൻതന്റെ
രഥവുമെയ്യൊക്കെപ്പൊടിച്ചലറുമ്പോൾ
പൊരുത്തു നീചെയ്തകരുമനയെല്ലാം
പെരികെനന്നെന്നു പറഞ്ഞു പാർത്ഥനും
ഒരുശരംതെരഞ്ഞെടുത്തതുകൊണ്ടു
വിരവൊടുതലയറുത്താനന്നേരം.
അടുത്തു കർണ്ണനും വിജയനോടപ്പോ-
ളെടുത്തു ബാണങ്ങൾ തൊടുത്തുടനുടൻ
കൊടുത്താനർജ്ജുനനിൽതനയനും
പടുതരമോടവമുറിച്ചതിൽപരം
ചൊരിഞ്ഞാരമ്പുകൾ മഴപെയ്യുംപോലെ
നിറഞ്ഞുപോക്കളമിടകലർന്നപ്പോൾ
മറഞ്ഞു ദിക്കുകൾതരണിബിംബവും

പറഞ്ഞുകണ്ടുനിന്നവരുംതങ്ങളിൽ
വിജയം കൃഷ്ണനുവരുമെന്നു ചിലർ
വിജയം പാർത്ഥനുവരുമെന്നു ചിലർ
ശിവനൊടുപറഞ്ഞിതു വിരിഞ്ചനു-
മിവിടെപ്പാർത്ഥനുവരുമത്രേജയം
പലരുമിങ്ങനെ പറയുംനേരത്തു
കലഹവുമതിഭയങ്കരമായി
മലകളുമലകടലുമാശര-
കുലവുമഞ്ചിടുംപടി ഹനുമാനും
അലറീടുന്നിതുതെരുതെരെയപ്പോൾ.
ചലിതമോടുടനുറച്ചു കൌരവർ
കുറഞ്ഞതില്ല പോക്കിരുവരുമേതും
പറഞ്ഞുശല്യരോടിനതനയനും
പടയോടുകൂടെപ്പൊരുതു ഫൽഗുന
നടവിലെന്നെക്കൊന്നൊടുക്കിടുന്നാകിൽ
പ്രവൃത്തിശേഷമെന്തതുചൊൽകെന്നപ്പോൾ
പ്രവൃദ്ധതാപേന പറഞ്ഞു ശല്യരും.
അതുവരുന്നാകിലനന്തരം യദു-
പതിയെയും ധനഞ്ജയനെയുംകൊന്നു
ജയംകുരുകുലവരനുനൽകുവൻ
ഭയം കളക ഭാസ്കരതനയ! നീ
അരുണനന്ദനനതു കേട്ടേററവു
മരുണനേത്രമോടങ്ങനഞ്ഞാനന്തരം
രഘുകുലവരനിശിചരവര-
രണനിശമനമനുഭവിപ്പിപ്പാൻ
വിബുധനായകതനയനന്നേരം
വിബുധകളധിപതിയൊടുചൊന്നാൻ
'ജയ ജഗൽപതേ! ജയ ജയനാർദ്ദന !
ജയ നാരായണ! ജയ മധുരിപോ!

തരണിനന്ദനൻ വധിക്കിലെന്നെനി-
ന്തിരുവടിയെന്തുനിനച്ചതു പിന്നെ
അരുളിച്ചെയ്യണ മടിയനോടതെ-
ന്നരവേറുംജിഷ്ണു പറഞ്ഞതുനേരം
രിപുകുലത്തെ ഞാനടയസ്സംഹരിച്ചു
വനിധർമ്മജൻ തനിക്കേകുവൻ.
അവനുമന്നേരം ചരണതാരിൽവീണ
വനതനായിട്ടണർത്തിച്ചീടിനാൻ.
'അതുകൂടാതെഞാ നിവനെക്കൊല്ലുവാ
നനുജ്ഞനിന്തിരുവടിയരുളണം'
മുറുകെക്കൂട്ടിനാൻ മധുരിപുതേരും
കുറവുകൂടാതെ നടത്തു കണ്ണനും
മുറിഞ്ഞിതമ്പു കൊണ്ടുടലിരുവർക്കും
മുറമുറയായിത്തുടങ്ങിനാരിമാർ
ശരശകലിതകരിതുരഗങ്ങൾ
കരചരണമററുടനുടൻവീണും
മഴപെയ്യുംപോലെ പൊഴിഞ്ഞുബാണങ്ങൾ
പുഴകളെപ്പോലെയൊഴുകി ശോണിതം
ഹര! ഹര! ഹര! ഹര! ഹര!യെന്നും
ശിവ! ശിവ! ശിവ! ശിവ! ശിവ! യെന്നും
അരിമയോടുകൂടടുത്തുചൊല്ലിയും
അരുവയർമേൽ നിന്നിറങ്ങിപ്പുൽകിയും
തെരുതെരെവീരർ മരിക്കുന്നോരുടെ
പെരുവഴി വായിച്ചമഞ്ഞുഭാസ്കരൻ
തിരുവടിയുടൽ നടുവത്തുനേരം
തെരിഞ്ഞുബാണങ്ങളെടുത്തു കണ്ണനു
മെരിഞ്ഞകോപമോടടുത്തതുനേരം
പ്രളയകാലത്തു ദിനകരബിംബം

മല്ലവില്ലാഃതാളമൃദംച്ചതുപോലെ,
ത്രിഭുവനമെല്ലാം ദഹിപ്പാൻകല്പാന്ത-
ദഹനനുജ്ജ്വലിച്ചണയുന്നപോലെ
അട്ടത്തുനേരമതിനുടെനേരെ
പ്രളയകാലാന്തഗുണമരുദന്ന
ഗതഘനനാഘനനിഭകളേബര–
പ്രിയസഖിയായധനഞ്ജയനോടും
ശരമയാസാരം തുടങ്ങിപ്പാവന
കരന്മാരായിതു ശിവശിവശിവ!
ദിനകരസുതശരകിരണങ്ങൾ
ശമനംചെയ്യുന്ന സുരപതിസുത
ശരവരിഷങ്ങൾ ദഹിച്ചീടുംവണ്ണ-
മെരിയുമസ്ത്രങ്ങൾ പൊഴിഞ്ഞുകണ്ണനും,
അരിഞ്ഞരിഞ്ഞവ കളഞ്ഞു ഫൽഗുനൻ
ചൊരിഞ്ഞാനമ്പുകൾ പലതരത്തിലും.
രഘുവരനിശിചരവരരണ
സമവിലോകന കുതുകമോടുടൻ
ഇരുവരോടുനേരൊരുവരില്ലെന്നു
സുരമുനിജനം പുകഴ്ത്തീടുന്നേരം
കലശസംഭവതനയനാദരാൽ
കലിപുരുഷനാകിയകുരുകുല
പ്പെരുമാൾതന്നോടു പറഞ്ഞിതെത്രയും
പെരികെലാളിച്ച വരികരച! നീ
പലഗുണങ്ങളോടവനിയും വാണു
പലകാലംവാഴ്ക നൃപശിഖാമണേ!
മതിമതി രണമതിഭയംവരു-
മതിചതുരത കലർന്നശ്ശൂരന്മാർ
സുരവരദിനകരസുതന്മാരോ–
ടൊരുവരില്ലനേർ ധനുസ്സെടുത്തതിൽ

പിഴച്ചീലേതുമൊരടവുകളാക്ക-
മൊഴിച്ചുപോകയില്ലിവരിരുവരും
നിരക്കേണംപാണ്ഡുതനയന്മാരൊടി-
ന്നൊരിക്കലുംവൈരം നിനയ്ക്കരുതിനി,
പിണക്കംനല്ലവരൊടുനന്നല്ലേതു-
മിണക്കംവേണ്ടുവതിവരോടുന്നൂനം.
മൊഴിഞ്ഞതെന്തൊന്നു മുകുന്ദനെന്നാല
തൊഴിഞ്ഞുചെയ്യയില്ലവരറിഞ്ഞാലും.
തുണനാരായണനവർകൾക്കെപ്പൊഴും
പണിയുണ്ടോപിന്നെജ്ജയിച്ചുകൊള്ളുവാൻ?
പടത്തലവന്മാരിരുവരെയുംഞെ-
നടൽക്കളമതിൻ നടുവിൽ പുക്കകൊ-
ണ്ടകറവൻപക്ഷ പറഞ്ഞാലുമെന്നാൻ.
പകച്ചുപോകാതെ യിനിയുള്ളകാലം
അകക്കരുന്നേറെത്തെളിഞ്ഞുധർമ്മജൻ
നിനക്കരാജ്യവും പകുത്തുതന്നീടും
ഉടപ്പമേറീട്ടമവരുമായ്നന്നാ-
യടുത്തവണ്ണം മേദിനിയുംവാണു നീ
സുഖിച്ചിരിപ്പതിന്നുദിക്കമൊന്നുസം
നശിക്കമല്ലായ്കിയലടലിൽനീതാന്നും.
രവിതനയനെ വിജയൻകൊല്ലുമൊ
രപജയമവനകപ്പെടാ താനും.
ഗുരുസുതനിതുപറഞ്ഞതുനേരം
കുരുപതിതാനുമവനൊടുചൊന്നാൻ
"അടുത്തതമ്പിതന്നുടെരുധിരത്തെ-
ക്കുടിച്ചതെങ്ങനെ മറന്നീടുന്നുഞാൻ?
അവരുമായ്സുഖിച്ചവനിവാഴുവാ-
നവകാശംവന്നാലതുപൊറുതിയോ?
ഇനിക്കവരെയു മവർകൾക്കെന്നെയും

മനക്കരുന്നിൽതേറരുതറിഞ്ഞാലും
പലവുമിത്തരം പറയുന്നനേരം
വലരിപുതനയനുമംഗേശനും
പലവിധമസ്ത്രങ്ങളുംപ്രയോഗിച്ചു
ഫലംവന്നീലെത്ര മതിന്നൊരുവർക്കും
വിജയൻ പാവകശരമയച്ചതു
വരുണാസ്ത്രംകൊണ്ടു തടുത്തുകണ്ണനും
എടുത്തുപർജ്ജന്യമയച്ചു ഫൽഗുനൻ
തടുത്തുവായവ്യമതിനാലംഗേശൻ
ഝടിതി നപാവ്തമയച്ചിതർജ്ജുനൻ
തടുത്തുവജ്രാസ്ത്രമതിനാലംഗേശൻ
പലദിവ്യാസ്ത്രങ്ങളിരുവരുമൊപ്പം
തുലിതന്മാരായി പ്രയോഗിക്കുന്നേരം
ദലിതദേഹനായ് ചമഞ്ഞിതു പാർത്ഥൻ
ചലിതചിത്തനായിതുമുകുന്ദനും.
കലിതമോദമോടണഞ്ഞുകൌരവർ
നിലവിളിച്ചിതുനിവിരെയന്നേരം.
അടുത്തുപാർത്ഥനോടുരചെയ്തുഭീമ-
നൊടുക്കിടേണം കണ്ണനെ നിമിഷംനീ
പടയ്ക്കിളക്കമുണ്ടറിഞ്ഞിതോഭവാൻ
നടുക്കമുൾക്കൊണ്ടു തിരിച്ചുമണ്ടുകിൽ
ഒരുത്തരുമില്ല പൊറിപ്പിച്ചുകൊൾവാൻ
കരുത്തരായുള്ളോർ കിഴച്ചിരിക്കുന്നു
ഉരത്തിരിക്കുന്ന ശരത്തിനാലൊക്കെ
ത്തരംകേട്ടുണ്ടെന്നു ധരിച്ചിരിക്കണം.
എനിക്കുമുണ്ടൊട്ടു തളർച്ചയെന്നിപ്പോൾ
മനക്കരുന്നേതുമിളക്കമെന്നിയെ
വധിക്കകണ്ണനെയവനിതുകാലം

ചതിക്കുംനമ്മെയെന്നറിഞ്ഞിരിക്കണം
മുകുന്ദനിന്ദിരാരമണനൻ ഗോവിന്ദ
നഖണ്ഡനംബുജനയനന്മാധവൻ
അരുളിച്ചെയ്തിതു പവനനന്ദനൻ
പറഞ്ഞതുപോലെ പലതരമപ്പോൾ
ചൊരിഞ്ഞിതുശരനികരമർജ്ജുനൻ
ചൊരിഞ്ഞിതുചോരരവിതനയനും
കരിഞ്ഞിതുഭാവം കുരുവരന്മാക്കും
ചരിഞ്ഞിതുനിന്നചതുരംഗങ്ങളും
പൊരിഞ്ഞുതീക്കണം തെറിച്ചിടുംവണ്ണം
തെരിഞ്ഞുബാണങ്ങളുയച്ചുകണ്ണനും
കരഞ്ഞുമണ്ടുന്നു കരിവരന്മാരും,
പിരിഞ്ഞുകേഴുന്നു പരന്ന കാലാളും,
തിരിഞ്ഞുനില്പവരവയവങ്ങളെ
യരിഞ്ഞരിഞ്ഞിട്ടുതുടങ്ങി പാത്ഥനും
കുറഞ്ഞീലതുപൈ രവിസുതൻ ബാണം
മുറിഞ്ഞുവീണുവീണടർക്കളമെല്ലാം
നിറഞ്ഞുഭാനുമണ്ഡലവുമന്നേരം
മറഞ്ഞുദിക്കുകൾ തിരിക്കായീലാക്കും.
മുറിഞ്ഞുവീഴുന്നു രഥങ്ങളുമെല്ലാം
ഒരുമുഹൂത്തത്തിനിടക്കു കണ്ണനു
തെരുതെരെ മരിച്ചിതു പടയെല്ലാം
മറിഞ്ഞുവീഴുന്നു മതംഗജങ്ങളും
തിരിഞ്ഞുമണ്ടുന്ന തുരഗപംക്തിയും
ശരങ്ങൾകൊണ്ടുടൻ മുഴുവൻ മൂടുന്നു
മുറിഞ്ഞുവീഴുന്നു കൊടിമരങ്ങളും
പടക്കുനാശംവന്നതു കണ്ടു കണ്ണ
നടുത്തുനാഗാസ്ത്രമെടുത്തുവേഗത്തിൽ

തൊട്ടുത്തുപാണ്ഡവൻ മിഴികൾക്കുനേരെ
പട്ടുതാമോട്ടുശല്യരുമുരചെയ്തു.
പിഴക്കുമെമ്പതങ്ങയക്കൊല്ലാ കർണ്ണ !
കഴുത്തിനുനേരെയയക്കെന്നു ശല്യർ
പറഞ്ഞതുകേട്ടു പറഞ്ഞുകർണ്ണനും
'പറഞ്ഞതുനന്നതറിഞ്ഞുവൈകാതെ
തൊട്ടത്തുബാണംഞാനെട്ടത്തിനിവീണ്ടു
തൊട്ടുക്കയില്ലെന്നു ധരിച്ചിരിക്കണം'.
ജ്വലിച്ചുനാഗാസ്ത്ര മണയുന്നനേരം
ജ്വലിച്ചിതുചിത്താം സുരജനങ്ങൾക്കും
'തിരക്കയില്ലയ്യോ ശരമിതുകൊണ്ടു
മരിക്കുന്നായോനീ മമ സഹോദര!
ചതിക്കൊല്ലാസത്യം പിഴക്കൊല്ലാ'യെന്ന-
ങ്ങതിപ്രമോദനപറഞ്ഞു കർണ്ണനും
വിധിബലമയ്യോ! ശിവശിവ!യെന്നു
വിഷണ്ണന്മാരായിച്ചമഞ്ഞിതേവരും.
തെളിഞ്ഞിതശ്വസേനനുമതുനേരം
വിളങ്ങിതക്ഷകമുഖങ്ങളുമെല്ലാം
പലനിലത്തിനും പലപ്രകാരവും
പലനാളുംകാത്തപരൻ പുരുഷനും
നിനച്ചുകണ്ടുപാണ്ഡവനുടെരഥം
നിലത്തൊരെവിരലമത്തുതാഴ്ത്തിനാൻ.
മുടിയോട്ടുക്രുടയരിഞ്ഞുപാണ്ഡവൻ-
മകുടവുംകൊണ്ടുനടന്നുബാണവും
പുനരിരുവരുംപെരുമഴപോലെ
പുനരപിവേഗാലെടുത്തുബാണങ്ങൾ
പൊഴിഞ്ഞതിനാലെനിറഞ്ഞിതുഴിയും
പൊഴിഞ്ഞൊഴുകുന്നുരുധിരവാരിയും

മറഞ്ഞിതുഖരകിരണബിംബവും
നിറഞ്ഞിരുട്ടായിച്ചമഞ്ഞുലോകവും
അകന്നുകണ്ടുനിന്നവർകളുമെല്ലാം
പകൻഭാവവുംപകലവനപ്പോൾ
വിരവോടജ്ജുനനൊരുശരംകൊണ്ടു
വിളങ്ങുംകുണ്ഡലംകളഞ്ഞാനനന്നരം
വിജയനെയുംകേശവനെയുമെയ്തു
വിഗതഭീതിയോടടുത്തുകണ്ണനും
ഝടിതിതേരുരുളവനിയിൽതാണു
തടഞ്ഞിളകാതെ ചമഞ്ഞിതന്നേരം
ഒരുശസ്ത്രാസ്ത്രങ്ങൾവഴിയെതോന്നീല
ഗുരുശാപത്തിനാലതുമകപ്പെട്ടു.
ജഗതിദാനശീലരിൽ മുൻപുള്ളവൻ
ജനമനോഹരൻ വിമലനംശേശൻ
നിരൂപിച്ചവിധിബലമിതെന്നതും
വരുമിപ്പോൾമമ മരണമെന്നതും
വളരെധമ്മംചെയ്തവക്കപജയം
വരികയില്ലെന്നതൊരുപൊളിയത്രേ.
പറഞ്ഞിതുപുനരനുജനോടവ
നറിഞ്ഞതാരേറെയറിവുനിന്നോളം
അധമ്മംചെയ്കയില്ലൊരുനാളും ഭവാ
നതുമനസിഞാനറിഞ്ഞിരിക്കുന്നു,
വിരവോട്ടതേരിങ്ങുയത്തിക്കൊൾവോള
മൊരുശരമെയ്യാതിരിക്കണമിപ്പോൾ
പറഞ്ഞുതേരുരുളെടുപ്പാൻ ഭാവിച്ചി
ട്ടൊരുതരത്തിലുമിളകാഞ്ഞുചക്രം
അരുളിച്ചെയ്തിതു മുകുന്ദനന്നേരം
പെരികെനന്നുനീ പറഞ്ഞതൊന്നുമേ
തിരിഞ്ഞീലേതും നീ പറഞ്ഞതിന്നിനി

പറഞ്ഞീടേണം ഞാനറിഞ്ഞീടുംവണ്ണം
ജയതിധൎമ്മമെന്നൊരുമൊഴിചൊന്ന
തറിഞ്ഞുനിന്നൊടു പറഞ്ഞതാരിപ്പോൾ
എവിടെപ്പോയിരുന്നിതുമുന്നംധൎമ്മ
മെവിടെനിന്നിപ്പോളിവിടെക്കവന്നു.
പലവുരുനിങ്ങൾ പലരുമൊന്നിച്ചു
പൊരുത്തുകള്ളച്ചൂതകപ്പെടീച്ചന്നും
നൃപതിതന്നുടെ സഭയിങ്കൽ നിന്നു
ദ്രുപദപുത്രിയെപ്പിടിച്ചിഴച്ചന്നും
പതിവ്രതയാകു മവളുടെ തുകി
ലധികം വേഗത്തിൽ പ്പിടിച്ചുഴിച്ചന്നും
അരക്കില്ലത്തിലിട്ടടച്ചുതീയുംവെ
ച്ചൊരുക്കിസംസ്കാരാദികൾ നിങ്ങളന്നും
പവനപുത്രനു വിഷംകൊടുത്തന്നു
മവനെപ്പാമ്പിനാൽ കടിപ്പെടുത്തന്നും
അതികുമാരനാമഭിമന്യുതന്നെ
വധിച്ചുകൂടാഞ്ഞു വിഷണ്ണന്മാരായി
ട്ടുറവരൊന്നിച്ചുട്ടറകുലയായോ
രറിവുകൂടാതെ ചതിച്ചുകൊന്നന്നും
പലനാളും നിങ്ങൾ പലരുമൊന്നിച്ചു
പലനാളും ചെയ്തോരധൎമ്മകൎമ്മങ്ങൾ
ഫലിച്ചിതന്നെങ്ങു ജയിക്കുന്നധൎമ്മം
ഫലിക്കയില്ലല്ലോ സ്വകൎമ്മമെന്നിയേ
ഇനിയെന്തുപാൎത്ഥ! പതുക്കെനിൽക്കുന്ന
തിനതന്നയനന്നെ വധിക്കവൈകാതെ
ഇവനൊരാണിയെന്നറികനുറവ-
ൎക്കിവനറിഞ്ഞേത്ര ചതികളൊപ്പവും
പ്രഗത്ഭതയുള്ള ധനഞ്ജയനേവം
ജഗല്പതിയുടെ വചനംകേട്ടപ്പോൾ

നിശിതമായൊരുമയിൎവാളമ്പെട്ട-
ത്തു ചിതമെന്നുകാൺമവൎക്കുതോന്നുമാ
റരുണനന്ദനൻതലയറുത്തുടൻ
ധരണിയിലിട്ടാൻഝടിതിഫൽഗുനൻ.
ജയജയശബ്ദം ജഗതിപൂരിച്ചു
ജയംവിജയനുലഭിച്ചതുമൂലം
തപനമണ്ഡലംഝടിതിഭ്രമിയിൽ
പതനംചെയ്തുകണക്കെക്കൎണ്ണൻതൻ
വദനപങ്കജംപതിച്ചുഭ്രമിയി-
ലുയൎന്നുദേഹിയുമൊളിയൊടുകൂടെ.
നടന്നുകൌരവരതിശോകത്തോടും
വിവിധമംഗലസ്തുതികൾ വാദ്യങ്ങൾ
വിബുധഭൂസുരജയനിനാദങ്ങൾ
പവനജനലറിന്ന നാദവും
പുടപുഴങ്ങുമാറിവറെറക്കൊണ്ടുടൻ
കടൽപോലെയുള്ള പടയുമായ്പാൎത്ഥൻ
ഉടലിൽസ്വേദശോണിതങ്ങളുമണി
ഞ്ഞുടൽനിലംതന്നിൽവിളങ്ങീടുന്നേരം
കുസുമവൃഷ്ടിയുംതലയിലേററററു
മധുരിപുവുമായ് നടന്നുമെല്ലവേ
അനുപമനായ വിജയൻതാനുമായി
നസുതാത്മജൻചരണതാരിണ
തൊഴുതുവീണുടൻനമസ്കരിച്ചിതു
തൊഴുതെഴുന്നേററുസപദിധൎമ്മജൻ
അഖിലലോകേശൻ മുഖവുംനോക്കിനാ
നനുജന്മാരെയുമണച്ചുപുൽകിനാൻ.
തലയിലശ്രുക്കൾപലവുരുവീഴ
പലവുരുപുകഴ്ന്നിതുനരപതി
പെരികെനന്നല്ലോവിജയൻ കൎണ്ണനെ
പ്പൊരുതുകൊന്നതെന്നരുൾചെയ്തുകൃഷ്ണൻ

ചെറുപുഞ്ചിരികലൎന്നുധൎമ്മജൻ
മുരഹരനൊടുപറഞ്ഞിതീവണ്ണം
'അതുപുനരെന്തുവിചിത്രമായതു?
മധുരിപോമലൎമകൾമണവാള!
നിഖിലലോകവുമകത്തടക്കിയും
പുറത്തുകാട്ടിയുമതിനെരക്ഷിച്ചും
പലകാലങ്ങളും പലപ്രകാരവും
ചിലലീലകളിലെഴുന്നമായയിൽ
മുഴകിമോഹിച്ചുമരുവുന്നലോകം
മുഴവൻ നിന്തിരുവടിയല്ലോന്തനം
അടിയരാംഞങ്ങൾക്കുടയനിന്തിരു
വടിതുണയായാലരുതാതെയുണ്ടോ?
ജഗതിസംപ്രതിചെറുതുകാൎയ്യ'മെ
ന്നണിമിഴികളിലൊഴുകുംനീരൊടും
യുധിഷ്ഠിരൻപറഞ്ഞളവുലോകങ്ങൾ
ക്കധിഷ്ഠാനമായമുരരിപുചൊന്നാൻ.
'ശമദമയമനിയമസത്യങ്ങ
ളമിതസൽഗുണമുടയനിന്നുടെ
ഫലവിമുഖമാംവിമലകൎമ്മത്തിൻ
ഫലമിതുജയംവരുന്നതിന്നിയും
പലപ്രകാരവുംജയംവരു'മെന്നു
മധുരമായുടനരുളിച്ചെയ്തോരു
മധുമഥനനും വിജയനും മററു
മനിലനന്ദനദ്രുപദന്മാരൊടു
മനുപമനായയമതനയനും
തെളിഞ്ഞുകൈനിലയകത്തുമേവിനാൻ.
വിളങ്ങിമററുള്ള സുഹൃജ്ജനങ്ങളും
പലനേരംപറഞ്ഞരുതേതുമെന്നു
പറഞ്ഞടങ്ങിനാൾ കിളിമകൾതാനും.

ഇതി ശ്രീമഹാഭാരതേ കൎണ്ണപൎവ്വം സമാപ്തം.

# കർണ്ണപർവ്വം

## വ്യാഖ്യാനം.

‘മംഗളാദികളും മംഗളമദ്ധ്യങ്ങളും മംഗളാന്തങ്ങളുമായ കാവ്യങ്ങൾ പ്രസിദ്ധിയെ പ്രാപിക്കുന്നു’ എന്ന അഭിയുക്തവചനം അനുസരിച്ചു തുഞ്ചത്തു ഗുരുക്കളെന്നു വിഖ്യാതനായ മഹാകവി രാമാനുജനെഴുത്തച്ഛൻ കർണ്ണപർവ്വം ആരംഭിക്കുന്നു. “ഹര! ഹര! ഹര!”—എന്നു, ഹര പദം പാപം ഹരിക്കുന്നവൻ, ലോകം മുഴുവനും ഹരിക്കുന്നവൻ (രുദ്രനായി നശിപ്പിക്കുന്നവൻ) മുതലായ അർത്ഥത്തിൽ ശ്രീപരമേശ്വരവാചിയാണു്. വിഷ്ണുസ്തുതികൊണ്ടു മററും ഇതരപർവ്വങ്ങൾ തുടങ്ങുമ്പോൾ ഇവിടെ ഹര! ഹര! മുതലായ ശിവസ്തുതി പ്രദോഷസമയത്തു കർണ്ണപർവ്വം ഉണ്ടാക്കിയതിനെ സൂചിപ്പിക്കുന്നുവെന്നു ചിലർ. പുരഹരൻ=ത്രിപുരസംഹാരി. മുര—[illegible]ദ=മുരനെന്ന അസുരന്റെ ശത്രുവായ ശ്രീകൃഷ്ണനാൽ നമിക്കപ്പെട്ട പദത്തോടുകൂടിയോവെ! ഭവ—ഹര!=ഭവം (സംസാരം) മൃതി ഇവയിൽനിന്നുമുള്ള ഭയത്തെ ഹരിക്കുന്നോവെ! സ്മരഹരൻ=മന്മഥശത്രു. മൃഡൻ=സ്തുത്യൻ. ഭവൻ=ഇവനിൽനിന്നും ഭവിക്കുന്നുവെന്ന അർത്ഥത്തിൽ ശിവനെ വചിക്കുന്നു. വൃഷധ്വജൻ=കാളകൊടിക്കൂറയായവൻ. വിഷാശനൻ=വിഷം ഭക്ഷിച്ചവൻ.

ആദ്യത്തേതു ലഘുവും പിന്നീടുള്ളതു ഗുരുവും ഇങ്ങനെ ഈരണ്ടക്ഷരമുള്ള ആറു ഗണം കൂടിയതു് ഒരു പാദം. പാദം മദ്ധ്യയതിയാൽ രണ്ടായിട്ടു മുറിയുന്നു. മുറിയുടെ

ആദ്യഗണം ആദിലഘുവും പിന്നീടു ഗുരുവുമായിരിക്കണം. എന്നാൽ അന്നനടയെന്ന ശീലായി. കർണ്ണപർവ്വത്തിൽ അന്നനടയാണ് ഉപയോഗിക്കപ്പെട്ടിരിക്കുന്നതു്.

'ലഘുപൂർവം ഗുരുപരമീമട്ടിൽ ദ്വ്യക്ഷരം ഗണം
ആറെണ്ണം, മദ്ധ്യയതിയാലർദ്ധിതം, മുറി രണ്ടിലും
ആരംഭേ നിയമം നിത്യമിതന്നനടയെന്നശീൽ'

വൃത്തമഞ്ജരി.

'മൂർഖശൌരീരെഴുത്താകും ചെവ്വോടീരാറുചീരിലെ
കൈവരും കർണ്ണപർവ്വത്തിൽകാണന്നനടയെന്നശീൽ'

കേരളകൌമുദി.

പാഹിമാം=മാം (എന്നെ) രക്ഷിച്ചാലും. വചനാ—രി=വചനാമൃതത്തിന്റെ സുഖകരമായ പാനത്തിൽ ഉള്ള സന്തോഷലഹരി. ശുകതരുണി—കാതെ=രാമായണം, ഭാരതം മുതലായവ എഴുത്തച്ഛൻ കിളിയെക്കൊണ്ടു പറയിക്കുകയാണ് ചെയ്യുന്നതു്. കിളിപ്പാട്ടിൽ കവിതയെഴുതാൻ താഴെ പറയുന്ന ഹേതുക്കൾ പ്രാചീനന്മാർ നിർദ്ദേശിക്കുന്നു.

(൧) അറം മുതലായ കവിതാദോഷങ്ങൾ കവിക്കുണ്ടാവുകയില്ല. (൨) പുരാണങ്ങൾ ശുകരൂപധാരിയായ ശുകബ്രഹ്മഷിയാൽ പ്രോക്തങ്ങളാണ്. (൩) വിദ്യാദേവതയായ സരസ്വതി ശുകത്തെ കൈയിൽ വെച്ചിട്ടുണ്ടു്. (൪) എഴുത്തച്ഛന്നു ഭഗവാൻ ശുകരൂപം ധരിച്ചു ജ്ഞാനം ഉപദേശിച്ചു. (൫) തമിഴ് ഭാഷയിലെ 'പൈങ്കിളിക്കണ്ണി' എന്ന വൃത്തത്തിന്റെ അനുകരണമാണിതു്. കേരളകൌമുദീകാരൻ പറയുന്നതും നോക്കുക. 'പൈങ്കിളിക്കണ്ണിയെ നോക്കിത്തങ്കിളിപ്പാട്ടു തുഞ്ചനും തങ്കലാണ്ടൊരു ശീലിത്താന്തങ്കമീരടി പാടിനാൻ!'—

ഈ വിധത്തിലാണെങ്കിൽ ഹംസപ്പാട്ട്, വരിവണ്ടിൻ പാട്ട്, കുറത്തിപ്പാട്ട്, കയിൽപ്പാട്ട് മുതലായ പാട്ടുകളുടെ ഉത്ഭവത്തിനും ഹേതു കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. വാസ്തവമാലോചിച്ചാൽ മധുരഗാനപ്രവീണങ്ങളായ ജീവികളെക്കൊണ്ടു പാടിച്ചാൽ ശ്രവണസുഖം ഉണ്ടാവുമെന്നുദ്ദേശിച്ച് ഇത്തരം പാട്ടുകൾ ചമക്കപ്പെട്ടുവെന്നേയുള്ളൂ. എഴുത്തച്ഛനാണു കിളിപ്പാട്ടിന്റെ ഉപജ്ഞാതാവെന്നു പറയുന്നതും സാധുവാണോ എന്നുമാലോചിക്കേണ്ടതാകുന്നു.

അഹ......ൻ=അഹം—ഞാൻ, അഹരഹം (ദിവസംതോറും) അഘം (പാപം) അകലുവാൻ; ഭരദ്വാജാത്മജൻ=ഭരദ്വാജന്റെ മകനായ ദ്രോണർ. ദിനകരസുതൻ=ദിനത്തെ-പകലിനെ ഉണ്ടാക്കുന്ന സൂര്യന്റെ പുത്രൻ കർണ്ണൻ) സഞ്ജയൻ=ധൃതരാഷ്ട്രരുടെ സാരഥിയാണ് കുരുപാണ്ഡവന്മാർ യോജിച്ചു കഴിയാൻ സഞ്ജയൻ യത്നിച്ചതു് നിഷ്ഫലമായി. ഭാരതസമരകഥ ജാത്യന്ധനായ ധൃതരാഷ്ട്രർക്കു സഞ്ജയനായിരുന്നു ചൊല്ലിക്കേൾപ്പിച്ചതു്. വിരയെ = വേഗത്തിൽ. ഗരളം= വിഷം. നല്ല='നൽ' എന്നചില ധാതുവിന്റെ അവധാരകഭാവിയിലെ രൂപം. മതിനയനൻ= ബുദ്ധികണ്ണായവൻ, കുരുടൻ. കളകൊന്നവരു= അവധാരണനിപാതമായ 'ഏ'യുടെ യോഗത്തിൽ ഭാവിക്കു 'ഉ' പ്രത്യയം. മറ=വേദം, മറ......താനും=വേദങ്ങൾ വിഭജിച്ച വേദവ്യാസർ. മറയവൻ= വേദം അറിയുന്നവൻ, ബ്രാഹ്മണൻ. കൌഷാരവി = ദ്രുപദന്റെ ഉപാദ്ധ്യായനായ മഹർഷിയെന്നു ചിലർ. മൈത്രേയനെന്നു വേറെചിലർ. പിതൃപിതാമഹസമനായുഃ ള്ളവ! = ഭീഷ്മാദികാൾ ആ തു

ല്യം നീ സംപൂജ്യനെന്നു ഭാവം. ചതി.....വെ! = എന്നാൽ ഭീഷ്മാദികൾക്കു 'ചോരരൊരിടത്തിൽ ക്രൂരരൊരിടത്തിൽ'—നീയോ അങ്ങനെയല്ലെന്നു സാരം. യുധിഷ്ഠിരൻ = യുധി (യുദ്ധത്തിൽ) സ്ഥിരനെന്നു പദാൎത്ഥം, ധൎമ്മപുത്രനെന്നു സാരം. ഒലി=ഒച്ച, നാനാൎത്ഥം ഗ്രഹിക്ക. ഉഷസി = പ്രാതഃകാലത്തിൽ. പതിനാ......സി =പതിനെട്ടുദിവസംകൊണ്ടു ഭാരതയുദ്ധം അവസാനിച്ചു, പതിനാറാംദിവസമാണു് കൎണ്ണൻ സേനാനായകനായതെന്നു ഗ്രഹിക്കുക. വസുമതിപതി=ഭൂപതി. മഹാവിഷ്ണു ഭൂമിയുടേയും നായകനാണല്ലോ. വസു-ധനം ഉള്ളതു വസുമതി (ഭൂമി) എന്നു പദാൎത്ഥം. സതാംപതി=സത്തുക്കളുടെ നായകൻ. ഹരി = വിഷ്ണു. സുരപതി=ദേവേന്ദ്രൻ. സ്വാഹാപതി=സ്വാഹയുടെ നായകൻ, അഗ്നി. സ്വാഹ അഗ്നിപത്നിയാണു്. യാദസാം=യാദസ്സുകളുടെ, ജലജന്തുക്കളുടെ (ഷഷ്ഠി). യാദസാംപതി=വരുണൻ. സദാഗതി = സദാ ഗതിയുള്ളകാററു്. നിധിപതി=കുബേരൻ. പശുപതി=പരമേശ്വരൻ, ഇന്ദ്രൻ തുടങ്ങിയ അഷ്ടദിക്പാലന്മാരുടെ നാഥനെന്നു സാരം. 'കരാഷ്ടകപതി' എന്ന പാഠത്തിനു ശരിയായ അൎത്ഥം ലഭിക്കാത്തതിനാൽ 'ദിഗഷ്ടകപതി'എന്നു പഠിച്ചു് മുൻപറഞ്ഞ എട്ടുദിക്കിന്റേം നാഥന്മാരെന്നു് അൎത്ഥംപറയണമെന്നു് ചിലർ. മമപതി=എന്റെ ഈശ്വരൻ, ഞാൻ കവിയെക്കുറിക്കുന്നു. മഖം=യാഗം. സുരപതിസുതരഥം=ഇന്ദ്രപുത്രനായ അൎജ്ജുനന്റെ രഥം. ഭാരതയുദ്ധത്തിൽ ശ്രീകൃഷ്ണൻ പാൎത്ഥസാരഥിയായി തേർതെളിച്ചിരുന്നു. വപുഷാ = ശരീരത്തോടുകൂടി. പുറപ്പെട്ടാരല്ലോ=പാണ്ഡവരെന്നു കൎത്താവു്.

മകരവ്യൂഹം = മകരമത്സ്യത്തിൻെറ ആകൃതിയിൽ സൈന്യത്തെ നിരത്തുക. മകര.........സഖി=മകരാകൃതിയിലുള്ള കുണ്ഡലം ധരിച്ചിട്ടുള്ള ശ്രീകൃഷ്ണൻെറ മിത്രം. സമാസാന്തത്തിൽ രാജസഖൻ, കൃഷ്ണസഖൻ, എന്നിപ്രകാരം സഖിപദം അകാരാന്തമായിട്ടാകുന്നു ശ്രവിക്കുക. കുഞ്ജരം=ആന. പദാന്ത്യത്തിൽ ഇതു ശ്രേഷ്ഠവാചിയാകുന്നു. അശ്വത്ഥാമാ=പ്രസിദ്ധവില്ലാളിയായ ദ്രോണാചാൎയ്യരുടെ പുത്രൻ. ശല്യർ=പാണ്ഡു പത്നിയായ മാദ്രിയുടെ സോദരനായതിനാൽ പാണ്ഡവരുടെ മാതുലനാണ്. പാണ്ഡവപക്ഷത്തിൽ ചേൎന്നു കൌരവന്മാരുമായി പൊരുതേണ്ടതാണെങ്കിലും ദുൎയ്യോധനന്റെ സമ്മാനം വാങ്ങിപ്പോയതിനാൽ ദുൎയ്യോധനപക്ഷത്തിൽ ചേൎന്നു യുദ്ധംചെയ്തു. ചിനം=കോപം. ധൃഷ്ടദ്യുമ്നൻ=പാഞ്ചാലിയുടെ സോദരൻ. ദ്രോണാചാൎയ്യവധത്തിനുവേണ്ടി ദ്രുപദൻ യാഗംചെയ്തുണ്ടായവൻ. കൃതവൎമ്മാവു്=ദുൎയ്യോധനപക്ഷത്തിലുള്ള ഒരു യോധൻ, ദുൎയ്യോധനശിഷ്യനാണ്. കൃഷ്ണൻെറ മന്ത്രിയുമായിരുന്നു. ശിഖണ്ഡി=സ്ത്രീയോ പുരുഷനോ അല്ലാതെയുള്ള ഒരാൾ; ഭീഷ്മസംഹാരത്തിനുവേണ്ടി ദ്രുപദന്റെ യാഗത്തിൽ ജനിച്ചു. വിഷധരധ്വജൻ=വിഷധരം—സൎപ്പം ധ്വജമായവൻ, ദുൎയ്യോധനൻ; ചെറുതു... കലൎന്നു=ഭീഷ്മദ്രോണാദികളുടെ തോൽവിയിൽ ദുൎയ്യോധനൻ മഹാബലനായ തന്നെ ആശ്രയിക്കുന്നതിനാലുണ്ടായ പുഞ്ചിരി. മണിമയ......വരൻ=പണ്ടു ദേവാസുരയുദ്ധത്തിൽ അൎജ്ജുനൻ ദേവേന്ദ്രനു സഹായമായി നിന്ന അവസരത്തിൽ ഇന്ദ്രൻ സന്തോഷിച്ചു് അൎജ്ജുനൻെറ ശിരസ്സിൽ പ്രഭയേറിയ ഒരു കിരീടം വെച്ചുവത്രെ. അൎജ്ജുനൻ തന്നിമിത്തം കിരീടി എന്നും പറയപ്പെടുന്നു. കൊടി

.....മാരുതി=അജ്ജുനന്റെ കൊടിയടയാളം ഹനുമാനായതിനാൽ 'കപിധ്വജൻ' ആയിത്തീൎന്നു. പരുത്ത...
......ഗ്നി=ബഹുഭോക്താവായ അഗ്നിക്കു തക്ഷകസാന്നിദ്ധ്യം നിമിത്തം ഖാണ്ഡവവനം ദഹിക്കാൻ വഹിയാതായി. ഖാണ്ഡവം ദഹിച്ചുതുടങ്ങിയാൽ തക്ഷകന്റെ മിത്രമായ ഇന്ദ്രൻ വൎഷിച്ചുതുടങ്ങും. തന്നിമിത്തം ഖാണ്ഡവദാഹത്തിനുവേണ്ടി അഗ്നി കൃഷ്ണാജ്ജുനന്മാരുടെ സഹായം അൎത്ഥിച്ചു. ശരമൊടുങ്ങാത്ത ആവനാഴിയും ഗാണ്ഡിവവില്ലും അന്നു അഗ്നി അജ്ജുനനുകൊടുക്കയുംചെയ്തു. (ഭാരതം സംഭവപൎവ്വംനോക്കുക) പര......ണ്ടല്ലൊ=പാണ്ഡവന്മാരുടെ വനവാസകാലത്തിൽ വേദവ്യാസന്റെ ഉപദേശത്താൽ അജ്ജുനൻ പശുപതിയായ ശ്രീപരമേശ്വരനെ ഭജിക്കയും ഭഗവാൻ കിരാതവേഷം പൂണ്ടു അജ്ജുനന്റെ ശക്തി പരീക്ഷിച്ച് പാശുപതാസ്ത്രം നൽകുകയും ചെയ്തു. (ആരണ്യപൎവ്വം നോക്കുക). വിജയൻ=ജയശീലനെന്നു പദാൎത്ഥം. യുദ്ധദുൎമ്മദന്മാരെജയിക്കാതെ നിവൎത്തിക്കാത്തതിനാൽ അജ്ജുനൻ വിജയനായി. പരശുരാമൻ
.......കിലും=ദ്രോണർ ബ്രഹ്മാസ്ത്രം ഉപദേശിച്ചുകൊടുക്കാത്തതിനാൽ കൎണ്ണൻ ബ്രാഹ്മണവേഷം ധരിച്ചു പരശുരാമനെ ഗുരുവായി വരിച്ചു അസ്ത്രവിദ്യ അഭ്യസിച്ചുതുടങ്ങി. കൎണ്ണന്റെ ഗുരുശുശ്രൂഷയിൽ പരശുരാമൻ സന്തുഷ്ടനായി. പരശുരാമൻ ഒരിക്കൽ കൎണ്ണന്റെ മടിയിൽ തലയുംവെച്ചു ഉറങ്ങിപ്പോയി. ആ അവസരത്തിൽ തന്റെ പുത്രന്റെ നന്മയെ കരുതി ദേവേന്ദ്രൻ ഒരു കീടമായി കൎണ്ണന്റെ തുടമേൽ കടിച്ചുതുടങ്ങി. കാലിളക്കിയാൽ ഗുരുവിനു നിദ്രാഭംഗമുണ്ടാകും. കൎണ്ണൻ മനക്കരുത്തോടുകൂടി സമ്മതിച്ചു. കാലിൽനിന്നും രക്തം പ്രവഹിച്ചു. ഗുരു

ഉണ്ടൻ. കണ്ണൻ ആരെന്നറിഞ്ഞു. തന്നെ ബ്രാഹ്മണനെന്നു വിശ്വസിപ്പിച്ചു കബളിപ്പിച്ചതിനാൽ വേണ്ടസമയത്തു ശസ്ത്രാസ്ത്രങ്ങൾ തോന്നാതെ ആകട്ടെ എന്ന് അദ്ദേഹം ശപിച്ചു. (ശാന്തിപർവ്വം നോക്കുക). വലരിപു=വലാസുരന്റെശത്രുവായ ദേവേന്ദ്രൻ. കുറയക്കണ്ടല്ല=അങ്ങേക്കു കുറവുണ്ടെന്നു വിചാരിച്ചല്ലെന്നു ഭാവം. 'കുറ'ധാതുവിൽ തൻവിനയെച്ചമുണ്ടാവാൻ 'ഏ' പ്രത്യയം ചേർത്താൽ 'കുറയെ' എന്നു രൂപം. പോന്ന=പോരുന്നു എന്ന ക്രിയയുടെ ഭൂതത്തിൽ പോന്നു എന്നു രൂപം 'അ' ചുട്ടെഴുത്തു ചേർത്തു 'പോന്ന' എന്ന പേരെച്ചം ഉണ്ടായി. പഞ്ചാഗ്നി =നാലുവശവും തീയും മുകളിൽ സൂര്യനും. വിബുധത്വം= ദേവത്വം. യോജന=എട്ടോ ഒൻപതോ മൈൽ ദൂരം. ഭുവർലോകം=ഭൂമിക്കു അടുത്തു മുകളിലായി സ്ഥിതിചെയ്യുന്ന ലോകം. ശതമഖൻ = നൂറു യാഗംചെയ്തുദേവേന്ദ്രനാവാൻ. ശതപത്രം — താമരപ്പൂ. പയഃ പയോധി=പാലാഴി. മാമല=മഹാ+മല. മാമരം, മാപാപം, മാലോകർ മുതലായ പദങ്ങളും നോക്കുക. ഭവ......ര= ഭവത്തിൽനിന്നും ഭവിക്കുന്നതും മൃതിയിൽനിന്നും ഭവിക്കുന്നതും ആയ ഭയത്തെ ഹരിക്കുന്നോവെ! ക്ഷോൻ=രാജാവ്. കാളപൃഷ്ഠം=കർണ്ണന്റെ വില്ല്.

കടിഞ്ഞുകഴിക്ക = ബുദ്ധിമുട്ടി-കഷ്ടപ്പെട്ടു കടക്കുക. കടിയുക=ബുദ്ധിമുട്ടുക. മൊഴിഞ്ഞാൻ=പറഞ്ഞു. അടയ=അടച്ച, മുഴുവനും; തൻവിനയെച്ചം. അലം=മതി. മുഹൂർത്തം=രണ്ടു മിന്നിട്ടുസമയം, ഇവിടെ അല്പനേരമെന്നർത്ഥം. മറി...മില്ല=നിന്റെ നാട്ടുകാരിൽ ഒരുവക്കും മറിവുകൾ (ചതിവുകൾ, കപടങ്ങൾ) ഇല്ലാതെഇല്ല. പൊടി......നെ=പ്രമേഹിതപാംസുലിതാഭ്രമരഗലഷിതന്ത്യോഹീന

ശോധനാഃ ശുദ്ധാ നാദ്ഭിർനമദ്ഭിശ്ച നിത്യോച്ഛിഷ്ടാ ഭവന്തി ഹി" എന്ന ഭാഗത്തിൻെറ തർജ്ജമയാണിതു്. മദ്ര രാജ്യത്തിൽ ദേഹശോധനചെയ്യുന്നതു് പൊടികൊണ്ടാണു്. ജലംകൊണ്ടല്ലെന്നു ഭാവം. വൃത്തികേടു് വ്യംഗ്യം. മഹിഷി=അഭിഷേകംചെയ്യപ്പെട്ട രാജസ്ത്രീ. ഇവിടെ പത്നിയെന്ന അർത്ഥത്തിൽ ഉപയോഗിക്കപ്പെട്ടിരിക്കുന്നു. ശല്യർ പ്രതിവചിക്കുന്നു—'മനസ്സിൽ തോന്നിയതിന്നിയും ....' എന്നു്. ഉളനായാൻ=ഉണ്ടായി. 'ഉള്' എന്നഖില ധാതുവിനോടുകൂടി 'അൻ' ചേർത്തുണ്ടായ പേരെച്ചം ഉളൻ; ഉളവായാനെന്നു പാഠാന്തരം. ഞെളി=ഞെളിവു്, അഹങ്കാരം. ഇളച്ച=കുറച്ചു, താഴ്ത്തി, മധുദ്വേഷി=മധുഹന്താവായ ശ്രീകൃഷ്ണൻ. നളിനം=താമര. മരുദരം=മരുത്തിൻെറ വേഗം. മരുത്തു=വായു. മരുവലർ=ശത്രുക്കൾ. സംശപ്തകന്മാർ=യുദ്ധത്തിൽനിന്നു നിയമം പിൻവാങ്ങുകയില്ലെന്നും പിന്തിരിഞ്ഞു ഓടുന്നവരെ തടഞ്ഞുനിറുത്തുമെന്നും ശപഥംചെയ്തിട്ടുള്ള യോദ്ധർ, സമ്യക്കായ ശപ്തത്തോടുകൂടിയവരെന്നു വിഗ്രഹം. പ്ളവഗപാളി=കുരങ്ങിൻകൂട്ടം. പ്ളവ (ചാട്ട)ത്തോടു ഗമിക്കുന്നതു പ്ളവഗമെന്നു നിരുക്തി. രാവണി=രാവണൻെറ പുത്രനായ ഇന്ദ്രജിത്തു്. കുലധർമ്മപ്രഥനം=ക്ഷത്രിയവംശധർമ്മത്തിൻെറ പ്രഥനം, (പ്രസിദ്ധപ്പെടുത്തൽ, പ്രദർശനം). കുലധർമ്മമായ യുദ്ധമെന്നുമാവാം. പിതൃ......കിൽ =ഈ വാക്യത്തിലുള്ള നിന്ദാരസം ഗ്രഹിക്കുക. പലവും =പല+ഉം. ലകാരോപരിയുള്ള അകാരം ഓഷ്ഠ്യമാകുന്നു. കുരകരചർ=കുരങ്ങുകളുടെ നായകന്മാർ. ഉടററ്=ഉർജ്ജിതം, ശക്തി. ഇടർ=ഇടർച്ച, ഇടിവു്. മിടമ=മി

ട്ടകൾ. പാത്ഥൻ മുടിഞ്ഞു...യ്യിൽ=കർണ്ണനെ താൻ കൊല്ലുന്നുണ്ടെന്നു അജ്ജുനൻ മുൻപിൽ സത്യംചെയ്തിട്ടുണ്ടു്. 'പോരായ്യ ചേപ്പ്തിനാളായ കർണ്ണനെ പോരിലെതിത്തു ധനഞ്ജയൻ കൊല്ലുക' എന്നു വസ്ത്രാപഹരണസമയത്തു ദ്രൗപദി ശാപവും നൽകിട്ടുണ്ടു്. വികത്തനാത്മജൻ=സൂയ്യപുത്രനായ യമൻ, കർണ്ണൻ എന്നും. നികൃത്തം=മുറിഞ്ഞതു്. കുലമല=കുലപർവ്വതം.

ഗളം=കഴുത്തു്. ഖരൻ=രാമായണപ്രസിദ്ധനായ ദണ്ഡകാരണ്യത്തിലെ രാക്ഷസൻ. ഗുരുതനയൻ=ദ്രോണപുത്രനായ അശ്വത്ഥാമാവു്. വരിഷ്ഠൻ=വരൻ, വരീയാൻ, വരിഷ്ഠൻ എന്നു ആതിശായന (degree) രൂപങ്ങൾ. അധിരണാൽ=യുദ്ധത്തിൽ, അധിരണമെന്നു മതിയാകും. നരൻ=അജ്ജുനൻ, നരനാരായണന്മാർ മഹാവിഷ്ണുതന്നെ ദ്വിധാ ശരീരമെടുത്തുണ്ടായവരാണെന്നു പുരാണങ്ങളിൽ പ്രസിദ്ധി, അവരുടെ അവതാരണമാണത്രെ കൃഷ്ണാജ്ജുനന്മാർ പെരിക......പാരം=വ്യാജസ്തുതി, അറിഞ്ഞിതുമതി=എന്റെ അവസ്ഥകൾ അറിഞ്ഞതു മതിയെന്നത്ഥം, അഥവാ നീ പറഞ്ഞതു അറിഞ്ഞിതു എന്നുമാവാം. അപനയം=നീതികേടു്, വഴിതെററൽ, നിരൂപണം=പര്യാലോചന.

ശതശൃംഗം=അജ്ജുനൻ പിറന്ന മല, കരത്തിൽ......പ്പാനായി='അന്യസ്മൈ ദേഹി ഗാണ്ഡീവമിതിമാം യഃ പ്രചോദയേൽ | ഭിന്ദ്യാമഹം തസ്യശിര ഇത്യുപാംശുവ്രതം മമ ||' എന്നു ഭാരതംമൂലം. ഗാണ്ഡീവം വില്ലു വേറൊരുവന്റെ കൈയിൽ കൊടുക്കണമെന്നു ആരെങ്കിലും പ്രചോദനചെയ്താൽ അജ്ജുനൻ അവന്റെ തല തല്ലിപ്പിള

മെന്നു രഹസ്യമായി ഉപദേശംചെയ്തിട്ടുണ്ടത്രെ. മററക്കാരമൊ സത്യം=മുൻപറഞ്ഞ അജ്ജുനൻെറ സത്യം. അരച... മണി=രാജവംശത്തിൻെറ മുടിയിൽ അണിയുന്ന രത്നം. വംശമാകുന്ന മുടിയെന്നത്ഥം പറയുക സാധുവാണൊ എന്നു ചിന്തിക്കണം. അരചർകൾ=അനാദരം സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന ബഹുവചനപ്രത്യയമാകുന്നു 'കൾ' ഗുരു=ആചാൎയ്യൻ, പിതാവു്, ജ്യേഷ്ഠൻ, പൂജ്യൻ എന്നിങ്ങനെ നാനാത്ഥങ്ങൾ. എന്നതു്=മമവചനം, ദുരിതവൻകടൽ=പാപമാകുന്ന മഹാസമുദ്രം. കടക്കൊല്ലാ......മ്പോൾ=സുദാരുണനായ ബലാകനെന്ന വ്യാധൻെറയും സത്യവചസ്സായ കൌശികദ്വിജൻെറയും കഥയും മററു പലധൎമ്മവാക്യങ്ങളും അടങ്ങിയ നാലുത്തഞ്ചോളം ശ്ലോകമാണു് എഴുത്തച്ഛൻ രണ്ടു ഈരടി കൊണ്ടു കുറിച്ചിട്ടുള്ളതു്. ഭഗവദ്ഗീത മുതലായ തത്വങ്ങൾ ഉപദേശിച്ചുകൊടുത്ത ശ്രീകൃഷ്ണൻ അജ്ജുനനു ഇനിയും ഉപദേശിച്ചുകൊടുക്കേണ്ടതായി വിചാരിക്കാത്തതിനാൽ എഴുത്തച്ഛൻ രത്നച്ചുരുക്കമായി ശ്രീകൃഷ്ണഭഗവാൻെറ കല്പനയെ മാത്രമെ കുറിച്ചിട്ടുള്ളു. സഹസ്രാ......തൻ=ആയിരം കണ്ണുള്ളോൻെറ (ഇന്ദ്രൻെറ) മകൻ, അജ്ജുനൻ, മഹിമാനം=മഹിമയെ, ദ്വി ഏ. മഹിമാ എന്നു പ്രഥമ, വടക്കു......'യ്യേൻ=രാജസൂയ യാഗം ഘോഷിക്കുമ്പോളെന്നു ഭാവം-അടുത്ത ഗന്ധവ......ന്നോൻ=വനവാസസമയത്തിൽ ദുൎയ്യോധനാദികളെ പിടിച്ചു കെട്ടിക്കൊണ്ടുപോയ ചിത്രരഥാദിഗന്ധൎവന്മാരെ ജയിച്ചതാണു് ഇവിടെ സൂചിപ്പിക്കുന്നതു്. ഇനതനയൻ=സൂൎയ്യപുത്രൻ, ഹര......തി=ഹരൻ, ബ്രഹ്മാവു്, ശതമഖൻ തുടങ്ങിയ ദേവന്മാർ മുതലായവരുടെ

നായകൻ. കൃഷ്ണാതുകിൽ = കൃഷ്ണയുടെ—ദ്രൗപദിയുടെ വസ്ത്രം. ഹരി... ...യൻ=ഹരിയോടു—കൃഷ്ണനോടുകൂടിയ ഹരിഹയന്റെ — ദേവേന്ദ്രന്റെ (പച്ചക്കുതിരകളുള്ളവനെന്നർത്ഥം) പുത്രൻ, കൃഷ്ണനോടുകൂടിയ അർജ്ജുനനെന്നു സാരം. ഹരിനവാജി...രി=വെള്ളക്കുതിരകളുടെ പന്തികൊണ്ടു ശോഭിക്കുന്ന രഥത്തിന്റെ മുകളിൽ. ഹരിദശാത്മജൻ = ഹരിദശ്വന്റെ മകൻ-കർണ്ണൻ, ഹരിത് പദത്തിനു ദിക്ക്, കുതിര, മഞ്ഞൾ മുതലായ അർത്ഥം കാണുന്നു. സൂര്യന്റെ കുതിരകൾ മഞ്ഞനിറത്തിലായതുകൊണ്ടോ എന്തോ അവക്കു 'ഹരിത്ത്' എന്നു പേർ. കുനുകുനെ, നനുനനെ, മുതലായ ശബ്ദങ്ങളുടെ ആവൃത്തിയിലുള്ള സ്വാരസ്യം ധരിക്ക. നവനവരസം=പുതുതായ ശൃംഗാരാദി ഒമ്പതു രസങ്ങൾ, തിരുമറുമാറും-'ശ്രീവത്സം' എന്ന മറുവോടുകൂടിയ മാറ്, 'തിരു' ബഹുമാനവാചിയാകുന്നു. നിറന്ന=ഭംഗിയുള്ള, നിറക്കുന്ന, പാർത്ഥസാരഥിയുടെ ഈ വർണ്ണന ഹൃദിസ്ഥമാക്കേണ്ടതാണ്. ഇടർ=ദുഃഖം, മധുരേശൻ=മധുരാധിപതിയായ കൃഷ്ണൻ, ഇവിടത്തെ മധുര ഉത്തരഇൻഡ്യയിലേതാകുന്നു. ഞാന്നിനദം =ഞാണൊലി, വരമിഴിയാൾ=ശ്രേഷ്ഠമായ-സുന്ദരമായ കണ്ണോടുകൂടിയവൾ. തിരണ്ട=കൂടിവരുന്ന കംപാകെട്ടുക =ഇതു ഒരുവക ഗുസ്തിയാണു്. പട്ടിയെപ്പോലെ ചാടുകയാണെന്നു ചിലർ; ഉരഃത്തോടു=ഊക്കോടെ, ശക്തിയോടുകൂടി. ഉരസ്സ്=മാറ്. കാൺകടവ്=കാൺക+അടവ്, പൂർവപദത്തിന്റെ അന്ത്യസ്വരത്തിനു ലോപം. തുടുതുട......ടിയും = തുടുതുട മതലായവ അനുകരണശബ്ദങ്ങളാകുന്നു. മുതിർത്തിതു=രക്തം കുടിച്ചുകുടിച്ചു നാവു തിമിർത്തുവെന്നർത്ഥം. അരചൻ = ധർമ്മജനെ കുറിക്കുന്നു.

കുടൽ+മാല=കുടർമാല. സന്ധിയിൽ ലകാരത്തിന്ന രേഫം. തരണിബിംബം=സൂര്യബിംബം. അതു വരുന്നാകിലനന്തരം...ഭാസ്കരതനയനീ=ശല്യർ കർണ്ണനെ പരിഹസിച്ചാലും കാര്യകാലത്തു കർണ്ണനെ ചൊടിപ്പിച്ചു ധൈര്യപ്പെടുത്തുന്നതു നോക്കുക. ഉരവേറും=ചൊൽകേട്ട. അരുവയർ=സുന്ദരികൾ. തമിഴഭാഷയിൽ ഇരുപതുമുതൽ ഇരുപത്തഞ്ചുവരെ വയസ്സു പ്രായം ചെന്ന വനിതാസുന്ദരിയെ 'അരിവൈ' എന്ന വാക്കു കുറിക്കുന്നു. അരുവയർ........കിയും=പോരിൽ മരിക്കുന്ന ആളുകളെ വരിക്കാനും ആശ്ലേഷിക്കാനും ആകാശത്തിൽ സുരസുന്ദരികൾ വരണമാലയുമായി കാത്തിരിക്കുമത്രെ. വീരർ മരിക്കുന്നോരുടെ........ഭാസ്കരൻ=യോഗികൾ സമാധിപ്രാപിക്കുമ്പോൾ മൂർദ്ധാവു പൊട്ടി ജീവൻ സൂര്യമണ്ഡലവും ഭേദിച്ചു സ്വർഗ്ഗലോകത്തു ചെല്ലുന്നതുപോലെ പോർവീരന്മാർ പടയിൽ മരിക്കുമ്പോൾ ജീവൻ സൂര്യമണ്ഡലം ഭേദിച്ചു ചെല്ലുമെന്നു പ്രസിദ്ധി. കല്പാന്തദഹനൻ=കല്പാന്തകാലത്തിലെ അഗ്നി. പ്രളയകാല........ഖി=പ്രളയകാലത്തിന്നു അനുഗുണമായ മരുത്തിനാൽ അനുഗതമായ ഘനാഘനത്തിന്നു നിഭമായ കളേബരത്തോടുകൂടിയവന്റെ സഖാവ്. ഘനാഘനം=മേഘം. കളേബരം=ദേഹം. കല്പാന്തകാലത്തിലെ കാററു തട്ടിച്ചെല്ലുന്ന മേഘംപോലെ ഇരുണ്ട ശരീരത്തോടുകൂടിയ—കാർവർണ്ണനായ—കൃഷ്ണന്റെ സഖാവ്. ശരമയാസാരം=ശരമയമായ ഇടവിടാതെയുള്ള മഴ. പ്ളാവനകരന്മാർ=പ്ളാവനം ചെയ്യുന്നവർ. നനയ്ക്കുന്നവർ. ഫൽഗുനൻ=ഫാൽഗുന—മീന—മാസത്തിൽ ജനിച്ചതിനാൽ അർജ്ജുനന്നു ഈ പേരു കിട്ടി. കലശസംഭവതനയൻ=ദ്രോണപുത്ര

നായ അശ്വത്ഥാമാവു്, ദ്രോണർ കലശ—കട-ത്തിൽ നിന്നും സംഭവിച്ചവനത്രെ.

ഉടപ്പം=ഉടമ, ബന്ധുത്വം. പാവകശരം=അഗ്നി ദേവതയായ അമ്പു്. അതതു ദേവതകളെ മന്ത്രംകൊണ്ടു അഭിമന്ത്രിച്ചു ബാണം അയക്കുമ്പോൾ ആ ദേവതകൊണ്ടുള്ള ഉപദ്രവം ശത്രുപക്ഷത്തിന്നുണ്ടാകുന്നു. ശത്രുപക്ഷത്തിലുള്ളവർ പ്രത്യസ്ത്രംകൊണ്ടു പ്രതിവിധി ചെയ്യില്ലെങ്കിൽ ആ അസ്ത്രം അവരെ നശിപ്പിക്കും. അൎജ്ജുനൻ പാവകാസ്ത്രമയച്ചപ്പോൾ കൎണ്ണപക്ഷത്തിലുള്ളവൎക്കു തീകൊണ്ടുണ്ടാകുന്നതുപോലെ അസഹ്യമായ ചൂടുണ്ടായി. കൎണ്ണൻ വരുണദേവതയായ പ്രത്യസ്ത്രം അയച്ചു പാവകാസ്ത്രശക്തിയെ നശിപ്പിച്ചു. പാൎജ്ജന്യം=മേഘം ദേവതയായ അസ്ത്രം. വായവ്യം=വായു ദേവതയായതു്. കാററുകൊണ്ടു മേഘം ഛിന്നഭിന്നമാകുന്നതു ഊഹിക്കുക. പിഴക്കും അപ്=കൎണ്ണിന്നു നേരെ അയക്കുന്നതുകൊണ്ടെന്നു ഭാവം. ജ്വലിച്ചിതു........ക്കും=മഹാപ്രഭാവമായ നാഗാസ്ത്രം അൎജ്ജുനനെ അന്തം അണച്ചാലൊ എന്നു ഹൃദയം വെന്തുതുടങ്ങിയെന്നൎത്ഥം. അശ്വസേനൻ=തക്ഷകന്റെ പുത്രനാണു്. ഖാണ്ഡവദാഹത്തിൽ രക്ഷപ്പെടാൻ മാൎഗ്ഗമില്ലാതെ അശ്വസേനനെ മാതാവു ഉള്ളിലാക്കി ഓടിത്തുടങ്ങിയതുകണ്ടു അൎജ്ജുനൻ നാഗമാതാവിന്റെ ശിരസ്സു് ഛേദിച്ചുകളഞ്ഞുവെങ്കിലും അശ്വസേനൻ മാത്രം രക്ഷപ്പെട്ടു. പ്രതികാരപരനായി അശ്വസേനൻ അൎജ്ജുനനെ നശിപ്പിക്കുന്നുണ്ടെന്നു പ്രതിജ്ഞയുംചെയ്തു. അവൻ ദുൎയ്യോധനന്റെ കൊടിയടയാളവുമായി. ഗുരുശാപം=പരശുരാമശാപം. ഒരു ബ്രാഹ്മണന്റെ ഹോമധേനുവിനെ അസ്ത്രവിദ്യ പയററുമ്പോൾ കൎണ്ണൻ വധിച്ചുപോയതിന്നാൽ

യുദ്ധസമയത്തു തേരുരുള മണ്ണിൽ താണുപോകമെന്നു കർണ്ണൻ ശപിക്കപ്പെട്ടതും സ്മരിക്കുക. അനുജൻ=അജ്ജുനൻ കർണ്ണന്റെ അനുജനാണെന്നുള്ളതു ഓർമ്മിക്കുക. ദേഹി=ജീവൻ. പുടപുഴങ്ങുമാറ്=കണ്ണുപുടം പൊടിയുമാറ്, ശമം=മനഃശാന്തി, ദമം=അടക്കം, രാഗദ്വേഷാദികളെ അടക്കുക. യമം=അഹിംസ, സത്യവചനം, ബ്രഹ്മചര്യം, അസ്തേയം, പാപമില്ലായ്മ മുതലായ ധർമ്മങ്ങൾ; അഥവാ മനസ്സിനെ കീഴടക്കുക. ചലവിമുഖം=നിശ്ചലം, സ്ഥിരം.

ശന്തനു മക്കളില്ലാതെ മരിച്ചില്ല. നിത്യബ്രഹ്മചാരിയും സ്വഛന്ദമൃത്യുവുമായ ഭീഷ്മർ ഗംഗാദേവിയിൽ ശന്തനുവിനുണ്ടായ മകൻ. ചിത്രാംഗദനും വിചിത്രവീര്യനും സത്യവതിയിൽ ശന്തനുവിനു ജനിച്ച പുത്രന്മാർ. ഭീഷ്മർ നിത്യബ്രഹ്മചാരി; ചിത്രാംഗദനും വിചിത്രവീര്യനും സന്തതിയില്ലാതെ മരിച്ചു. ചന്ദ്രവംശം നശിക്കും; സത്യവതി വിഷമിച്ചു; സ്വപുത്രനായ വേദവ്യാസരെ സ്മരിച്ചു. വേദവ്യാസർ സ്വമാതാവായ സത്യവതിയലല്ല (ശാന്തം! പാപം!) വിചിത്രവീര്യന്റെ—സത്യവതിയുടെ പുത്രന്റെ—സ്വഭ്രാതാവിന്റെ—ഭാര്യമാരിൽ അന്നത്തെ നടപ്പനുസരിച്ചു ധൃതരാഷ്ട്രാദികളെ ജനിപ്പിച്ചു. "ദേവരാൽ സുതോല്പത്തിഃ" എന്നു സ്മൃതി.

പാർത്ഥസാരഥിവണ്ണനം, ഭീമദുശ്ശാസനയുദ്ധം, കർണ്ണന്റെ പോരു്, അജ്ജുനയുധിഷ്ഠിരന്മാരുടെ പിണക്കം, ശല്യവചനം മുതലായവ കർണ്ണപർവ്വത്തിൽ ശ്രദ്ധാർഹമാകുന്നു.

—:o:—

X1
J. 83.

# വിജ്ഞാപനം.

| | രൂ. | ണ. | പൈ. |
|---|---|---|---|
| കേരളഭാഷാസാഹിത്യചരിത്രം 1-ാംഭാഗം | 2 | 0 | 0 |
| ടി 2-ാംഭാഗം | 2 | 8 | 0 |
| എഴുത്തച്ഛൻ | 1 | 0 | 0 |
| അമൃതവല്ലി | 1 | 0 | 0 |
| സുകേശിനി | 0 | 12 | 0 |
| ഇരുപത്തിനാലുവൃത്തം വ്യാഖ്യാനസഹിതം | 1 | 0 | 0 |
| രാധാമണി 1-ാംഭാഗം. (ശാരദാപുരത്തിലെ ഘോരസംഭവങ്ങൾ) | 1 | 0 | 0 |
| ടി 2-ാംഭാഗം | 1 | 4 | 0 |
| അംശുമതി | 1 | 0 | 0 |
| ചന്ദ്രലേഖ | 1 | 0 | 0 |
| അനരദഗോൽക്കഷം | 0 | 8 | 0 |
| ഹൈന്ദവനാട്യശാസ്ത്രം | 0 | 6 | 0 |
| ദക്ഷയാഗം കഥകളി സാരാർത്ഥവിദ്യോതിനി | 0 | 8 | 0 |
| അംബരീഷചരിതം ടി | 0 | 6 | 0 |
| ഉത്തരാസ്വയംബരം ടി | 0 | 8 | 0 |
| രുഗ്മിണീസ്വയംബരം ടി | 0 | 8 | 0 |
| കിരാതം തുള്ളൽ വ്യാഖ്യാനസഹിതം | 0 | 6 | 0 |
| തുളസീദാസചരിത്രം കേരളഭാഷാഗാനം | 0 | 8 | 0 |

അപേക്ഷിയ്ക്കേണ്ടും മേൽവിലാസം.

പി. ഗോവിന്ദപ്പിള്ള.
വി. വി. ബുക്കഡിപ്പോ
ശാല, തിരുവനന്തപുരം.

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
|---|---|---|
| | | |

DC Library
*00004217*
T61 E39

T61
E39
T61
E39